[Shri V. R. Krishna Iyer]

the disturbed area and he is also going to that particular place Vadanapally with some Hindu Leaders and more Muslim Leaders to see what he could do. The Superintendent of Police saw Shri Kelappan and Shri Bafaqi Tangal yesterday, so that in case of any agreed solution suitable executive action could be taken. Shri Kelappan who has come for this purpose is at Trichur today, and I have asked the D. S. P. to contact both the Leaders and to proceed to the disturbed area and to make proper police deployments to see that those break the law do not get away with it at a premium. So, on the popular side, the Muslim Leaders and the Sarvodaya Leader and the other people interested in the Malabar area have all come down and they are moving into this disturbed area, and on the police side, as I said, effective precautionary and prosecution measures have been taken. The situation is not so tense as to create any panic for us. Nevertheless it is an unfortunate situation. We have, in Kerala, an unfortunate trend to fan up communalism. But I hope this will not swell into a conflagration. With the valuable services rendered by the Government Officers, the Leaders of the various political parties, Leaders of the two communities and Leaders above communities — all of them attempting ardently—it is hoped to bring about a peaceful atmosphere in that area. That is all I have to say by way of factual information.

Further discussion into the details, as to how many Hindus and how many Muslims were involved, would aggravate the situation and I request the House to desist from pursuing the matter.

Mr Speaker: In view of the statement of the Minister which covers the subject matter of the adjournment motion also, I do not give my consent to the adjournment motion.

ii. Sea erosion in Connanore

There is a reply due from the P. W. Minister to the Rule 66 notice of Shri P. M. Kunhiraman Nambiar.

ശ്രീ. പി. അബ്ദുറഹ്മാൻ : സർ, കണ്ണൂരിലെ ചില ഭാഗങ്ങളിൽ കടലാക്രമണം നടന്നതായി അറിഞ്ഞിരിക്കുകയാണ്. അതിനെ തടയാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ ചില സ്ഥലങ്ങളിൽ നടന്നുവരുന്നുണ്ട്. ഇന്നലെ റൂൾ 66 അനുസരിച്ച് ഇവിടെ സൂചിപ്പിച്ച ഭാഗത്തും, ടൂറിസ്റ്റ് ഹോസിന്റെ മുൻവശത്തും കടലാക്രമണം ഉള്ളതായിട്ടറിയാം. അതിനെ തടയാൻ വേണ്ട നടപടിയെടുക്കാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്.

The Third Report of the Committee on Government Assurances.

Shri K. K. Viswanathan: Sir, I present the third report of the Committee on Government Assurances, 1959.

The Kerala Education Rules, 1959—(*Contd.*)

Mr. Speaker: Yesterday, we were at Rule 15, Chapter IV. The Minister will now reply to the amendments which stand moved.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : സർ, ഇന്നലെ ശ്രീ. ടി. സി. നാരായണൻ നമ്പ്യാരുടെ ഒരു ഭേദഗതിയുടെ ഡിസ്കഷൻ സംബന്ധിച്ച് ഞാൻ ഒരു ചോദ്യം ചോദിക്കാൻ ആശിച്ചിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ അതിനു സമയം അനുവദിച്ചില്ല. ആ ഭേദഗതിയെ എതിർക്കാൻ എനിക്ക് അവസരം തരണമെന്നാണ് എന്റെ അപേക്ഷ. അല്ലെങ്കിൽ അതിനെപ്പറ്റി ഒരു ചോദ്യം ചോദിക്കാനുള്ള സമയം അനുവദിക്കണം.

മി. സ്പീക്കർ : സമയം കുറെക്കൂടി ലാഭിക്കാൻ വേണ്ടി അങ്ങനെ കരുതിപോയതാണ്; ബഹുമാനപ്പെട്ട മെമ്പർക്ക് ചോദ്യം ചോദിക്കാം.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ആ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഇന്നു വിദ്യാർത്ഥികളുടെ ഇടയിലും, അധ്യാപകരുടെ ഇടയിലും വ്യത്യസ്ത രാഷ്ട്രീയകക്ഷിയിൽപ്പെട്ടവർ നേതൃത്വം വഹിക്കുന്നുണ്ട്. അങ്ങനെ അവരുടെ സംഘടനകളും വ്യത്യസ്തസംഘടനകളുടെ നേതൃത്വത്തിലാണ് ഇന്നു പ്രവർത്തിച്ചുവരുന്നതു്. ആ നിലയ്ക്കു സ്റ്റാഫ്യോഗങ്ങളിലും മറ്റും, അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും അഭിപ്രായങ്ങൾ വിഭിന്നങ്ങളായി പ്രകടിപ്പിക്കാനും അവരുടെ ഇടയിൽ പ്രത്യേകരീതിയിലുള്ള സ്വഭാവങ്ങൾ വളർത്താനും ഇടയാകുകയും അതുവഴി വിദ്യാർത്ഥിസംഘടനകളുടെ ആവശ്യങ്ങൾ അനുവദിച്ചുകൊടുക്കുമ്പോൾ രാഷ്ട്രീയപരിഗണനവച്ചു വിവേചനം കാണിക്കാനിടയില്ലേ ?

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : വിദ്യാലയങ്ങളിൽ വ്യത്യസ്തങ്ങളായ സംഘടനകളും, അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഇടയിൽ ഉണ്ടായിരുന്നാലും, അവരുടെ അഭിപ്രായവ്യത്യാസങ്ങൾ തീർക്കാനുള്ള രംഗങ്ങളായിട്ട് വിദ്യാലയങ്ങൾ അനുഭവപ്പെടുത്തിയിരുന്നു. അധ്യാപകരുടെ ഔദ്യോഗികമായ വളർച്ചയ്ക്കും, വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരമായ ഉയർച്ചയ്ക്കും വേണ്ടി ഇത്തരം സംഘടനകൾ പ്രവർത്തിക്കുകയല്ലാതെ മറ്റു തരത്തിൽ വിവേചനാപരമായ ഒരു നിലപാടു് സ്വീകരിക്കാൻ ഈ നാട്ടിലെ പ്രബുദ്ധരായ അധ്യാപകരും, വിദ്യാർത്ഥികളും, രക്ഷകർത്താക്കളും അവസരം ഉണ്ടാക്കുകയില്ലെന്നാണ് എന്റെ വിശ്വാസം.

ശ്രീ. എം. നാരായണക്കുറുപ്പ് : സ്റ്റാഫ് കൗൺസിലിനെപ്പറ്റി ഇതിൽ എവിടെയെങ്കിലും പറയുന്നുണ്ടോ ?

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഉണ്ട്.

Shri Joseph Mundasseri : I accept the amendments of Shri M. Kumaran, Shri T. A. Thomman, amendments of Shri P. T. Chacko to delete sub-rule (2) and sub-rule (3). Shri T. C. Narayanan Nambiar's amendment can be accepted in the following form :

In Chapter IV, rule 15(3) the following explanation shall be added:—

"*Explanation*:—Nothing in this rule shall prevent a Headmaster from permitting the teachers and students' organisations for holding meetings in school buildings or premises and using school properties for the same in consultation with the staff council, if any."

The amendment of Shri George Joseph was put and lost.

The amendments of Shri E. P. Poulose were put and lost

LIBRARY ARCHIVES Kerala Legislative Assembly

The amendment of Shri K. M. George was put and lost.

The amendment of Shri P. T. Chacko was withdrawn.

The amendments of Shri C. A. Mathew were withdrawn.

The amendment of Shri P. M. Kunhiraman Nambiar was withdrawn.

The amendment of Shri Kallianakrishnan Nair was withdrawn.

The amendment of Shri P. T. Chacko was put and lost.

The amendments of Shri Ponnara G. Sreedhar were put and lost.

The amendment of Shri M. Kumaran viz.,

In Chapter IV, rule 15(1), line 14, for the words "for any non-political purposes" substitute the words "for any other purposes".

was put and carried.

The amendment of Shri T. A. Thomman, viz.,

In Chapter IV, rule 15(1) delete the last sentence, namely

"In no case shall the use of such building, play-ground, or vacant site be given for political meetings".

was put and carried.

The amendment of Shri M. Narayana Kurup was withdrawn

The amendment of Shri M. C. Abraham was put and lost.

The amendment of Shri T. C. Narayanan Nambiar to sub-rule (2) was withdrawn.

The amendment of Shri Hassan Gani was withdrawn.

The amendment of Shri P. T. Chacko viz.,

In Chapter IV, rule 15, sub-rule (2) shall be deleted,

was put and carried.

The amendment of Shri P. T. Chacko viz.,

In Chapter IV, rule 15(3) the rest of the sentence after the words "approved by the Government" shall be deleted,

was put and carried.

The amendment of Shri C. A. Mathew was withdrawn.

The following modified amendment of Shri T. C. Narayanan Nambiar was put and carried:

In Chapter IV, rule 15(3) the following explanation shall be added :—

"*Explanation*:—Nothing in this rule shall prevent a Headmaster from permitting the teachers and students' organisations for holding meetings in school buildings or premises and using school properties for the same in consultation with the staff council, if any".

Shri P. T. Chacko : Sir, I demand a poll.

A poll was taken when the House divided as follows:

LIBRARY ARCHIVES Kerala Legislative Assembly

Ayes—53.

1 Shri Abdul Majeed
2 „ C. Achutha Menon
3 „ C. C. Ayyappan
4 „ P. Balachandra Menon
5 „ K. A. Balan
6 „ N. E. Balaram
7 „ K. Bhargavan
8 „ P. Bhaskaran Nair
9 „ Thoppil Bhaskaran Pillai
10 „ E. Chandrasekharan Nair
11 „ P. K. Chathan
12 „ K. C. George
13 „ E. P. Gopalan
14 „ P. Gopalan
15 „ K. P. Gopalan
16 „ E. Gopalakrishna Menon
17 „ K. P. R. Gopalan Nambiar
18 Smt. K. R. Gouri
19 Shri Govindan
20 „ K. Govindankutty Menon
21 „ P. Govinda Pillai
22 „ R. Janardanan Nair
23 „ Joseph Mundasseri
24 „ A. M. Kaliyana-krishnan Nair
25 „ Kallalan
26 „ C. H. Kanaran
27 „ C. Kannan
28 Shri G. Karthikeyan
29 „ K. Karunakaran
30 „ M. K. Kelu
31 „ P. K. Koru
32 „ R. Krishnan
33 „ K. Krishna Menon
34 „ V. R. Krishna Iyer
35 „ M. Kumaran
36 „ E. T. Kunhan
37 „ P. V. Kunhunni Nayar
38 „ P. K. Kunjachan
39 „ P. R. Madhavan Pillai
40 „ C. K. Narayanan Kutty
41 „ T. C. Narayanan Nambiar
42 „ N. Neelakantaru Pandarathil
43 „ G. Padmanabhan Tampi
44 „ R. Prakasam
45 „ N. Rajagopalan Nair
46 „ T. K. Ramakrishnan
47 „ A. K. Ra..ankutty
48 „ P. Ravindran
49 Smt. Rosamma Punnoose
50 Shri C. G. Sadasivan
51 „ E. M. S. Namboodiri-pad
52 „ N. Sivan Pillai
53 „ R. Sugathan

LIBRARY ARCHIVES Kerala Legislative Assembly

Noes—38

1	Shri	K. C. Abraham	20	Shri	Joseph Chazhikatt
2	,,	M. C. Abraham	21	,,	Joseph (George)
3	,,	K. S. Achuthan	22	,,	K. Kochukuttan
4	,,	M. P. M. Ahamad Kurikkal	23	,,	P. Kumaran
5	,,	Alexander Parambithara	24	,,	Kunhambu Kallayan
6	,,	M. A. Antony	25	,,	P. M. Kunhiraman Nambiar
7	,,	K. Avukkaderkutty Naha	26	,,	A. Kunjukrishnan
8	,,	A. Bala Gopalan	27	Smt.	Kusumom Joseph
9	,,	T. O. Bava	28	Shri	Madura
10	,,	P. T. Chacko	29	,,	M. M. Mathai
11	,,	K. Chandrasekharan	30	,,	C. A. Mathew
12	,,	K. Eacharan	31	,,	K. Moideenkutty Haji
13	,,	N. Ganapathy	32	,,	M. Narayana Kurup
14	,,	K. M. George	33	,,	R. Raghava Menon
15	,,	Gopalankutty Nair	34	,,	P. Ramunny Kurup
16	,,	K. Gopinatha Pillai	35	,,	Ponnara G. Sreedhar
17	,,	K. Hassan Gani	36	,,	K. T. Thomas
18	,,	Idiculla	37	,,	T. A. Thomman
19	,,	P. M. Joseph	38	,,	K. K. Viswanathan

Neutrals—Nil.

The amendment was declared carried.

Shri P. T. Chacko: I move:

'In Chapter IV B clause 16 (1) (i) delete the proviso'. I also move:

'In Chapter IV B Clause 16 (1) (ii) delete (a)'

ഇതിലെ 16-ാം വകുപ്പിലെ ഒന്നാം സബ്‌സെക്ഷനിലെ ഒന്നും, രണ്ടും ഭേദഗതികളും ആവശ്യമില്ലാത്തതാണ്. ഇതിലെ രണ്ടാം ഭാഗം വീണ്ടും രാഷ്ട്രീയ കാര്യങ്ങളെപ്പറ്റിയാണ് പറയുന്നത്. 15-ാമത്തെ സെക്ഷനിലുണ്ടായ തീരുമാനത്തിന്റെ വെളിച്ചത്തിൽ 16-ലെ (1), (2) ഈ രണ്ടുവകുപ്പുകളും ആവശ്യമില്ല. ഒന്നാമത്തേത് എന്നെ ഞാൻ പറഞ്ഞത്, അതിലെ പ്രൊവൈസോയെപ്പറ്റിയാണ്. അതു് ആവശ്യമില്ലാത്തതാണ്. സ്റ്റേറ്റിനു കെട്ടിടം ഇന്നപ്പോൾ കൊടുക്കണം എന്നു തീരുമാനിച്ചുകഴിഞ്ഞാൽ അതിന്റെ റെന്റ് വാങ്ങിക്കുവാനുള്ള അവകാശം മാനേജർക്ക് കൊടുക്കുകയാണ് നല്ലതു്. ഒരു പ്രൈവറ്റ് വിദ്യാലയം ഏതെങ്കിലും കാര്യത്തിന് വിട്ടുകൊടുക്കുന്നപക്ഷം അതിന്റെ റെന്റ് നിശ്ചയിക്കുവാൻ ഗവണ്മെന്റിനു കാര്യമാണുമില്ല. രണ്ടാമത്തേതു് തീരെ ആവശ്യമില്ല. രാഷ്ട്രീയകാര്യങ്ങളൊന്നും അതിൽ പറയരുതെന്നാണ് പറയുന്നതു്. അതു് നേരത്തെതന്നെ സമ്മതിച്ചിട്ടുള്ളതാണ്. അതുകൊണ്ട് അതും ആവശ്യമില്ല.

Shri Joseph Mundasseri: I accept both the amendments.

The amendments were put and carried.

LIBRARY ARCHIVES Kerala Legislative Assembly

Shri Moideenkutty Haji : Sir, I move :

In Chapter IV B Clause 16 (2) after the words "either by the Government or by the local body" add "or by a Registered Co-operative Institution".

ഈ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നതു്, മലബാറിൽ 15-ം, 20-ം അംശങ്ങൾ അടങ്ങിയപ്രദേശങ്ങൾ ഉൾപ്പെട്ടുന്ന കോവാപ്പറേറീവു് സൊസൈറ്റികൾ എലക്ഷൻ നടത്തുന്നുണ്ടു്. ഗവണ്മെന്റു് സ്കൂളുകളും, പ്രൈവറ്റു് സ്കൂളുകളും ഇവയുടെ എലക്ഷൻ കാര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ടു്. അതുകൊണ്ടു് രജിസ്റ്റേഡു് കോവാപ്പറേറീവു് സൊസൈറ്റികൾക്കും എലക്ഷൻ നടത്തുന്നതിനുള്ള സന്ദർഭങ്ങളിൽ ഈ സ്കൂളുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള അവസരം ഉണ്ടാക്കികൊടുക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : സ്കൂൾ ബിൽഡിംഗുകൾ ഗവണ്മെന്റു് നടത്തുന്ന പൊതുതെരഞ്ഞെടുപ്പുകൾക്കും, ലോക്കൽബാഡിസു് നടത്തുന്ന പൊതുതെരഞ്ഞെടുപ്പുകൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്നതു് ആവശ്യമാണു്. എന്നാൽ കോവാപ്പറേറീവു് സൊസൈറ്റികൾ എന്നു പറയുന്നതു് പ്രൈവറ്റു് ബാഡികളാണു്. അവയുടെ തെരഞ്ഞെടുപ്പിനായി സ്കൂളുകൾ വിട്ടുകൊടുക്കുക എന്നു പറഞ്ഞാൽ, സ്കൂളിനു് അവധി കൊടുക്കേണ്ടിവരും. ഇതു് എങ്ങനെയാണു് നിർവഹിക്കുന്നതെന്നു മനസ്സിലായില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: 22 അംശങ്ങളിൽപ്പെട്ട പ്രദേശങ്ങൾ അടങ്ങിയ ഒരു രജിസ്റ്റേഡു് കോവാപ്പറേറീവു് സൊസൈറ്റിയുടെ പ്രസിഡണ്ടാണു് ഞാൻ. 22 അംശത്തിൽനിന്നുമാണു് ഈ സൊസൈറ്റിക്കുള്ള എലക്ഷൻ നടത്തുന്നതു്. ഓരോ അംശത്തിലും പെട്ടിവെച്ചു് തെരഞ്ഞെടുപ്പു നടത്തുന്ന സംപ്രദായമാണുള്ളതു്. അതിലേക്കു് ഇന്നും ഗവണ്മെന്റു് സ്കൂളുകളും, പ്രൈവറ്റു് സ്കൂളുകളും ഉപയോഗിച്ചുവരുന്നുണ്ടു്. ഡിപ്പാർട്ടുമെന്റിനു് അപേക്ഷിക്കുകയും, അവർ അതു് അനുവദിക്കുകയും ചെയ്യാറുണ്ടു്. ഞാൻ മലബാറിലെ കാര്യമാണു് പറഞ്ഞതു്. ഒരു പക്ഷെ, സ്കൂളുകൾക്കു് അവധി കൊടുത്തിരുന്നാൽ തന്നെയും, അതിനു് കാമ്പൻ സേറ്റീരിയായിട്ടു് പിന്നെയൊരു ദിവസം സ്കൂൾ നടത്തും. അപ്രകാരവും ഈ പ്രദേശങ്ങളിൽ ഉണ്ടോ എന്നു നിശ്ചയമില്ല. മുമ്പു് അനുവദിച്ചിരുന്ന ഈ ആനുകൂല്യം തുടർന്നു ലഭിക്കണമെന്നാണു് ഈ ഭേദഗതിയുടെ ഉദ്ദേശം.

ശ്രീ. പി. ഗോവിന്ദപ്പിള്ള : ഇവർ ഇപ്പോൾ പാസായിട്ടുള്ള റൂൾ 15 (1) അനുസരിച്ചുതന്നെ ഈ അനുവാദം കിട്ടാൻ വിഷമമില്ല. അതുകൊണ്ടു് ഇങ്ങനെയൊരു ചട്ടത്തിന്റെ ആവശ്യമില്ല.

Shri Joseph Mundassery : In the light of the facts presented by my friend Shri Govinda Pillai, I am not able to accept the amendment.

The amendment was put and lost.

Shri C. A. Mathew : I move :

"In Chapter IV C Rule 17, delete sub-rule (2).

സർ, റൂൾ നമ്പർ 17-ം, 18-ം, മതപഠനത്തെയും, ഈശ്വരാരാധനയെയും, കുറെ ഏറെ നിയന്ത്രിക്കുന്നവകുപ്പുകളാണു്. റൂൾ 17-നെ സംബന്ധിച്ചിടത്തോളം അതിലെ 1-ാം ഉപവകുപ്പിൽ വിദ്യാർത്ഥികളെ നിർബന്ധിച്ചു ഏതെങ്കിലും മതപഠനത്തിനു പ്രേരിപ്പിക്കരുതെന്നുള്ള വ്യവസ്ഥയാണു് ഉൾക്കൊള്ളുന്നതു്. അതുപോലെ 18 (2)-ാം റൂളിലും അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളവും ആ ഒരു നിയന്ത്രണം ചെലുത്തുന്നുണ്ടു്. ഒരു മതേതര രാഷ്ട്രത്തിൽ ഏതെങ്കിലും വിദ്യാർത്ഥിയുടെയോ, അദ്ധ്യാപകന്റെയോമേൽ മതം പഠിപ്പിക്കുന്ന കാര്യത്തിൽ നിയന്ത്രണം ചെലുത്തുന്നതു വകവച്ചുകൊടുക്കാം. പക്ഷെ 17 (2)-ാം റൂളിൽ മതപഠനത്തെയും, ഈശ്വരാരാധനയേയും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എ. മാത്യു]

നിരുത്സാഹപ്പെടുത്തുന്ന വകുപ്പുകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നാണ് എന്റെ അഭിപ്രായം. സ്കൂൾകെട്ടിടത്തിൽ മതപഠനവും, ഈശ്വരാരാധനയും നടത്തുന്നതിനെ ഈ വകുപ്പു നിയന്ത്രിക്കുന്നുണ്ട്.

"Schools not to be used as Prayer Houses or as places of public worship"

എന്നാണ് ഇതിന്റെ ഹെഡിംഗിൽതന്നെ പറഞ്ഞിട്ടുള്ളത്. രണ്ടാം ഉപവകുപ്പും വായിച്ചുനോക്കിയാൽ ഈശ്വരാരാധനയും, മതപഠനവും നടത്തുന്നസ്ഥലത്തു സ്കൂൾകൂടി നടത്തിക്കൂടാ എന്നു പറഞ്ഞിട്ടുള്ളതായി കാണാം. 18 (i) c-യിൽ "The institutions shall not be used as a means of fostering one religion at the expense of others and the principles of strict religious neutrality are maintained" എന്നു ചേർത്തിരിക്കുന്നു.

ഇതെല്ലാം വായിച്ചുനോക്കുമ്പോൾ സ്കൂൾനടത്തുന്നസ്ഥലത്തും, പരിസരങ്ങളിലും മതപഠനവും, ഈശ്വരാരാധനയും പാടില്ലാ എന്ന വിവക്ഷിച്ചിരിക്കുന്നതായിട്ടാണ് തോന്നുന്നതു്. അതുകൊണ്ടു് ഈ വകുപ്പുകൊണ്ടു് മതപഠനത്തേയും, അതുപോലെതന്നെ ഈശ്വരാരാധനയേയും നിയന്ത്രിക്കുവാൻ ഇടയുണ്ടെന്നുള്ളതു നമുക്കു കാണാവുന്നതാണു്. 23-11-1936-നു ശേഷമുള്ള സ്കൂളുകളെ സംബന്ധിച്ചിടത്തോളമാണു് ഈ നിയന്ത്രണം ഉള്ളതു്. അതിനുമുമ്പുള്ള സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഈ വ്യവസ്ഥ ഉപേക്ഷിച്ചിരിക്കുകയാണു്. ആ തീയതിക്കു് ഏതെങ്കിലും പ്രത്യേകചട്ടങ്ങൾ ഉണ്ടാക്കിയതായിരിക്കാം അതിനു കാരണം. മോണാസ്ടറിയിൽ നടത്തുന്ന സ്കൂളുകളുടെ അടുത്തു ചാപ്പൽ മുതലായവ ഉണ്ടാക്കി അവിടെ മതപഠനത്തിനു സൗകര്യം ഏർപ്പെടുത്തുക വളരെ സാധാരണമാണു്. അങ്ങനെയുള്ള പ്രദേശത്തു മതപഠനത്തിനും, ഈശ്വരാരാധനയ്ക്കും സൗകര്യങ്ങൾ ഉണ്ടായിക്കൂടാ എന്നു വ്യവസ്ഥചെയ്തു കഴിഞ്ഞാൽ ഇന്നത്തെ നിലയിൽ നോക്കിൽ സ്കൂൾ നിലനിർത്തണം അല്ലെങ്കിൽ ഈശ്വരാരാധനയ്ക്കും, മതപഠനത്തിനും ഉള്ള സ്ഥലം സ്കൂൾ പരിസരത്തിൽ നിന്നു മാറ്റിയെടുക്കണം എന്നു വന്നുകൂടുന്നുണ്ടു്. ന്യൂനപക്ഷസമുദായങ്ങളായ ക്രിസ്ത്യാനികളേയും, മുസ്ലീങ്ങളേയും സംബന്ധിച്ചിടത്തോളം അവർ സ്കൂൾ തുടങ്ങുന്നതു പ്രത്യേകിച്ചു മതപഠനത്തിന്റെ സൗകര്യംകൂടി ഉദ്ദേശിച്ചുകൊണ്ടാണു്. അതായതു്, അവരുടെ മതത്തിൽപ്പെട്ട കുട്ടികൾക്കെല്ലാം മതപഠനത്തിനും ഈശ്വരാരാധനയ്ക്കും വേണ്ട സൗകര്യം അവരുടെ സ്കൂളുകളിൽ ഉണ്ടാക്കി കൊടുക്കുന്നതാണു്. അങ്ങനെയുള്ള സൗകര്യം ഏതെങ്കിലും സ്കൂളിൽ ഉണ്ടാക്കി കൊടുക്കുകയാണെങ്കിൽ അതു സ്കൂൾ നടത്തിപ്പിനുതന്നെ തടസ്സമായിവരും എന്നുള്ള നിലയിൽ വ്യവസ്ഥകൾ കൊള്ളിക്കുന്നതു ശരിയല്ല.

ശ്രീ. ഏ. എം. കല്യാണകൃഷ്ണൻനായർ: ഉച്ചഭോജനിയിൽനിന്നും മാറ്റം ഉപയോഗിച്ചു പലപ്പോഴും ഈശ്വരാരാധനയും, മതാധ്യയനവും നടത്തുന്നതു അതു സ്കൂളിലെ അധ്യയനത്തെ ബാധിക്കുകയില്ലേ?

ശ്രീ. സി. എ. മാത്യു: സ്കൂൾ സമയത്തിനുള്ളിൽ അതുപോലെയുള്ള നടപടികൾ ഒരിക്കലും ചെയ്യാറില്ല. ഉച്ചഭോജനിയും മാറ്റം ഉപയോഗിച്ചുള്ള മതപഠനം എല്ലാദിവസവും ചെയ്യുകയില്ല. വളരെ വിശേഷപ്പെട്ട ദിവസത്തിൽ മാത്രം ചെയ്യുന്ന ഒരേർപ്പാടാണതു്. അതുകൊണ്ടു് ഉച്ചഭോജനി ഉപയോഗിക്കുന്നതുമൂലം അധ്യയനത്തിനു വിഘ്നമുണ്ടാകുകയില്ല.

ശ്രീ. ഏ. എം. കല്യാണകൃഷ്ണൻനായർ: സ്കൂൾദിവസം ഉച്ചഭോജനിഉപയോഗിച്ചു മതപഠനം നടത്തുവാൻ പാടില്ലെന്നു പറയുന്നുണ്ടോ?

ശ്രീ. സി. എ. മാത്യു: സ്കൂൾ കെട്ടിടത്തിനുള്ളിൽ ഈശ്വരാരാധനയ്ക്കും, മതപഠനത്തിനും വേണ്ടി പ്രത്യേകസ്ഥലം ഒഴിച്ചിടുക എന്നുള്ളതു സാധാരണമാണു്. വിദ്യാഭ്യാസ ആക്ടിനെസംബന്ധിച്ചുള്ള സ്കൂളിന്റെ നിർവചനത്തിൽ ഈ സ്ഥലവുംകൂടി ഉൾപ്പെടുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Prayer and worship can be conducted except during school hours.

ശ്രീ. സി. എ. മാത്യു : ഉർവ്വ്യാഖ്യാനം ചെയ്യുവാൻ വേണ്ടി കഴിച്ചുണ്ടാക്കാൻ പാടില്ലാത്ത ഒരു വകുപ്പാണിതു്. കുഴപ്പം ഉണ്ടാക്കുന്നതിനു ഈ വകുപ്പു ഉപയോഗിക്കുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടാണു് ഇതു എടുത്തുകളയണമെന്നു ഞാൻ പറയുന്നതു്.

Shri P. T. Chacko: Sir, I am opposing the entire rule. Sub-rule 1 is harmless. But Sir, that rule is not necessary because, sub-rule (1) is a copy of an article of Constitution. Article 28 (3) is copied as sub rule 1. Here is Article 28 (3)

"No person attending any educational institution recognised by the State or receiving aid out of State funds shall be required to take part in any religious instruction that may be imparted in such institution or to attend any religious worship that may be conducted in such institution or in any premises attached thereto unless such person or, if such person is a minor, his guardian has given his consent thereto".

Since this is a constitutional provision even if it is not included in any rule or any Act, it will be in force. Nobody can violate this provision of the Constitution. So sub rule (1) is unnecessary.

Then regarding sub-rule (2)

"Schools shall not under any circumstances be held in churches or places of public worship or prayer houses. This rule does not, however, apply to schools held in prayer houses or other places of public worship prior to 23-11-1936 in the erstwhile Travancore area. These schools may continue to be held in those buildings on the following conditions...."

I cannot agree to these. It is not because I want schools to be run in churches or in places of public worship but because of the mischievous definition you have given for the word 'school'.

According to the definition here, "School" includes
9 A.M.] the land. In the land where a school building is situated, if the school belongs to a Christian denomination, there will be a chapel or a place of public worship. Sir, every minority, every denomination is entitled to have such chapels and places of public worship in the land in which a school building is erected. If that is not allowed, according to me, any provision not allowing the chapel or place of public worship in the premises of a school will be contravening Art. 30 (1) because any denomination has a right to conduct schools of their own choice. Therefore, sub-rule (2), according to me, contravenes Art. 30 (1) of the Constitution and it is impracticable also. A secondary school may have 3 acres of land and in the 3 acres of land, if that school is a minority school conducted by the Christian denomination, they will want to have a chapel for the use of the students there. There is no reason why that should be objected to. My friend, Mr. Mathew, was

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

explaining it. Some of my friends on the other side were saying that during out-of-school hour prayers can be conducted. It is not so. Sub-rule (2) reads "Schools shall not under any circumstances be held in Churches or places of Public worship or prayer houses". Therefore, reading that sentence along with the definition of 'school' in the Act....

ശ്രീ. എം. നാരായണക്കുറുപ്പ്: ഒരു സംശയം, ഈ ഡഫനിക്ഷൻ അഫ് സ്കൂൾസിൽ ലാൻറ്" എന്നു പറയുന്നതു് അതിൻറെ പൈസറും" എന്നർത്ഥമുണ്ടോ?

It means the land pertaining to or the site on which the school stands. Does it mean the whole holding?

ശ്രീ. പി. ടി. ചാക്കോ: ഈ സ്കൂളിൻറെ പൈസറിൽതന്നെ ചാപ്പലും ഉണ്ടു്. ഇനി ഉണ്ടാകുന്ന സ്കൂളുകൾക്കും അതാവശ്യമാണു്.

There is no harm in having a chapel in the school site for the use of the students who are prepared to go and worship there or to conduct prayer there. I do not want that this should be disallowed by a rule.

Then again, Sir, I am afraid the rule is not in comfirmity with the provisions of the Act. Where is the provision in the Act which permits such a rule? This rule which does not allow a prayer house in the school premises is ultra vires of the Act also. So, sub-rule (2) is unnecessary; unconstitutional and ultra vires of the Act itself.

Therefore, sub-rule (1) is unnecessary, because it is a reproduction of a constitutional provision; sub-rule (2) is unnecessary, because it goes against constitutional provision So, I hope the Minister may agree to the deletion of this rule. There is no harm in deleting that rule, because there is the constitutional provision imposed for whatever provision that is necessary.

Mr. Speaker: Shri George, you can move your amendment.

ശ്രീ. കെ. എം. ജോർജ്ജ്: ഞാൻ മുഴുവൻ ക്ലാസും ഒഴിവാക്കുന്നു. സർ, ഈ 17-ാം റൂളിലെ ഒന്നാം ഉപവകുപ്പും മരണഘട്ടനയിൽ എഴുതി ചേർത്തിട്ടുള്ള വകുപ്പിൻറെ ഒരു കോപ്പിയാണു്. രണ്ടാം ഉപവകുപ്പും, അതു മരണഘട്ടനയ്ക്കു കടകവിരുദ്ധമാണു്. ഉപവകുപ്പു രണ്ടു (ബി)-ൽ പറയുന്നതു വിദ്യാലയങ്ങളിൽ പ്രാർത്ഥനയോ മതാരാധനയോ നടത്തുന്നതിനു് അനുവദിക്കുന്നുണ്ടു്, എന്നാൽ മതാരാധനയെങ്കിലുമോ ഒരു മൈനോറിറ്റിയെങ്കിലുമോ ആരേയും നിർബ്ബന്ധിക്കാൻ നിവർത്തിയില്ലാ എന്നാണു്. കാരണം സ്റ്റേറഫണ്ടിൽനിന്നും അവരെ സഹായിക്കുന്നുണ്ടു്.

"Even out of school hours they may be used only for the purpose of prayer or public worship and not for religious propaganda".....

അപ്പോൾ മരണഘട്ടനയിൽ പറയുന്നതിനേക്കാൾ ഈ ഒരു വകുപ്പിലേക്കു നാം കുറച്ചുകൂടി മുന്നോട്ടു കടന്നുപോകുന്നുണ്ടു്. അതാവശ്യമില്ലാത്തതാണു്. അതാവശ്യമില്ലാത്ത വഴക്കിനും കുഴപ്പങ്ങൾക്കും ഇടയാകും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇതിനകത്തു പറഞ്ഞിരിക്കുന്നതു് They should not be used "for religious propaganda of a controversial nature calculated to produce ill-feeling and strife between members of different religions, denominations, or sects, or for Proselitization". That is all what is stated.

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള : ആ വകുപ്പു് ഒഴിവാക്കുകയാണു് ചെയ്യേക്കാം.

ശ്രീ. കെ. എം. ജോർജു് : രാജ്യത്തു പ്രത്യേകം അന്തരീക്ഷം ഉള്ള അവസരത്തിൽ ഈ ഒരു ഉപവകുപ്പു് തെറ്റിദ്ധാരണാജനകമാണു്. സംശയമുണ്ടാക്കുന്നതാണു്. അതു് യാതൊരാവശ്യവുമുള്ള വകുപ്പല്ല. മനസ്സുള്ള കുട്ടികൾ അതു നടത്തുകയില്ല. ഇതു് തലമുറകളായി നടന്നുവരുന്നതാണു്. അതിൽ ഒരു ഗവർമ്മെന്റും ഇടപെടേണ്ട ആവശ്യവുമില്ല. ഭരണഘടനയിൽ തന്നെ അതു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് ഇതിൽ ചേർത്തിരിക്കുന്ന രണ്ടാമത്തെ ഉപവകുപ്പു് അനാവശ്യമാണു്. അതംഗീകരിക്കാൻ നിവൃത്തിയില്ല. പാടെ ഈ വകുപ്പിലുള്ള ഉപവകുപ്പുകളെല്ലാം അസ്ഥാനത്താണു്, അനാവശ്യമാണു്. അതു കുഴപ്പത്തിനുമാത്രമേ വഴി തെളിക്കുകയുള്ളു. അതുകൊണ്ടു് മാറേണ്ടതാണു്.

ശ്രീ. ടി. എ. തൊമ്മൻ : ഭരണഘടനയിലെ 28 (3) ഒരു രൂളിംപ്രകാരം ഇതിൽ ചേർക്കുക എന്നുള്ളതു് ശരിയല്ല. കാൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻ അനുസരിച്ചു്

Mr. Speaker: You may proceed with other points, as that point has been adverted to.

ശ്രീ. ടി. എ. തൊമ്മൻ: രണ്ടാമതായിട്ടു പറയാനുള്ളതു് ഇവിടെ വായിച്ചു, ചില സ്കൂളുകളിൽ ചില കണ്ടിഷൻസ് അനുസരിച്ചു് പ്രാർത്ഥന നടത്തുന്നതിനു വിരോധമില്ല എന്നു്.

"Schools shall not under any circumstances be held in Churches or places of public worship or prayer houses." അതാണു് നിയമം. എന്നാൽ 23-11-1936-നു മുമ്പുള്ള ചില സ്കൂളുകളെ സംബന്ധിച്ചിടത്തോളം താഴെ വിവരിക്കുന്ന ചില വ്യവസ്ഥകളനുസരിച്ചു് പ്രാർത്ഥനാലയങ്ങളും തുടരാം എന്നാണു് പറഞ്ഞിരിക്കുന്നതു്:—

"This rule does not, however, apply to schools held in prayer houses or other places of public worship prior to 23-11-19.6 in the erstwhile Travancore area. These schools may continue to be held in those buildings on the following conditions (a), (b) and (c)." അതുകൊണ്ടു് 23-11-36-നു മുമ്പുള്ള സ്കൂളുകൾക്കു മാത്രമാണു് ഈ കൺസഷൻ പറഞ്ഞിരിക്കുന്നതു്. ഇപ്പോഴുള്ള സ്കൂളുകളിൽ യാതൊരുവിധത്തിലും അതു നടത്തിക്കൂടാ എന്നാണു്.

മി. സ്പീക്കർ : അങ്ങനെയല്ല പറഞ്ഞിരിക്കുന്നതു്. പ്രാർത്ഥനാലയങ്ങളിൽ പള്ളിക്കൂടം നടത്തരുതെന്നാണു്.

ശ്രീ. ടി. എ. തൊമ്മൻ : 17-ാം റൂളിന്റെ തലക്കെട്ടു് "Schools not to be used as prayer houses or places of public worship." എന്നാണു്. പ്രോസ്ലിറ്റൈസേഷനും പ്രാപ്പഗേഷനും ഭരണഘടനാവിരുദ്ധമാണെന്നു പറയുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : കാൺടോവേഴ്സ്യലായിട്ടുള്ള റിലിജിയസ് പ്രാപ്പഗേഷൻ ചെയ്യരുതെന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. ടി. എ. തൊമ്മൻ : അങ്ങനെയല്ല. ഞാൻ വായിക്കാം.

[Shri T. A. Thomman]

Art. 25(1) "Subject to public order, morality and health and to the other provisions of this Part, all persons are equally entitled to freedom of conscience and the right freely to profess practise and propagate religion".

ശ്രീ. പി. ടി. ചാക്കോ : 23-11-1936-ന ശേഷമുള്ള സ്കൂൾകാര പ്രോസ് ലിറ്റൈസേഷനും പ്രാപ്പഗാൻഡയും നടത്തുന്നുണ്ട്. അതു പ്രാപ്പഗേഷൻ ആഫ് റിലിജിയൻ ആണ്. അതു ഫൻഡമെൻറൽ റൈറ്റിൽപ്പെട്ടതാണ്. അതു വ്യവസ്ഥക്ക് വിരുദ്ധമായിട്ടു വ്യവസ്ഥചെയ്യുന്നതു ശരിയല്ലാ.

ശ്രീ. കെ. ഭാർഗ്ഗവൻ : അതു ഫണ്ടമെൻറൽ റൈറ്റിനു വിരുദ്ധമല്ലേ ?

Mr. Speaker : He did not say so; what he said was that it is a fundamental right of a citizen to proselitize.

Shri K. Bhargavan : Is that to be exercised in a school?

Shri T. A Thomman : It is a fundamental right to be exercised in sea, on land, in air and everywhere — of course under certain limitation.

Mr. Speaker : Yes, you may continue.

ശ്രീ. ടി. എ. തൊമ്മൻ: സർ, അതു നിലയ്ക്കു ഫൻഡമെൻറൽ റൈറ്റ്സിനെതിരായി ഈ റൂളുകൾ ഉണ്ടാക്കി വെയ്ക്കുന്നതിന്റെ ഉദ്ദേശം ഈ നിയമം നടപ്പിൽ വരുത്തണമെന്നു ഈ മന്ത്രിമാർക്കോ ഗവണ്മെൻറിനോ ഉദ്ദേശമില്ല എന്നുള്ളതാണെന്നു തോന്നുന്നു. കാരണം, ഈ ആക്ട് എന്നുമുതൽ നടപ്പിൽ വരുത്തുമെന്നു പറഞ്ഞിട്ടില്ല. ഇതിന്റെ ഉദ്ദേശം ഇതൊരു ഡെമോക്ലസിന്റെ വാളുപോലെ അങ്ങനെ കിടക്കണമെന്നാണ്. മാത്രമല്ലാ, ഇതിന്റെ ഉദ്ദേശം എന്താണെന്നുവച്ചാൽ ഈ മാതിരി നിയമവും റൂളുകളും പാസ്സാക്കിക്കഴിഞ്ഞാൽ ഇതിനെതിരായി കോടതികളും ഹൈക്കോടതിയും രക്ഷനേടുന്നതിനായി ജനങ്ങൾ പോകുമെന്നുള്ളതുകൊണ്ട് അതെല്ലാം കഴിഞ്ഞു പിന്നീടു നടപ്പിലാക്കാമെന്നാണ്. ഭരണഘടനയ്ക്കു വിരുദ്ധമായിട്ടുള്ള പ്രൊവിഷൻ ഒക്കെ മാറ്റീട്ട് ഇതു കൊണ്ടുവരാമായിരുന്നു. അതുപോലെ ഭരണഘടന കാപ്പി ചെയ്തു ഈ റൂളിൽ ചേർക്കുക എന്നുവച്ചാൽ എന്തു കഷ്ടമാണു സർ. ഈ റൂൾ അപ്പാടെ മാറ്റണമെന്നതുകൊണ്ട് യാതൊരു കുഴപ്പവും വരാനില്ല.

ശ്രീ പൊന്നറ ജി. ശ്രീധർ : സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾ തന്നെ കൂടി എടുത്തുപറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്ക് ഇതിൽ പ്രത്യേകിച്ച് പറയാനുള്ളതു ഈ റൂളിൽ എഴുതിച്ചേർത്തിരിക്കുന്ന വകുപ്പുകൾ രാജ്യത്തു എന്തെന്നില്ലാത്ത കുഴപ്പങ്ങൾ ഉണ്ടാക്കുക മാത്രമാണോ, ഇതു ഗവണ്മെൻറിന്റെ ഉദ്ദേശമെന്നു അറിയണ്ടതാണ് എന്നാണ് റിലിജിയസ്. ഇൻസ്റ്റിറ്റ്യൂഷൻസിൽ പള്ളിക്കൂടം പാടില്ലാ, മതപഠനം പാടില്ലാ എന്ന് ഈ റൂളിൽ എഴുതിവച്ചിരിക്കുന്നു. അങ്ങനെ എഴുതിവയ്ക്കാൻ പാടില്ലാ. മി ചാക്കോ പറഞ്ഞതുപോലെ ഇതൊന്നുമല്ല, ഇവരുടെ ഉദ്ദേശം. സർ, ഞങ്ങളുടെ ഈ പ്രദേശങ്ങളിൽ ഗണപതിപ്രതിഷ്ഠ എന്നൊരേർപ്പാടുണ്ട്, ചതുർത്ഥി ദിവസം ഉരുട്ടി അതിൽ പൂവുംവച്ച് അതു ഗണപതിയാണെന്നു സങ്കല്പിച്ച് വയ്ക്കും. അതു സ്കൂൾ കുമിന്റെ ഒരു മൂലയ്ക്കു വച്ചിരിക്കും. അപ്പോൾ ആ സ്ഥലം ഒരു പ്ലേസ് ആഫ് പബ്ലിക്ക് വർഷിപ്പായി. അതുപോലെ നാളെ അവിടെ ഒരു പുണ്യവാളന്റെ പടംവച്ചു പൂജിച്ചാൽ അതും ഒരു പ്ലേസ് ആഫ് പബ്ലിക്ക് വർഷിപ്പായി. അതല്ല ഒരു കല്ലുവച്ചു പൂജിച്ചാൽ അതു ഒരു കാരണം എന്നുപറഞ്ഞു എല്ലാവരും അതു പ്ലേസ് ആഫ് റിലിജിയസ് ആൻഡ് പബ്ലിക് വർഷിപ്പ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന പറയും. ഇതൊക്കെ പാടില്ലാ എന്ന പറഞ്ഞാൽ അതിൽക്കൂടുതൽ അബദ്ധം വേറെ ഒന്നുമില്ല. റിലിജിയസ് ഇൻസ്ട്രിറ്റ്യൂഷൻസിൽ പള്ളിക്കൂടം പാടില്ലാ, മതപഠനം പാടില്ലാ എന്നിങ്ങനെ വാസ്തവത്തിൽ ഈ അവസരത്തിൽ എഴുതിവയ്ക്കുന്നതു് സംബന്ധമാണു്.

മി. സ്പീക്കർ : സ്കൂൾ സമയത്തു പാടില്ലാ എന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ : സർ, പായിൻറ് ഓഫ് ആർഡർ: ഞാൻ ഒരു പായിൻറ് ഓഫ് ആർഡർ ഉന്നയിക്കേണ്ടിവന്നതു് ഇതിനെസംബന്ധിച്ചിടത്തോളം അങ്ങയുടെ ഒബ്സർവേഷൻ തെറ്റിദ്ധാരണയുണ്ടാക്കാൻ ഇടയായതുകൊണ്ടാണു്. സ്കൂൾ സമയത്തിനു പുറത്തു്, സ്കൂളിനകത്തുവച്ചു് പ്രാർത്ഥനാമന്ദിരം നടത്താം എന്നാണു് അങ്ങു പറയുന്നതു്. അങ്ങു് അതു തെറ്റിദ്ധരിപ്പിക്കുകയാണു്. 23-11-1936-നു മുൻപുള്ള സ്കൂളുകളിൽ ഇതാകാമെന്നു പറയുന്നുണ്ടു്. ഇതു് അവത്തിച്ചാവത്തിച്ചു പറഞ്ഞു് സഭയെ തെറ്റിദ്ധരിപ്പിക്കരുതു്. ഈ വകുപ്പു് വളരെ വ്യക്തമാണു്.

"(2) Schools shall not under any circumstances be held in Churches or places of public worship or prayer houses. This rule does not, however, apply to schools held in prayer houses or other places of public worship prior to 23-11-1936 in the erstwhile Travancore area. These schools may continue to be held in those buildings on the following conditions:—

(a) The buildings referred to should not be used as prayer houses or places of public worship except out of school hours.

(b) Even out of school hours they may be used only for the purpose of prayer or public worship and not for religious propaganda" ഇതിൽ പറഞ്ഞിട്ടുള്ളതു് "This rule does not however apply to schools held in prayer houses or other places of public worship prior to 23-11-1936....." എന്നാണു്. 23-11-1936-നു ശേഷമുള്ള തിരുവിതാംകൂറിലെ വിദ്യാലയങ്ങളിലാണു് സ്കൂൾ സമയത്തിനു പുറത്തു് അതാകാമെന്നു പറയുന്നതു്. അങ്ങു് പറഞ്ഞതു് അങ്ങനെയല്ല.

മി. സ്പീക്കർ : ഞാൻ പറഞ്ഞതു് അങ്ങനെയല്ല. പക്ഷേ തെറ്റിദ്ധരിപ്പിക്കാൻ ഞാൻ ഒന്നും പറഞ്ഞില്ല.

ശ്രീ. പി. ടി. ചാക്കോ : ഏതായാലും ഫലം അതാണു്.

ശ്രീ പൊന്നറ ജി. ശ്രീധർ : ഇന്നത്തെ നിലയിൽ നോക്കിയാൽ ഏതു പാഠപുസ്തകങ്ങളും നോക്കിയാലും മതപരമായ കഥകളും മറ്റും കാണാൻ കഴിയും. നബി, ശ്രീയേശു, ശ്രീരാമൻ എന്നിങ്ങനെ പലരുടേയും കഥകൾ പാഠപുസ്തകങ്ങളിൽ കാണാറുണ്ടു്. അതൊന്നും പഠിപ്പിക്കാൻ പാടില്ലെന്നു വ്യവസ്ഥചെയ്യാമോ? പിന്നെ എന്താണു് സ്കൂളുകളിൽ പഠിപ്പിക്കേണ്ടതു്? ഏവർക്കും അഭിമതവും, വേദാന്തവും മായാമയ ഇത്തരം നിർവ്വചനങ്ങളിൽ പെട്ടതാവു എന്ന അത്രയുമെങ്കിലും സൂക്ഷ്മമായി പറയാൻ സാധിക്കുമോ? ഏതായാലും ഇതിൽ എഴുതിപ്പിടിപ്പിച്ചിരിക്കുന്നതു് വളരെ അബദ്ധമാണെന്നുമാത്രമേ പറയാൻ നിവൃത്തിയുള്ളു. മതപരമായ കാര്യങ്ങളൊന്നും സ്കൂളുകളിൽ പഠിപ്പിക്കുവാൻ പാടില്ലെന്നു് നിയമം എഴുതിവച്ചാൽ, ഇന്നത്തെ പാഠപുസ്തകങ്ങളിൽ എഴുതിപ്പിടിപ്പിച്ചിട്ടുള്ളവ മതപരങ്ങളാണെന്നു പറഞ്ഞു പിറ്റേദിവസം അതിനെ നിയന്ത്രിക്കാൻ തുടങ്ങുന്നതു ശരിയായിരിക്കുകയില്ല. എന്താണു് മതപരമെന്നു പറഞ്ഞാൽ ഉൾപ്പെടുക? അതിനൊരു ശരിയായ നിർവചനം നൽകാൻ തർമില്ല. വേണമെങ്കിൽ, ക്രിസ്ത്യാനികളുടേയും, മുസ്ലീങ്ങളുടെയും കാര്യത്തിൽ കുറെ നിയന്ത്രണം ചെലുത്താം; നിർഭാഗ്യവശാൽ നമുക്കു മതത്തെ സംബന്ധിച്ചിടത്തോളം ആ നിയന്ത്രണം സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ ചന്ദ്രശേഖരൻ നായർ : 'നമ്മുടെ' എന്നു പറഞ്ഞാൽ ?

ശ്രീ പൊന്നറ ജി. ശ്രീധർ : ഞാൻ തിരുത്തുന്നു ; എന്റെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും മതം ഒന്നായതുകൊണ്ട് അങ്ങനെ പറഞ്ഞു പോയതാണ്. സർ, ഞാൻ എന്റെ താമസസ്ഥലത്തു് ഒരു ഭാഗം ഒരു ചാണകം മെഴുകിയിട്ട് ഏതെങ്കിലും ഒരു കല്ലോ മറ്റോ സ്ഥാപിച്ച് ആരാധനനടത്തിയാൽ അപ്പോൾ മുതൽ എന്റെ മതപ്രകാരം അവിടം ഒരു പ്രാർത്ഥനാസ്ഥലമായിത്തീരും. അങ്ങനെയൊരു പ്രത്യേകത ഹിന്ദുക്കളുടെ ആചാരക്രമത്തിലുണ്ട്. നമ്മുടെ നാട്ടിൽ ക്രിസ്ത്യാനികളും മതപരമായ ആചാരങ്ങളിൽ താൽപ്പര്യവും, വിശ്വാസവുമുള്ളവരാണ്. ആ നിലയ്ക്ക് അത്തരം സ്ഥാപനങ്ങൾ അനുവദിക്കാതിരുന്നാൽ പലർക്കും അതിനെ എതിർക്കേണ്ടി വരും. ചില വ്യക്തികളെ ഈ കാര്യത്തിൽ എളുപ്പത്തിൽ കുറക്കാരാക്കിത്തീർക്കാൻ ഗവണ്മെന്റിനു ഈ നിയമം കൊണ്ടു സാധിച്ചെന്നുവരാം. ഹിന്ദുക്കൾക്കുതന്നെ ദേവസ്വംബോർഡിന്റെ കീഴിൽ പ്രത്യേകതരം സ്കൂളുകളുണ്ട്. ശ്രീരാമകൃഷ്ണമിഷൻ സ്കൂളുകളും കാളേജുകളും ഉണ്ട്. അവിടെയെല്ലാം മതപരമായ പഠനങ്ങൾ പാടില്ല എന്നു പറയുന്നതു ശരിയല്ല. ഇനിയും പലരും ഇത്തരം സ്കൂളുകൾ ഉണ്ടാക്കിയെന്നുവരും. അവിടെയെങ്ങും ഹിന്ദുമതത്തെപ്പറ്റിയൊന്നും പഠിപ്പിക്കരുതെന്നു പറഞ്ഞാൽ എന്തായിരിക്കും അവസ്ഥ ? ഈ റൂളിന്റെ യാതൊരു ആവശ്യവും ഞാൻനോക്കിയിട്ടു കാണുന്നില്ല. സ്കൂൾ സമയത്തു പാടില്ല ; മറ്റു സമയത്താകാം എന്നു പറയുന്നു. പ്രത്യേകമായിട്ടുള്ള റിലിജിയസ് പ്രാപ്പഗൻഡാ പാടില്ലെന്നല്ലാതെ മതപഠനവും, പ്രാർത്ഥനാദികളും ഇഷ്ടമുള്ളവർ ചെയ്യട്ടെ എന്നുവയ്ക്കുകയാണു ഉത്തമം.

Shri A. M. Kalyanakrishnan Nair: This is what is stated in the clause. "The buildings referred to should not be used as prayer houses or places of public worship except out of school hours."

ശ്രീ. പൊന്നറ ജി. ശ്രീധർ : അതാണു പറഞ്ഞതു്, മുൻപുള്ള പല അക്കറിച്ചെയും വകുപ്പുകളെല്ലാംകൂടി മോഷ്ടിച്ചു്, എല്ലാംകൂടി കൂട്ടിക്കുഴച്ചു് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നതുകൊണ്ടാണു കുഴപ്പങ്ങൾ പലതുമുണ്ടെന്നു പറയുന്നതു്. സ്കൂളുകളിൽ അക്കാലം മതപഠനം നടത്താൻ സൗകര്യംനൽകാത്ത ഒരു പരിതഃസ്ഥിതി ഇതുമൂലം ഉണ്ടാക്കുന്നതിനെ ഞാൻ എതിർക്കുകയാണു്.

ശ്രീ. മാലേത്തു തോപിനാഥപിള്ള : സർ, റൂൾ 17, സബ്റൂൾ 2 (ബി) ഡിലീറ്റു ചെയ്യണമെന്നുള്ള പ്രതിപക്ഷനേതാവിന്റെ അഭിപ്രായത്തെ ഞാൻ പ്രത്യേകമായി പിൻതാങ്ങുകയാണു്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു റൂൾ ഉണ്ടാക്കേണ്ട യാതൊരു ആവശ്യവുമില്ല. കഴിഞ്ഞകാലത്തെ അനുഭവങ്ങളുടെവെളിച്ചത്തിൽ, നമുക്കു കാണാൻകഴിയും, ഇങ്ങനെയൊരു നിയമം പുതിയ ഉണ്ടാക്കുന്നതു്, ഈ നിയമസഭയിലും, ബാക്കിയുള്ള നിയമസഭകളിലും ഉണ്ടായിട്ടുള്ള ലജിസ്ലേഷൻ തത്വങ്ങളെ വളരെ പരിഹാസ്യമായ രീതിയിൽ വ്യഭിചരിപ്പിക്കാനാണു് ഈ ഗവണ്മെന്റു് ശ്രമിച്ചിട്ടുള്ളതെന്നു്. വിവിധമതത്തിൽപ്പെട്ട വിദ്യാർത്ഥികൾ തമ്മിൽ, സ്കൂൾസമയത്തു് മതപഠനം നടത്തിയാൽ ചിന്താക്കുഴപ്പവും, മറ്റു ബുദ്ധിമുട്ടുകളും ഉണ്ടാകാൻ ഇടയാക്കുമെന്നുള്ള സംശയത്തിൽ ഇങ്ങനെയൊരു നിയമംമൂലം അതിനെ നിയന്ത്രിക്കുന്നതിന്റെ ആവശ്യം ഇല്ലെന്നാണു് എന്റെ അഭിപ്രായം. വളരെയധികം നൂറ്റാണ്ടുകളായി ഇൻഡ്യയിലെ ചരിത്രംതന്നെ പരിശോധിച്ചുനോക്കിയാൽ, മതസഹിഷ്ണുതയിൽ നാം പ്രശംസാവഹമായ ഒരു പാരമ്പര്യമുള്ളവരാണെന്നു മനസ്സിലാകും. വിശേഷിച്ചും കേരളത്തിൽ, തിരുവിതാംകൂറിലായാലും, കൊച്ചിയിലായാലും, മലബാറിലായാലും ഈ വിശിഷ്ടഗുണം കാണാൻ കഴിയും. സർ, എനിക്കനേരിട്ടു് അനുഭവമുള്ള ഒരു കാര്യമാണിതു്. ഞാൻ കലാശാലാ വിദ്യാഭ്യാസം കഴിച്ചുള്ള ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തിയിട്ടുള്ളതു് ക്രൈസ്തവരുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിലാണു്. ഒരിക്കലും അവർ എന്നെ ക്രൈസ്തവമത വിശ്വാസിയാക്കിത്തീർക്കാൻ പ്രേരിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ, മുസൽമാൻ സ്കൂളുകളിൽ പഠിച്ചിട്ടുള്ള ഹിന്ദു വിദ്യാർത്ഥികളെയും ആരെങ്കിലും അവരുടെ മതവിശ്വാസത്തിനു ഹാനി നേരിടുന്ന എന്തെങ്കിലും പ്രേരണചെലുത്തിയിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. സ്കൂൾസമയത്തു് മതവിശ്വാസം പ്രചരിപ്പിക്കുന്നതിനുള്ള യാതൊരു ഏർപ്പാടും ഇന്നു നടപ്പില്ല. സ്കൂൾസമയത്തു് മതപരമായ ചടങ്ങുകൾ വളരെയധികമായി നടത്തിവരുന്ന ക്രിസ്ത്യാനികളുടെ സ്കൂളുകളും, എൻ. എസ്സ്. എസ്സ്. വക സ്കൂളുകളും മതപരമായ കാര്യങ്ങളൊന്നും നടത്താൻ പാടില്ലെന്നു വ്യവസ്ഥചെയ്യുന്നതു ശരിയായിരിക്കുകയില്ല. ഞാൻ ഇതു പറയുന്നതു്, കരയോഗത്തിനുവേണ്ടി പറയുകയാണെന്നു്, ശ്രീ. ഈശ്വരപിള്ളയുടെ മകൻ പറഞ്ഞേക്കാം. സർ, ഞാൻ കരയോഗത്തിനുവേണ്ടതന്നെ പറയുകയാണു്. ഈ രാജ്യത്തു് മതസഹിഷ്ണുത വളരെക്കാലമായിട്ടു് നിലനില്ക്കുന്നതാണു്. ഇപ്പോൾ ദുർവ്യാഖ്യാനം ചെയ്യാൻ ഇടയുള്ള ഇത്തരം നിയമങ്ങൾ എഴുതിപിടിപ്പിച്ചു് നമ്മുടെ നിയമസംഹിതയെത്തന്നെ ദുഷിപ്പിക്കാൻ ഇടയാക്കരുതു്. ഇതിൽ പറയുന്നതു വകുപ്പു് ക്രിസ്ത്യാനികൾക്കു വളരെയധികം ദുർവ്യാഖ്യാനം ചെയ്യാവുന്നതാണു്. ഇതു് റബ്ബർ പോലെ നിളുന്നതും, മുരുങ്ങുന്നതുമാണു്. 'റിലിജിയസ്സ് പ്രൊപ്പഗൻഡാ' എന്നു പറഞ്ഞാൽ പല മതവിഭാഗത്തിൽപ്പെട്ട ആളുകൾ തമ്മിൽ വിരോധം ഉണ്ടാക്കുന്ന ഒരു കാര്യമാണു്. ഭരണഘടനയുടെ 28–ാം വകുപ്പിൽ പ്രത്യേകമായി ഇതിനെ സംബന്ധിച്ചു പറയുന്നുണ്ടു്.

Art. 28. (1) No religious instruction shall be provided in any educational institution wholly maintained out of State funds."

ഭരണഘടനയിൽ വളരെയധികം കാര്യങ്ങൾ ഇതുപോലെ കൂടി ഈ കാര്യം വ്യവസ്ഥചെയ്തിട്ടുണ്ടു്. ആരും പരിഭ്രമിക്കേണ്ടാ; സംഭ്രമിക്കേണ്ടാ. ശ്രീ. പൊന്നറ ശ്രീധർ ഇവിടെ പറഞ്ഞതുപോലെ, ഒരു സ്കൂളിനുതന്നു്, ഹൈന്ദവരുടെ ഏതെങ്കിലും ഒരു ദേവന്റെ പടം വച്ചാരാധിച്ചാൽ അതും റിലിജിയസ്സ് കാര്യമായി അംഗീകരിക്കേണ്ടിവരും. ഈ രൂപം അപ്പാടെ എടുത്തുകളയേണ്ടതാണു്. കേരളത്തിന്റെ ചരിത്രം അതാണു്; തിരുവിതാംകൂറിന്റെ ചരിത്രം അതാണു്. ഇവിടെ മതവിശ്വാസമുള്ള ആളുകൾ അധികമുണ്ടു്. ശ്രീ. പൊന്നറ സംസാരിച്ചപ്പോൾ, 'നമ്മുടെ' എന്ന പദം പ്രയോഗിച്ചതിനെ ബഹുമാനപ്പെട്ട സ്പീക്കർ എടുത്തുചോദിച്ചു. അതു ഞാൻ ശ്രദ്ധിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇവിടെ ഭരിപക്ഷം ആളുകളും, അഭാഗത്തിരിക്കുന്ന കമ്മ്യൂണിസ്റ്റുകാരൊഴിച്ചുള്ള എല്ലാവരും മതവിശ്വാസികളാണു്. സ്കൂളുകളിൽ മതപഠനംമൂലം അടിപിടിയുണ്ടാകുമെന്നു പറയുന്നതു ശരിയല്ല. ഇതുവരെ അങ്ങനെ ഉണ്ടായിട്ടില്ല. ഈ മാതിരി കാര്യങ്ങളൊന്നും ഇവിടെ ആവശ്യമില്ല. ഈ രാജ്യത്തെ വിശാലഹൃദയരായ ജനങ്ങളുടെ മതസഹിഷ്ണുതയെത്തന്നെ ചോദ്യംചെയ്യുന്ന ഒരു ചട്ടമാണിതു്. ഇതു് വളരെയധികം പിൻതിരിപ്പനാണെന്നുള്ള അഭിപ്രായമാണു് എനിക്കു ഈ സഭയെ അറിയിക്കാനുള്ളതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: സർ, വളരെ വാദപ്രതിവാദങ്ങൾക്കു ഹേതുവായ ഒരു വകുപ്പിനെപ്പറ്റിയാണു് നാം ഇവിടെ ചർച്ചചെയ്യുന്നതു് മതത്തെസംബന്ധിച്ചു പറയുകയാണെങ്കിൽ, നമ്മുടെ നാട്ടിലെ ഹിന്ദുക്കൾ വിദ്യാഭ്യാസം തുടങ്ങുന്നതുതന്നെ 'ഹരിഃ ശ്രീ ഗണപതയെ നമഃ' എന്നാണു്. ഒരു പാത്രത്തിൽ അരികൊണ്ടുവന്നു്, കുട്ടികളെ പിടിച്ചിരുത്തി, ചില ചടങ്ങുകളോടുകൂടി ആദ്യമായിട്ടു് 'ഹരിഃ ശ്രീ ഗണപതയെ നമഃ' എന്നാണു് എഴുത്തു തുടങ്ങുന്നതുതന്നെ. ക്രിസ്ത്യാനികൾ, 'തമ്പുരാൻ തുണയ്ക്കു, ഗുരുവേ ശരണം' എന്നാണു് ആദ്യം വിദ്യ ആരംഭിക്കുന്നതു്.

ശ്രീ. എം. എം. മണിയേ: മുസ്ലിങ്ങൾ എങ്ങനെയാണു്?

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: അതു് അറിയാവുന്നവർ, 'ബാവയോ പുത്രനോ' ആരെങ്കിലും പറയട്ടെ! (ചിരി)

അഭാഗത്തിരിക്കുന്ന കമ്മ്യൂണിസ്റ്റുകാരെല്ലാവരും ഇങ്ങനെ 'ഹരിഃ ശ്രീ' എന്നെഴുതി പഠിച്ചിട്ടുള്ളവരാണു്. ഇവരുടെ മക്കളും എങ്ങനെയായിരിക്കുമെന്നു അറിഞ്ഞുകൂടാ. മതവിശ്വാസത്തോടുകൂടിയാണു് കേരളത്തിൽ ഉള്ളവർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

വിദ്യാഭ്യാസം തുടങ്ങുന്നതുതന്നെ. ക്രിസ്ത്യാനികളുടെ ഇടയിൽ ആദ്യമായ കുട്ടികളെ ജനിക്കുമ്പോൾ-ഈ കാര്യം പ്രത്യേകം പഠിച്ചിരിക്കേണ്ടതാണ്-സാധാരണ സ്പൂണുകൊണ്ട് നാക്കിൽ കുറിച്ചു വരയ്ക്കും. മറ്റുള്ളവർ പൊന്നും വയമ്പും മറ്റും അരച്ച നാക്കിൽ പുരട്ടും. ഇങ്ങനെയുള്ള മതവിശ്വാസങ്ങളും ഇന്നു നാട്ടിൽ പല ആളുകളിലും ഉണ്ട്. ആ അനാചാരാനുഷ്ഠാനങ്ങളെയെല്ലാം തച്ചുടയ്ക്കാനുള്ള ഒരു നിയമമാണിത്. ചാപ്റ്റർ നാലിൽ, റൂൾ 17-ൽ പറഞ്ഞിരിക്കുന്നതു കാണുമ്പോൾ എനിക്കൊരു ഉപമ തോന്നുന്നു. കൊല്ലത്തുകാരൻ ഒരാൾ ഒരുസ്ഥലത്തുനിന്നും ഒരു സൈക്കിൾ മോഷ്ടിച്ചു. പോലീസ് അയാളെ പിടികൂടി. വീട്പരിശോധനയ്ക്കുചെന്നു; പരിശോധിച്ചു; സൈക്കിൾ തൊണ്ടിയായി കണ്ടെടുത്തു. പരിശോധനയിൽ ഒരു സൈക്കിൾ മല്ലാ ഇരുപതു സൈക്കിൾ അവിടെ ഉള്ളതായി കണ്ടു. മാത്രമല്ല; 12 ശീലക്കുടകൾ അങ്ങനെ പല സാധനങ്ങളും അവിടെനിന്നും കണ്ടെടുത്തു. ഒരു സൈക്കിൾ തൊണ്ടിയായി എടുക്കാൻപോയ പോലീസുകാരനു് അങ്ങനെ പല സാധനങ്ങളും അവിടെ കണ്ടെത്താൻ സാധിച്ചതുപോലെ, ഈ റൂൾ 17 പരിശോധിച്ചപ്പോൾ ഭരണഘടനയ്ക്കുള്ളിൽനിന്നും മാത്രമല്ല, മറ്റു പലസ്ഥലത്തുനിന്നും മോഷണം അതിസമർത്ഥമായി നടത്തിയിട്ടുണ്ടെന്നു കാണുന്നു.

മുണ്ടശ്ശേരി മാസ്റ്റർ ഇത്ര സമർത്ഥനാണെന്നു ഞാൻ വിചാരിച്ചിരുന്നില്ല. കായംകുളം കൊച്ചുണ്ണിയാണു് പണ്ടു പേരു് കേട്ടിട്ടുള്ളതു്. ഇപ്പോൾ വേണമെങ്കിൽ മുണ്ടശ്ശേരിമാസ്റ്റർ ആധുനികകൊച്ചുണ്ണിയാണെന്നു പറയാം. ഇതിനകത്തു നമുക്കു് ആവശ്യമില്ലാത്ത അനവധി സംഗതികളും തിരുകിവച്ചിട്ടുണ്ടു്. "school shall not under any circumstances be held in churches' എന്നുള്ളതു വളരെ അപകടം പിടിച്ച വാചകമാണു്. ഒരു 60 അടി നീളം 20 അടി വീതിയിൽ ഒരു സ്കൂൾ പണിയണമെന്നുവിചാരിച്ചു് തറ കെട്ടുമ്പോൾ ഒരു 100 അടി നീളത്തിൽ കെട്ടും. അതിന്റെ ഒരറ്റം ഒരു ചാപ്പലോ പ്രെയർ ഹാളോ ആയി ഉപയോഗിക്കുന്നതിനോ ഹിന്ദുക്കളുടെ സ്കൂളാണെങ്കിൽ ശ്രീ. പൊന്നറ ശ്രീധർ പറഞ്ഞതുപോലെ ഗണപതിയെ വയ്ക്കാനോ ഒഴിച്ചുവയ്ക്കാവുന്നതാണു്. അവിടെ പ്രത്യേക ദിവസങ്ങളിൽ പ്രാർത്ഥനയോ മറ്റോ നടത്താവുന്നതാണു്. ഇപ്പോൾ എനിക്കു അറിവു കുറച്ചു മുസ്ലീങ്ങളും കൂടിജനിച്ചാൽ ഉടൻ അതിന്റെ ചെവിയിൽ അല്ലാഹു അക്ബർ എന്നു പറയുമെന്നു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : God is great എന്നാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ശ്രീ. ഗോവിന്ദപ്പിള്ള പോലും പഠിച്ചുതുടങ്ങിയിരിക്കുന്നു. കാലം മാറി വരുന്നുണ്ടു്. അങ്ങനെ മതവിശ്വാസം ജനിക്കുമ്പോൾ തുടങ്ങി പഠിപ്പിച്ചു തുടങ്ങുന്ന ആളുകളുണ്ടു്. ഇവിടെയിരിക്കുന്ന കമ്മ്യൂണിസ്റ്റംഗമെമ്പറന്മാരെല്ലാവരും ക്രിസ്ത്യൻസ്കൂളുകളിലും കോളേജുകളിലും പഠിച്ചു് വന്നിട്ടുള്ളവരാണു്. അവരാരെങ്കിലും ക്രിസ്ത്യാനിയായിപ്പോയോ? ശ്രീ. മുണ്ടശ്ശേരി മാസ്റ്റർ ക്രിസ്ത്യാനിയായി ക്രിസ്ത്യൻ സ്കൂളുകളിൽ പഠിച്ചുവന്നിട്ടുള്ള ആളാണു്. എന്നിട്ടു അദ്ദേഹം ഇപ്പോൾ ക്രിസ്ത്യാനിയാണോ? അങ്ങനെ നോക്കുമ്പോൾ ക്രിസ്ത്യൻ സ്കൂളുകളിൽ പഠിക്കുന്നതുകൊണ്ടു ക്രിസ്ത്യാനിയാക്കുമെന്നോ മുസ്ലീം സ്കൂളുകളിൽ പഠിക്കുന്നതുകൊണ്ടു മുസൽമാനാക്കുമെന്നോ ഹിന്ദുക്കളുടെ സ്കൂളുകളിൽ പഠിക്കുന്നതുകൊണ്ടു ഹിന്ദുക്കളാക്കുമെന്നോ വിചാരിക്കേണ്ട കാര്യമില്ല. വിദ്യാഭ്യാസസ്ഥാപനങ്ങളിൽക്കൂടി ആരുടെയെങ്കിലും മതവിശ്വാസത്തെ മാറ്റുമെന്നോ മതത്തെ നഷ്ടപ്പെടുത്തുമെന്നോ ഭയപ്പെടേണ്ട യാതൊരവശ്യവുമില്ല. ഈ നാട്ടിലെ സ്കൂളുകളുടെ ഒരറ്റം ആരാധനസ്ഥലമായി ഉപയോഗിക്കുമ്പോൾ ഇങ്ങനെ എല്ലാം റൂൾ കുഴിതിവച്ചാൽ വലിയ അപകടമുണ്ടാക്കും. ഇതു വച്ചുകൊണ്ടു പള്ളിയാണു്, പഠിപ്പിക്കാൻ പാടില്ല, ഗ്രാന്റു തരികയില്ലെന്നൊക്കെ പറയാം. കാളവാലു പൊക്കുമ്പോൾ എന്തിനാണെന്നു നമുക്കറിയാം. ആ നിലയിൽ ഈ റൂൾ

LIBRARY ARCHIVES Kerala Legislative Assembly

വളരെ അപകടങ്ങൾ വരുത്തും. മതപഠനം സ്കൂൾ സമയത്തിനു പുറത്താക്കാമെന്നു ഇവിടെ ഒരു സൂചനയുണ്ടായി. എന്നാൽ പാടില്ലെന്നു വളരെ വ്യക്തമായി വരുന്നുണ്ട്.

ശ്രീ. പി. ഗോവിന്ദപിള്ള : റൂൾ 18-ൽ അങ്ങനെയാകാമെന്നു പറയുന്നുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സി. പി. രാമസ്വാമിഅയ്യർ തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്തു് ഇതുപോലെ ഒരു വിദ്യാഭ്യാസ പരിഷ്കാരം ഇവിടെ കൊണ്ടുവന്നിരുന്നു. ഈ രാജ്യത്തെ ജനങ്ങൾ അതിനെ വളരെ ശക്തിയായിഎതിർത്തു. എതിർത്തപ്പോൾ സ്കൂളുകൾ വിട്ടുതന്നാൽ എടുത്തുകൊള്ളാമെന്നു പറഞ്ഞു. അതു അവസരത്തിൽ തെക്കൻ തിരുവിതാംകൂറിലുള്ള സ്കൂളുകൾ പള്ളിയുമായി നടക്കുന്ന ചില സ്ഥാപനങ്ങൾ അവിടെയുള്ള സകലകർമ്മാദികളും നടത്താമെങ്കിൽ വിട്ടുതരാമെന്നു പറഞ്ഞതിനെ അടിസ്ഥാനമാക്കി എങ്ങനെയെങ്കിലും കുറെ സ്കൂളുകൾ കിട്ടണമെന്നു വിചാരിച്ചു് അവ എടുത്തു. ആ സ്കൂളുകളെ ഉദ്ദേശിച്ചായിരിക്കണം ഇതിൽ 23-11-1936 നു് മുമ്പുള്ള സ്കൂളുകൾക്കു ഈ റൂൾ ബാധകമല്ലെന്നു പറഞ്ഞിട്ടുള്ളതു്. എന്റെ നാട്ടിൽ മുപ്പതും മുപ്പത്തഞ്ചായിരവും രൂപ ചെലവു ചെയ്തുണ്ടാക്കിയ പ്രൈമറിസ്കൂൾ കെട്ടിടങ്ങൾ ഉണ്ടു്. പത്തും പതിനാറും ഡിവിഷൻ വച്ചു് ഒരു കോളേജെന്നപോലെ വളരെ ഭംഗിയായി നടത്തുന്നുണ്ടു്. അവിടെ പ്രാർത്ഥനയ്ക്കു് ഒരു ചെറിയ മുറി വച്ചിട്ടുണ്ടു്. അതുകൊണ്ടു അതൊരു പ്രാർത്ഥനാലയമാണെന്നു പറയാൻ ഒരു ദുർബുദ്ധിക്കു തോന്നിയാൽ ഇന്നു അതു ആരാധനാസ്ഥലമായി വിചാരിച്ചിരിക്കുന്നവർക്കെല്ലാം വലിയ ക്ഷോഭം ഉണ്ടാക്കും. രണ്ടും കൂടി പൊരുത്തപ്പെട്ടുപോകുന്ന തരത്തിലല്ല റൂൾ എഴുതിയിരിക്കുന്നതു്. പള്ളിയിൽ സ്കൂൾ നടത്താറില്ല. എന്നാൽ രാവിലെ സ്കൂളിൽ വരുമ്പോൾ വൈകുണ്ടനു ഓർമ്മിക്കാൻവേണ്ടി ഒരഞ്ചു മിനിട്ടു ആരാധന നടത്താനുള്ള സാഹചര്യം സ്കൂളുകളിൽ സൃഷ്ടിച്ചിട്ടുണ്ടു്. അതിനു പ്രതിബന്ധമുണ്ടാകത്തക്കതരത്തിൽ ഉള്ള റൂൾ സ്വീകാര്യമല്ല, അതുപോലെതന്നെ ക്രൈസ്തീയമതത്തിൽ പെട്ടഞങ്ങൾ ക്രൈസ്തവരിൽ കൂടി മാത്രമേ രക്ഷയുള്ളുവെന്നു കുട്ടികൾക്കു പറഞ്ഞുകൊടുക്കുകയാണെങ്കിൽ മറ്റു മതങ്ങൾക്കു ഇൽഫീലിംഗ് ഉണ്ടാക്കുന്നുവെന്നു ഒരാളിനു് പറയാം. മുസൽമാനും സവ്വുശക്തനും സവ്വുജഗന്നിയന്താവും നിബിയാനെന്നും മറ്റും കുട്ടികൾക്കു പറഞ്ഞുകൊടുക്കുന്നുണ്ടു്. ഒരു ചെറിയ വ്യത്യാസം ഒഴിച്ചാൽ ക്രൈസ്തമതനിയമവും മുസ്ലീം മതനിയമവും വലിയ വ്യത്യാസം ഉള്ളതല്ല. ഖുറാനിൽ ഏതോ ഒരു ഭാഗത്തു പറയുന്നുണ്ടു് ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു് സ്വർഗ്ഗരാജ്യത്തു് പ്രവേശിക്കാമെന്നു്. ഇതൊക്കെ കുൺഫ്യൂഷ്യസ് അണെന്നു് ഇതിൽ എഴുതിച്ചേർത്താൽ ഒരുത്തനും ഒന്നും മിണ്ടാൻ പാടില്ല. ഒരു ബസ്സിൽത്തന്നെ യാത്ര ചെയ്യുമ്പോൾ ഒരു പള്ളിയുടെ മുൻവശത്തു എത്തുമ്പോൾ ക്രിസ്ത്യാനികൾ കുരിശുവരയ്ക്കും. അതുപോലെ ഹിന്ദുക്കൾ ഏറെയുള്ളവർ അമ്പലത്തിന്റെ മുമ്പിൽക്കൂടെയും മറ്റും യാത്ര ചെയ്യുമ്പോൾ ഒന്നു് തൊഴുതുപോകുന്നുണ്ടു്. അതെല്ലാം പ്രചരണമാണെന്നു പറഞ്ഞു് ഈ രാജ്യത്തു കുഴപ്പങ്ങൾ ഉണ്ടാക്കരുതു്. നമുക്കു് കുഴപ്പം കൂടാതെ പോകുകയാണു വേണ്ടതു്. എന്റെ ഇടതുവശത്തിരിക്കുന്ന മെമ്പറന്മാർ എല്ലാം ക്രിസ്ത്യൻ സ്കൂളുകളിലും കോളേജുകളിലും പഠിച്ചുവന്നിട്ടുള്ളവരാണെന്നു് ഫ്രയിസ്ഹു എന്ന പ്രസിദ്ധീകരണത്തിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ടു്. അവർക്കു് ഹിന്ദുവായിരിക്കാമെന്നു മാത്രമല്ല, കമ്മ്യൂണിസ്റ്റായിരിക്കാമെന്നും തെളിയുന്നുണ്ടു്. അവരുടെ ഇഷ്ടംപോലെ, തോന്ന്യാസംപോലെ എങ്ങോട്ടു പോകുന്നതിനും സ്കൂളുകൾ ഒരു പ്രതിബന്ധവും ഉണ്ടാക്കിയിട്ടില്ല. ആ നിലയിൽ ഈശ്വരവിശ്വാസത്തിൽ താല്പര്യമുള്ളവർ വല്ലതും അവിടെ പഠിപ്പിച്ചുകൊള്ളട്ടെ എന്നു വയ്ക്കുകയാണു നല്ലതു്.. ശ്രീ. ചാഴിക്കാടന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് ശാസ്ത്രീയമായിട്ടും നിയമപരമായിട്ടുമുള്ള പല ന്യായങ്ങളും ഇവിടെ പറയുകയുണ്ടായി. ഞാൻ നാട്ടുനടപ്പു ന്യായങ്ങളാണു് പറഞ്ഞതു്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ റൂളിൽ പല തൊണ്ടിസാധനങ്ങളും ഉള്ളതു് മായ്ക്കാതെ പോലീസിനെ എല്പിച്ചു് ഈ റൂൾ ഭേദഗതി ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ഒ. ബാവ : സർ, ഈ പതിനേഴാം വകുപ്പിലെ 2-ാം ഉപ വകുപ്പ് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു സംഗതിയാണ്. കുട്ടികളെ പള്ളിക്കൂടത്തിലയയ്ക്കുമ്പോൾ, ഒരുപക്ഷെ, മതപഠനത്തിനു സൗകര്യം ഇല്ലെങ്കിൽ അതിനെയും, ആരാധന നടത്തുവാനുള്ള സ്വാതന്ത്ര്യവും സൗകര്യവും ഉണ്ടായിരിക്കണമെന്നുള്ളതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണ്. ഏതുകാര്യം ആരംഭിക്കുമ്പോഴും, ശ്രീ. ജോസഫ് ചാഴിക്കാടൻ പറഞ്ഞതുപോലെ, ദൈവത്തെ സ്മരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ക്രിസ്ത്യാനികളുടെ കാര്യവും, ഹിന്ദുക്കളുടെ കാര്യവും ഇവിടെ പറയുകയുണ്ടായി. മുസ്ലീങ്ങളുടെ കാര്യമാണെങ്കിൽ ഏതു നല്ലകാര്യം തുടങ്ങുമ്പോഴും മുസ്ലീങ്ങളും "ബിസ്മില്ല" ചൊല്ലുന്നുണ്ട്. വിദ്യാഭ്യാസം തുടങ്ങുന്നതിൽ അതു ചൊല്ലണമെന്നുള്ളതു് വളരെ നിർബ്ബന്ധമായ ഒരു കാര്യമാണ്. ഈ നിയമം ഇവിടെ എഴുതിച്ചേർത്താൽ, ഇങ്ങനെ ബിസ്മില്ലാ ചൊല്ലുന്ന ഒരു വിദ്യാർത്ഥിയെ കണ്ടാൽ അദ്ധ്യാപകനു് വേണമെങ്കിൽ അതു നിയമവിരുദ്ധമാണെന്നു പറഞ്ഞു് ആ വിദ്യാർത്ഥിയെ ശിക്ഷിക്കാം. അപ്പോൾ ഒരു കുട്ടർ സക്കാർ പള്ളിക്കൂടങ്ങളിലും ബിസ്മില്ലാ ചൊല്ലാൻ അനുവദിക്കുന്നില്ലെന്നു പറഞ്ഞു് പ്രക്ഷോഭണം തുടങ്ങുവാൻ ഇടയാക്കും. അതു് രാജ്യത്തിന്റെ സൈരതയ്ക്കും, സമാധാനത്തിനും ഭംഗം വരുത്തുന്ന ഒരു കാര്യമാണ്. നിസ്സാരമായ കാര്യങ്ങൾക്കുപോലും, വർഗ്ഗീയമായ കാരണങ്ങളും പൊക്കിപ്പിടിച്ചുകൊണ്ടു് രാജ്യദ്രോഹപരങ്ങളായ പ്രവർത്തനം നടത്തുവാൻ വാസനകാണിക്കുന്ന ഒരു പാരമ്പര്യമാണു് ഇന്നു് കേരളത്തിലുള്ളതു്. അങ്ങനെയുള്ള ഈ രാജ്യത്തു് ആവശ്യമില്ലാത്ത ഇത്തരം കാര്യങ്ങളും കൊണ്ടുവന്നു് കുഴപ്പവും, കലാപവും ഉണ്ടാക്കരുതെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ഈ വക കാര്യങ്ങളും ഇതിനുമുമ്പും, വിദ്യാലയങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ളതാണു്. ഇത്രയും കാലം മതപരമായ ആരാധനകളും മറ്റും വിദ്യാലയങ്ങളിൽ നടത്തിക്കൊണ്ടിരുന്നിട്ടും, ഒരു ചെറുവിരൽ പോലും അനക്കുവാൻ ആരും തയ്യാറായില്ല. ക്രിസ്ത്യാനികളും മതപരമായ കാര്യങ്ങളും പോലും അവരുടെ പള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചിരുന്നു. മുസ്ലീങ്ങളും നടത്തിയിരുന്ന പള്ളിക്കൂടങ്ങളിൽ ദിവസം രണ്ടു സന്ദർഭങ്ങളിൽ, ഉച്ചയ്ക്കും, വൈകുന്നേരവും, അത്തരം പള്ളിക്കൂടങ്ങളോടു് അനുബന്ധിച്ചു് തൊഴുകാവുകളുംവച്ചു് പ്രാർത്ഥന നടത്തിയിരുന്നു. ഇതൊക്കെ ചെയ്തിട്ടും, ഇന്നുവരെ കുഴപ്പമൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിലുള്ള പ്രാർത്ഥനകളും മറ്റും നടത്താൻ പാടില്ലെന്നു ഈ റൂളുകളിൽ എവിടെ പറഞ്ഞിട്ടുണ്ടു് ?

ശ്രീ. ടി. ഒ. ബാവ : റൂൾ 17 (2)-ാം വകുപ്പിൽ പറഞ്ഞിട്ടുണ്ടു്; വർഷിപ്പു് നടത്തുന്നിടത്തു് സ്കൂൾ നടത്തുവാൻ പാടില്ലെന്നു്. ഇസ്ലാമിന്റെ മതതത്ത്വങ്ങൾ അറിയാവുന്ന ബഹുമാനപ്പെട്ട മെമ്പർക്കു് ഒരു തുക്കം അറിഞ്ഞുകൂടെന്നാണു് തോന്നുന്നതു്. മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം തന്നെ മതപരമായ ഒരു കാര്യമാണു്. അല്ലാതെ, രാഷ്ട്രീയകാര്യംപോലെയല്ല അതു്. വിദ്യാഭ്യാസം ചെയ്യുക എന്നതു് ദൈവകല്പന, അതായതു്, പ്രവാചകന്റെ കല്പനയായിട്ടാണു് ഞങ്ങൾ എടുക്കുന്നതു്. ഞങ്ങൾക്കു് മതവും, രാഷ്ട്രീയവും മറ്റും വിദ്യാഭ്യാസത്തിൽ നിന്നും മാറ്റിനിറുത്താൻ ഒക്കാത്ത ഒരു കാര്യമാണു്. വിദ്യാഭ്യാസത്തിനായി പോകുമ്പോഴും ഞങ്ങൾക്കു് ആരാധന വളരെ അത്യാവശ്യമാണു്. ക്ലാസ്സിൽ കയറുമ്പോഴും ദൈവത്തെ ഓർക്കണം. അങ്ങനെ ഒരു മുസ്ലീം വിദ്യാർത്ഥി വിദ്യാഭ്യാസത്തിനായി പോകുന്ന സന്ദർഭത്തിൽ ബിസ്മില്ലാ ചൊല്ലുന്നതായി വരും. അതുകൊണ്ടു് അദ്ധ്യാപകൻ നീ എന്തുകൊണ്ടു് ദൈവത്തെ ആരാധിച്ചു എന്നു ചോദിച്ചു് ആ വിദ്യാർത്ഥിയെ അടിക്കാം. അതിനാൽ ഈ വകുപ്പു് എടുത്തുകളയണമെന്നാണു് ഞാൻ പറയുന്നതു്.

കൂടാതെ, ചർച്ചകളും, പള്ളികളും മറ്റും പള്ളിക്കൂടത്തോടുചേർന്നു് സ്ഥാപിച്ചുവരുന്നതായി നമുക്കു കാണാം. അപ്രകാരം മദ്രസാ, പള്ളിക്കൂടം, തൊഴുകാവുകളും ഈ വക സ്ഥാപനങ്ങളും പലതും ഒന്നിച്ചു മുസ്ലീങ്ങളും ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. ഇന്നു് മുസ്ലീം സമുദായത്തിനേറ്റതായ പള്ളിക്കൂടം നിൽക്കുന്ന സ്ഥലത്തു് മതവിദ്യാഭ്യാസം നടത്തുന്ന ചെറിയ മദ്രസകളും, അതിനോടൊട്ടു് നമസ്കാരം അനുഷ്ഠിക്കുന്നതിനുള്ള ചെറിയ പള്ളികളും ഇതൊക്കെ കാണും. ഇവയൊക്കെ വച്ചുകൊണ്ടാണു് ഞങ്ങളും വിദ്യാലയങ്ങളും നടത്തുന്നതു്. ഭാവിയിൽ ഈ വകുപ്പു മതപരമായ ആലയങ്ങളെല്ലാം ഇല്ലായ്മ ചെയ്യുവാൻ ഇടവരുത്തിയേക്കും എന്നു് ഞങ്ങളും ന്യായമായി ഭയപ്പെടുന്നുണ്ടു്. അദ്ധ്യയനസമയത്തല്ലാതെ നിങ്ങളൊക്കെ വിദ്യാർത്ഥികളിൽ കുത്തിച്ചെലുത്തുന്ന കമ്മ്യൂണിസവും മറ്റും ഇല്ലാതാക്കുന്നതിനുവേണ്ടിയെങ്കിലും ഈ മദ്രസകളും, പള്ളികളും മറ്റും സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ കാലത്തും, വൈകുന്നേരവും മതപഠനങ്ങളും നടത്തേണ്ടതു മുസ്ലീങ്ങളുടെ ഒരാവശ്യമാണു്. മതപഠനത്തിനും, ആരാധനയ്ക്കും സ്വന്തമായി സൗകര്യങ്ങളും ഉണ്ടാക്കിയിട്ടുള്ള വിദ്യാലയങ്ങളിൽ അതൊന്നും പാടില്ലെന്നു ശഠിക്കുന്നതു അനീതിയാണു്. പല മതവിഭാഗങ്ങളുള്ള ഈ രാജ്യത്തു്, ദൈവവിശ്വാസിച്ചും ധാരാളമുള്ള ഈ രാജ്യത്തു് ഇത്തരത്തിലുള്ള കരിനിയമങ്ങളും ഈ റൂളുകളിൽ ഉണ്ടായിരിക്കുവാൻ പാടില്ലെന്നാണു് എന്റെ ശക്തിയായ അഭിപ്രായം. അതുകൊണ്ടു് ഈ ഉപവകുപ്പു് എടുത്തുകളയേണ്ടതാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, മതപഠനത്തിനു് കൂടുതൽ സൗകര്യമില്ലാത്ത ഈ രാജ്യത്തു് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നതു് ഖേദകരമായിപ്പോയി. ഇതിനെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും മുമ്പു പ്രസ്താവിച്ച സ്നേഹിതന്മാർ പ്രസ്താവിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട ആലുവാ മെമ്പർ മുസൽമാന്മാരെ സംബന്ധിച്ചുള്ള കാര്യങ്ങളും വളരെ ആവേശപൂർവ്വം ഇവിടെ പറയുകയുണ്ടായി. അതുകൊണ്ടു് അത്തരം കാര്യങ്ങളിലേക്കു് ഞാൻ കടക്കുന്നില്ല.

മുസ്ലീങ്ങളും വളരെയധികം അനാഥശാലകളും നടത്തുന്നുണ്ടു്. ഈ അനാഥശാലകളോടു് അനുബന്ധിച്ചു് ചെറിയ പള്ളിക്കൂടങ്ങളും നടത്തുന്നുണ്ടു്. അനാഥശാലകളിലുള്ളവർക്കു് ഈ പള്ളിക്കൂടത്തിൽ വച്ചു് പൊതുവിദ്യാഭ്യാസം കൊടുക്കുന്നതോടൊപ്പം മതവിദ്യാഭ്യാസം കൂടി കൊടുക്കുകയും ഈ പള്ളിക്കൂടം എടുപ്പിന്റെ ഒരു ഭാഗം ചിലപ്പോൾ പ്രാർത്ഥനാഹാളായി ഉപയോഗപ്പെടുത്തുകയും ചെയ്യാറുണ്ടു്. ഈ റൂളനുസരിച്ചു് ഇത്തരം ഏർപ്പാടു തടയപ്പെടുകയാണു്. സ്കൂളുകളിൽ വച്ചു് മതപഠനം നടത്തുക എന്നതു് മലബാർ ഭാഗത്തു് വളരെ സാധാരണയാണു്. സ്കൂൾ സമയത്തല്ല, അതിനു മുമ്പോ, പിമ്പോ ആണു് മതപഠനങ്ങളും നടത്തുന്നതു്. മലബാറിലെ സ്കൂളുകൾ ഡിപ്പാർട്ടുമെന്റിന്റെ കീഴിലായിരുന്നകാലത്തു് സ്കൂൾ സമയത്തിനു മുമ്പോ, പിമ്പോ മതപഠനങ്ങളും നടത്തുവാൻ സൗകര്യങ്ങളും ഉണ്ടായിരുന്നു. എന്നാൽ സ്കൂളുകളും ഗവണ്മെന്റു ഏറ്റെടുത്തതിനുശേഷം ആ സൗകര്യം ഇപ്പോൾ ഇല്ലാതെ വന്നിരിക്കുകയാണു്. മലബാറിൽ ഒരു ഏ. ഇ. ഒ., നിങ്ങൾക്കു് മതമോ വേണ്ടതു്, ഉദ്യോഗമോ വേണ്ടതു്, എന്നു് ഒരധ്യാപകനോടു് ചോദിക്കുവാനുള്ള ധാർഷ്ട്യം പോലും കാണിക്കുകയുണ്ടായി. കുറച്ചുകൂടി ഏ. ഇ. ഒ. ഒരധ്യാപകനോടു് നിങ്ങൾക്കു് ഉദ്യോഗം വേണമെങ്കിൽ വിദ്യാലയത്തിൽവച്ചു് മതം പഠിക്കുവാനുള്ള അവസരം നിങ്ങൾ തടയണമെന്നു് പറയുകയും, ഒടുവിൽ അദ്ദേഹത്തിനോടു് എക്സ്പ്ലനേഷൻ ചോദിക്കുകയും ചെയ്തു. ആ ഏ. ഇ. ഒ., അയച്ച ഒരു സർക്കുലറിന്റെ കോപ്പി എന്റെ കയ്യിലുണ്ടു്. ഇത്തരത്തിലുള്ള നിയമം ഉണ്ടാക്കുന്നതു് വിവേകമില്ലാത്ത ഉദ്യോഗസ്ഥന്മാർക്കു് അവരുടെ കീഴിലുള്ള അദ്ധ്യാപകന്മാരെ ശിക്ഷിക്കുവാനുള്ള സൗകര്യം കൂടുതലായി ഉണ്ടാക്കിക്കൊടുക്കുകയല്ലെ ചെയ്യുന്നതെന്നു് ഞാൻ ചോദിക്കുന്നു. സ്കൂൾ സമയത്തു് ഇതൊക്കെ വേണമെന്നു് ഞങ്ങളും പറയുന്നില്ല. സ്കൂൾ സമയത്തിനു മുമ്പോ, പിമ്പോ നടത്തിയാൽ മതി. അതുപോലെതന്നെ, പള്ളിക്കൂടം നടത്തുന്ന ഒരു ബിൽഡിംഗിന്റെ ഒരു ഭാഗത്തു് പ്രാർത്ഥന നടത്തുന്നതിനുള്ള സൗകര്യം ഇന്നു ഉണ്ടെങ്കിൽ അതു തടയരുതെന്നു ഞാൻ അപേക്ഷിക്കുകയാണു്. നിയമം മൂലം ആരാധനാസ്വാതന്ത്ര്യവും, മതപഠനത്തിനുള്ള സ്വാതന്ത്ര്യവും തടയുന്നതു് ഒരുതരത്തിലും നീതീകരിക്കാവുന്നതല്ലെന്നുമാത്രമേ എനിക്കു് പറയുവാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : സർ, ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഈ 17-ാം വകുപ്പും, പിന്നാലെ വരുന്ന 18-ാം വകുപ്പും വളരെയേറെ വൈരുദ്ധ്യം നിറഞ്ഞതും, അഭിപ്രായവ്യത്യാസങ്ങൾക്കു വകയുണ്ടാക്കുന്നവയുമാണു്. വിദ്യാലയങ്ങളിൽ പ്രെയർ ഹൗസേ, മതപഠനമോ, പാടില്ല, എന്നാണു് ഈ നിയമം അനുശാസിക്കുന്നതു്. ഇന്നു് പൊതുവിദ്യാലയങ്ങളിൽ വിദ്യാഭ്യാസ സമയത്തു് മതപഠനം നടത്തണമെന്നോ, അല്ലെങ്കിൽ വിദ്യാലയങ്ങൾ ആരാധനാസ്ഥലങ്ങളായി മാറണമെന്നോ പറയുന്നില്ല. മതപഠനം വിദ്യാലയങ്ങളിൽ വച്ചു പാടില്ലെന്നു് നിർബന്ധമായി പറയുന്നുണ്ടെങ്കിലും, ഇന്നത്തെ പാഠക്രമങ്ങൾ നോക്കിയാൽ അവിടെ മതപഠനം ധാരാളമായി നടക്കുന്നുണ്ടെന്നു കാണാം. പാഠപുസ്തകങ്ങളിൽ ഹിന്ദുപുരാണങ്ങളെപ്പറ്റി പറയുന്നുണ്ടു്. മറ്റു മതങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങളും അവിടെ പഠിപ്പിക്കുന്നുണ്ടു്. അപ്പോൾ വിദ്യാലയങ്ങളിൽ മതപഠനം ഇല്ലാതെ ഒക്കുകയില്ല. സാങ്കേതികമായി നോക്കുകയാണെങ്കിൽ മതപഠനംപാടില്ലെന്ന കർശ്ശനമായി നിരോധിക്കുന്നതു് തെറ്റായിരിക്കും.

മുസ്ലീങ്ങൾക്കു് വെള്ളിയാഴ്ചതോറും ഒരു മണിക്കൂർ വീതം പ്രാർത്ഥനയ്ക്കായി സമയം കൊടുക്കണമെന്നുണ്ടു്. ചില സ്ഥലങ്ങളിൽ മുസ്ലീങ്ങൾക്കു് ഈ പ്രാർത്ഥന നടത്തുവാൻ ആരാധനാസ്ഥലങ്ങൾ ഉണ്ടായിരിക്കുകയില്ല. വിദ്യാലയത്തിൽ നിന്നും വളരെ അകലെയുള്ള പള്ളിയിൽപ്പോയി ആരാധന നടത്തിവരുവാൻ അവർക്കു് സമയം കിട്ടുകയുമില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ ആ സ്ത്രീകളിൽ എവിടെയെങ്കിലുംവച്ചു് ആരാധന നടത്തുകയാണു് പതിവു്. എന്നാൽ ഗവണ്മെന്റു കല്പനപ്രകാരം വിദ്യാലയങ്ങൾ ആരാധനാസ്ഥലങ്ങളാക്കുവാൻ പാടില്ലെന്നു തടഞ്ഞിട്ടുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : എവിടെയാണു് അങ്ങനെ തടഞ്ഞിട്ടുള്ളതു് ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : മുസ്ലീങ്ങൾ നടത്തുന്ന ആരാധനയെ തടയുന്നു എന്നു ഞാൻ പറഞ്ഞില്ല. മുസ്ലീങ്ങൾക്കു് പ്രാർത്ഥനയ്ക്കുള്ള സമയം കൊടുക്കണമെന്നും, അതേസമയം, ഇങ്ങനെ നിയമം അനുശാസിക്കുന്നതും രണ്ടും തമ്മിൽ പൊരുത്തമില്ലെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. ടി. അബ്ദുൽ മജീദ് : അങ്ങനെയുള്ള സന്ദർഭത്തിൽ വിദ്യാലയങ്ങളിൽ വച്ചു് ആരാധന നടത്തുവാൻ തടസ്സമുണ്ടെന്നു് ആരു പറഞ്ഞു ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ഇന്നു തടസ്സമൊന്നുമില്ല. എങ്കിലും, റൂളിൽ അതു് അനുവദനീയമല്ല.

ശ്രീ. കെ. എ. ബാലൻ : അതു് അംഗീകരിച്ചുകൊണ്ടുള്ള വ്യവസ്ഥയല്ല, ഇപ്പോഴുള്ള റൂളിലുള്ളതു് ? ഇക്കാര്യത്തിൽ മുമ്പുള്ള ചട്ടത്തേക്കാൾ ഏതെങ്കിലും വ്യത്യാസം ഇപ്പോഴുള്ള ചട്ടത്തിൽ വരുത്തിയിട്ടുണ്ടോ ?

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സ്കൂൾ സമയത്തു് അതു് പാടില്ല എന്നല്ലാതെ, സ്കൂൾ സമയത്തല്ലാത്ത സമയത്തു് അതു് അനുവദനീയമാണോ ഇതിൽ പറയുന്നതു് ?

മി. സ്പീക്കർ : റൂൾ 17 (ബി) യിൽ അദ്ധ്യയനമില്ലാത്ത സമയത്തു് പ്രാർത്ഥനയ്ക്കായി വിദ്യാലയങ്ങൾ ഉപയോഗിക്കാമെന്നു പറയുന്നുണ്ടു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : പക്ഷേ, 23-11-1936 നു് മുമ്പുള്ള സ്കൂളുകളെപ്പറ്റിയാണു് അതു് അനുവദിച്ചിരിക്കുന്നതു്. അതിനു ശേഷം സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്കൂളുകളിൽ അതു് അനുവദനീയമല്ല. അവിടെയും ആശയവൈരുദ്ധ്യം കാണിക്കുന്നുണ്ടു്. ഏതു മതത്തിൽപ്പെട്ട ആളായാലും, വിദ്യാഭ്യാസകാര്യത്തിലും മതപരമായ വിദ്യാഭ്യാസത്തിനും ഒരു പ്രാധാന്യം കൊടുക്കുന്നുണ്ടു്. പ്രാർത്ഥനയുമുണ്ടു്. ക്രിസ്ത്യാനികൾക്കും, മുസ്ലീങ്ങൾക്കും മാത്രമല്ല, ഹിന്ദുമിഷൻ സ്കൂളുകളും നടത്തുന്നുണ്ടു്. അവിടെ അത്തരം സ്കൂളുകളിൽ ചെറിയ ഭേദഗതി നടത്താവുന്നതാണു്. അതുകൊണ്ടു് ഈ വകുപ്പു് ഡിലീറ്റു ചെയ്യണമെന്നാണു് എനിക്കു് പറയാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കുസുമം ജോസഫ് : സർ, ഇതു് അതി പ്രധാനമായ ഒരു വകുപ്പായതുകൊണ്ടു് രണ്ടു വാക്കു പറയണമെന്നു് ഞാൻ വിചാരിക്കുകയാണു്. ഈശ്വരവിശ്വാസത്തിലും സന്മാർഗ്ഗബോധത്തിലും അധിഷ്ഠിതമായ ഒരു രാജ്യമാണു് നമ്മുടെ ഭാരതം. ആ ഈശ്വരവിശ്വാസത്തിനും സന്മാർഗ്ഗബോധത്തിനും അനുയോജ്യമായ വ്യക്തമായ വ്യവസ്ഥകളും നമ്മുടെ ഭരണഘടനയിൽ കൊള്ളിച്ചിട്ടുണ്ടു്, അദ്ധ്യയന സമയത്തിനുപുറത്തു് ആരാധനയും മതപഠനവും നടത്തുന്നതിനു് മൈനോറ്റി സ്കൂളിനു് അനുവാദം കൊടുത്തിട്ടുണ്ടു്. ആഭാഗത്തുള്ള സ്നേഹിതന്മാർ എല്ലാവരും സ്കൂൾ സമയത്തിനുപുറത്തു് ഈശ്വരാരാധനയും മതപഠനവും ആകാം എന്നു പറയുന്നുണ്ടു്. പക്ഷെ റൂളിൽ പറയുന്നതു് 23-11-1963-നു് മുമ്പുള്ള സ്കൂളുകൾക്കു മാത്രം ആ സ്വാതന്ത്ര്യം ഉണ്ടായിരിക്കും എന്നാണു്. അതിനുശേഷം സ്ഥാപിച്ചിട്ടുള്ള സ്കൂളുകൾക്കു്, കാൽനൂറ്റാണ്ടുകൾക്കു മുമ്പു് സ്ഥാപിച്ചിട്ടുള്ള വിദ്യാലയങ്ങൾക്കു പോലും ഈ റൂൾ മൂലം ആ സ്വാതന്ത്ര്യം നിഷേധിക്കുകയാണു്. നമ്മുടെ നാട്ടിൽ എത്രയോ കാലമായി വിഭാഗീയ സ്കൂളുകൾ പ്രവർത്തിച്ചുവരികയാണു്. ഇതുവരെ അവിടെയെങ്ങും യാതൊരപകടവും ഉണ്ടായിട്ടില്ലെന്നുള്ളതു് സ്മരിക്കുമ്പോൾ എന്തിനു് ഇങ്ങനെ ആവശ്യമില്ലാത്ത വ്യവസ്ഥകൾ എഴുതിച്ചേർക്കുന്നു എന്നു ഞാൻ ചോദിക്കുകയാണു്. ഈ അവസരത്തിൽ ഒരു കാര്യം എന്റെ ഓർമ്മയിൽ വരുന്നതു് പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിദ്യാഭ്യാസബില്ലിൽ ഇവിടെ ചർച്ചചെയ്ത അവസരത്തിൽ വിഭാഗീയ സ്കൂളുകൾ നടത്തുന്നതു് വളരെ ആപത്താണെന്നു് വരുത്തിതീർക്കുവാൻ ഒരു ശ്രമം ആ ഭാഗത്തുനിന്നു നടക്കുകയുണ്ടായി. പറവൂർ ക്രിസ്ത്യൻ സ്കൂളിൽ.....

Mr. Speaker: That is absolutely beside the point. That has nothing to do with the rule under discussion.

ശ്രീമതി കുസുമം ജോസഫ് : ഒരു ക്രിസ്ത്യൻ സ്കൂളിലെ കന്യാസ്ത്രീ ഒരു പിഞ്ചുബാലികയെ അവരുടെ പള്ളിയിൽ കൊണ്ടുപോയി മുട്ടുകുത്തി പ്രാർത്ഥിപ്പിക്കുവാൻ ശ്രമിച്ചുവെന്നും ആ കുട്ടി അതിനു വിസമ്മതിക്കുകയാൽ കുട്ടിയെ മർദ്ദിച്ചുവെന്നും അതുകൊണ്ടു് അതിനെക്കുറിച്ചു് നടപടികളെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടു് റൂൾ 66 അനുസരിച്ചു് ഒരു മോഷൻ ഇവിടെ കൊണ്ടുവരികയുണ്ടായി. എന്നാൽ മുഖ്യമന്ത്രി അതിനു മറുപടിപറയാതെ മൂന്നുദിവസം ഒഴിഞ്ഞുമാറുകയാണു് ചെയ്തതു്.

Mr. Speaker: You speak as briefly as possible.

ശ്രീമതി കുസുമം ജോസഫ് : ഇങ്ങനെയുള്ള അനഭിലഷണീയമായ സാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ ഇല്ല എന്നു് വരുത്തുവാനാണു് ഞാൻ ഇതു പറയുന്നതു്. വിഭാഗീയ സ്കൂളുകൾ ഈ നാട്ടിൽ നടത്തുന്നതുകൊണ്ടു് യാതൊരപകടവും ഉണ്ടാകുന്നില്ല. ഉണ്ടായിട്ടുമില്ല. ഇനി ഉണ്ടാകാൻ പോകുന്നുമില്ല. അതുകൊണ്ടു് ഇങ്ങനെയുള്ള വ്യവസ്ഥകൾ നടപ്പിൽ വരുത്തി അനാവശ്യമായ കുഴപ്പം സൃഷ്ടിക്കരുതു് എന്നപേക്ഷിച്ചുകൊണ്ടു് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ഭാർഗ്ഗവൻ : സർ, റൂളിൽ ഇല്ലാത്ത പലതിനേയും കുറിച്ചു് ഇവിടെ പരാമർശനം നടത്തുന്നുണ്ടു്. അങ്ങനെ നടത്തുന്ന പരാമർശനങ്ങൾ മതത്തെ ദ്രോഹിക്കുന്നു എന്ന ഒരു പ്രതീതി ഉണ്ടാക്കുവാൻ ഉപകരിക്കുന്നുണ്ടു്. മതത്തെ ദ്രോഹിക്കുന്നതരത്തിലുള്ള വ്യവസ്ഥകൾ ഈ റൂളിൽ ഉണ്ടു് എന്ന പ്രതീതി വരത്തക്കവിധത്തിലുള്ള പരാമർശനങ്ങൾ പ്രചരണത്തിവേണ്ടി ഉപയോഗിക്കാനെങ്കിലും അതു് ഈ റൂളിനെ സംബന്ധിച്ചു് പറയുന്നതിൽ ബാധിക്കുകയില്ല. അതിനെക്കുറിച്ചു് റൂൾ 18-ൽ മാത്രമേ വരുന്നുള്ളു.

ശ്രീമതി കുസുമം ജോസഫ് : ഒരു ചോദ്യം. 18 (1) (ii) യിൽ റീലിജിയസ് ഇൻസ്ട്രക്ഷൻസ് മാത്രമാണു് വരുന്നതു്.

ശ്രീ. കെ. ഭാർഗ്ഗവൻ : റിലിജിയസ് ഇൻസ്ട്രക്ഷൻറെ മലയാള പദമാണ് മതപഠനം എന്നുള്ളതു്. സ്കൂളുകളും പള്ളിയിലോ, പൊതു ആരാധന സ്ഥലത്തോ, പ്രേയർ ഹൗസിലോ നടത്തുവാൻ പാടില്ല എന്നാണ് പറഞ്ഞിരിക്കുന്നതു്. എന്നാൽ ഉച്ചയ്ക്കു പള്ളിയിൽ പോയി പ്രാർത്ഥന നടത്തുന്നതിൽ യാതൊരു കുഴപ്പവുമില്ല. സ്കൂൾ എന്നുള്ള നിർവ്വചനത്തിൽ സ്കൂളിൻറെ പരിസരങ്ങളിലും, കാമ്പൗണ്ടിലും ഉള്ള പള്ളികളും, ചാപ്പലുകളും പെടുമെന്നുള്ള പ്രതിപക്ഷനേതാവിൻറെ വ്യാഖ്യാനം ഒരു ദുർവ്യാഖ്യാനമാണ്.

"School" includes the land and buildings of the school, the playgroun is and hostels of the school".

എന്നാണ് പറയുന്നതു്. സ്കൂളിൻറെതായ ഹോസ്റ്റലും, പ്ലേഗ്രൗണ്ടും മാത്രമെ സ്കൂളിൻറെ നിർവ്വചനത്തിൽ ഉൾപ്പെടുകയുള്ളു. സ്കൂളിൻറെ അടുത്തുള്ള ചാപ്പൽ സ്കൂളിൻറെ നിർവ്വചനത്തിൽ വരികയില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സ്കൂളിൻറെ ഭാഗത്തു പ്രാർത്ഥനമുറിയുണ്ടെങ്കിൽ അതു ഈ വകുപ്പുമൂലം തടയുകയില്ലേ ?

ശ്രീ. കെ. ഭാർഗ്ഗവൻ : ഒരു പ്രാർത്ഥനാമന്ദിരം സ്കൂളായി നടത്തുവാൻ സാധ്യമല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : 23-11-1936-നു മുൻപുള്ള സ്കൂളുകളിലാണെങ്കിൽ പ്രാർത്ഥനാമന്ദിരം വച്ചുകൊണ്ടിരിക്കുന്നതിൽ വിരോധമില്ല.

ശ്രീ. പി. ടി. ചാക്കോ : ഹോസ്റ്റൽ ഒരു സ്കൂളിൻറെ കീഴിൽ നടത്തുന്നുണ്ടു്. ആ ഹോസ്റ്റൽ സ്കൂളിൻറെ ഡെഫനിഷനിൽ വരും. മതങ്ങളെ പഠിപ്പിക്കുന്ന ഹോസ്റ്റലുകളും സ്കൂളായിട്ടു രൂപാന്തരപ്പെടും. ആരാധനാസ്ഥലങ്ങളും ഹോസ്റ്റലുകളും സ്കൂളായിട്ടു തീരുന്നുണ്ടെങ്കിൽ അതിനെ നിരോധിച്ചിട്ടില്ലേ ?

ശ്രീ കെ. ഭാർഗ്ഗവൻ : പ്രാർത്ഥനാമന്ദിരത്തെയും, ഹോസ്റ്റലിനെയും ഈ രൂപംകൊണ്ടു് ഉദ്ദേശിക്കേണ്ട കാര്യമില്ല.

ശ്രീ. പി. ടി. ചാക്കോ : മിസ്റ്റർ ഭാർഗ്ഗവൻ പറയുന്നതു ഭാർഗ്ഗവൻറെ ഭാവനയിലുള്ളതാണ്. ഇതിനെ ഴുതിവച്ചിരിക്കുന്നതു പ്രേയർ ഹൗസ് എന്നാണ്. സ്കൂളിൻറെ ഒരു സ്ഥലം പ്രേയർ ഹൗസായിട്ടു ഉപയോഗിച്ചാൽ അതു ബ്യൂട്ടിഫുൾ ആണ്. പ്രേയർ ഹൗസിൻറെ ഒരു ഡഫനിഷൻ ഇതിലില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : ഹോസ്റ്റലുകളും പ്രേയർ ഹൗസ് അല്ല.

ശ്രീ. പി. ടി. ചാക്കോ : പ്രേയർ ഹൗസ് എന്നുള്ളതിനും, ചർച്ച് എന്നുള്ളതിനും നിർവ്വചനമില്ലെന്നറിയാമോ ?

ശ്രീ. കെ. ഭാർഗ്ഗവൻ : അതാണ് ഞാൻ പറഞ്ഞതു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ദുർവ്യാഖ്യാനമാണെന്നു്.

ശ്രീ. എം. സി ഏബ്രഹാം: സർ,.....

Mr. Speaker: Do you also want to speak on this ? Don't misunderstand when I say this; every argument regarding this has been brought before the House.

ശ്രീ. എം. സി. ഏബ്രഹാം : I will not repeat these things. സർ, റൂൾ 17 ഞാൻ എതിർക്കുകയാണ്. സ്കൂളിൽ റിലിജിയസ് ഇൻസ്ട്രക്ഷൻ നടത്തുന്ന കാര്യങ്ങളെസംബന്ധിച്ചു ഭരണഘടനയിലെ ആർട്ടിക്കിൾ 28-ൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. സക്കാർവകയായി നടത്തുന്ന സ്കൂളുകളുണ്ടു്. സർക്കാർ സഹായംചെയ്തു നടത്തുന്ന സ്കൂളുകളുണ്ടു്. സർക്കാരിൽനിന്നു അംഗീകാരം കൊടുത്തു നടത്തുന്ന സ്കൂളുകളുണ്ടു്. ഇങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ റിലീജിയസ് ഇൻസ്ട്രക്ഷൻ നടത്തുന്നതിനെ സംബന്ധിച്ച് വളരെ വിശദമായി ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുണ്ട്. ആ നിലയ്ക്ക് ഇങ്ങനെ റൂൾ ഉണ്ടാക്കുന്ന അവസരത്തിൽ അത് പ്രത്യേകം ഇവിടെ എടുത്തുപറയണ്ട ആവശ്യമില്ല. ആർട്ടിക്കിൾ 28 (1)-ൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്.

"28. (1) No religious instruction shall be provided in any educational institution wholly maintained out of State funds.

(2) Nothing in clause (1) shall apply to an educational institution which is administered by the State but has been established under any endowment or trust which requires that religious instruction shall be imparted in such instruction.

(3) No person attending any educational institution recognised by the State or receiving aid out of State funds shall be required to take part in any religious instruction that may be imparted in such institution or to attend any religious worship that may be conducted in such institution or in any premises attached thereto unless such person or, if such person is a minor, his guardian has given his consent thereto."

അതുകൊണ്ട് സ്കൂളുകളിൽ റീലിജിയസ് ഇൻസ്ട്രക്ഷൻ നൽകുന്ന കാര്യത്തെസംബന്ധിച്ച് ഭരണഘടനയുണ്ടാക്കിയ അവസരത്തിൽ വളരെ വ്യക്തമായി അതിൽ പറഞ്ഞിട്ടുണ്ട്. ആ നിലയ്ക്ക് വിദ്യാഭ്യാസ ആക്ടിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവരുന്ന ഈ റൂളിൽ അത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമില്ല. മറ്റൊരു സംഗതി, എഡ്യൂക്കേഷൻ ആക്ടിലെ 36-ാം സെക്ഷൻ അനുസരിച്ചാണ് റൂൾ ഉണ്ടാക്കാനുള്ള അധികാരം കൊടുത്തിട്ടുള്ളത്. സെക്ഷൻ 36-ൽ ഇന്നതിന്നു കാര്യങ്ങൾക്ക് റൂൾ ഉണ്ടാക്കാമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

Mr Speaker : That is without prejudice to the generality of the foregoing power.... That is also stated there.

Shri M. C. Abraham : What is stated there is: "The Government may make rules for the purposes of carrying into effect the provisions of this Act.

(2) In particular and without prejudice to the generality of the foregoing power, such rules may provide for—

(k) "the standards of education and courses of study;

(l) creation and powers and working of Local Educational Authorities."

എന്നാണ്. ഈ വിദ്യാഭ്യാസ നിയമത്തിൽ മതപഠനം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് യാതൊന്നുംതന്നെ പ്രതിപാദിച്ചിട്ടില്ല. സബ്-റൂൾ 2-ൽ പറയുന്നത്. 'Schools shall not under any circumstances be held in Churches or places of public worship or prayer houses"

Mr. Speaker: So, according to you, it is ultra vires of the Act

Shri M. C. Abraham : Yes. It is ultra vires.

പ്രെയർഹൗസ് നടത്തുവാൻ പാടില്ലെന്നൊന്നും ആക്ടിൽ പറഞ്ഞിട്ടില്ല. അതുകൊണ്ട് വിദ്യാഭ്യാസ നിയമത്തിൽ പറഞ്ഞിട്ടുള്ളതിനു വിരുദ്ധമായിട്ടുള്ള നിലയിലാണ് റൂൾസ് കൊണ്ടുവന്നിട്ടുള്ളത്. അതിനാൽഞാൻ ഈ റൂളിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri V. R. Krishna Iyer : I wish to mention just a few words to clarify the position, because I have a feeling that quite a lot of confusion as regards what was prevailing in the State up till now and what is sought to be promulgated under these rules, exists in the minds of certain Members of this House. One thing I want to mention is that in the existing rules, all that is sought to be incorporated completely exists — no a crossing of 't' or putting of a dot on 'i' is sought to be done newly by these rules. Everything sought to be done by Rule 17 exists in toto today.

Shri P. T. Chacko: May I point out that it is no argument 'if by executive orders illegal acts are perpetrated.'

Shri V. R Krishna Iyer : Let me proceed. Let no man in this House be under the impression that an attempt is being made in these Rules to add to the restrictions already existing. Here is a rule 17. 17(1) has been pointed to with a sense of censure and ridicule and referred to as 'Moshanam' 'thondi' etc. by Mr. Joseph Chazhikkat I can only express my regret about that. Rule 17(1) which has been read out several times here is word by word borrowed from the fundamental rights of the Constitution so that nobody can say that this Government is putting any additional restriction or bringing in any regulation or snaking in rights existing.

Shri P. T. Chacko : Is there any necessity to copy the provisions in the Constitution ?

Shri V. R. Krishna Iyer : I shall come to it by and by. The content of the speeches made here might mislead people. They might imagine that these rules deny or take away the rights of people for religious propagation or fetter their educational freedom. Therefore I hasten to assure that no such thing is attempted.

Then about 17(2) of course nobody who aspires to originality in regard to this rule can claim any credit. The existing rule is here simply reproduced "Schools shall not under any circumstances be held in Churches or places of public worship or prayer houses" word for word, letter for letter. If there is an erroneous capital letter "c" it has been borrowed. There is absolutely nothing novel about it. I am reading from current rules: (A) "Schools shall not under any circumstances be held in Churches or places of Public Worship or prayer houses. This rule does not, however, apply to schools held in prayer houses or other places of public worship prior to 23-11-1936 in the erstwhile Travancore area. These schools may continue to be held in those buildings on the following conditions :

(a) The buildings referred to should not be used as prayer houses or places of public worship except out of school hours.

(b) Even out of school hours they may be used only for the purpose of prayer or public worship and not for religious propaganda of a controversial nature calculated to produce ill feelings and strife between members of different religions, denominations or sects, or for proselitization.

LIBRARY ARCHIVES Kerala Legislative Assembly

(c) The violation of the above conditions will entail the withdrawal of the permission to conduct the school in the building intended for prayer or public worship.

Note: In this rule "Guardian" means the father of the child, the mother of the child if the father is not alive, and a person having the care of the person of the child if both the father and the mother are not alive."

So much so, what I would like to mention is this. The rule which has been written there has got the force of law. There may be several rules, several executive orders which are illegal but which are written and kept in book, which are never to be in practice. Is it a reason to justify that the promulgation of another rule is illegal.

Now there are two or three points to which I would like to reply.

Are these rules consistent with the Constitution? Are they consistent with the Act which empowers rules to be made by the Government? Are they acceptable in substance? Regarding the first point that there was no originality it is not claimed as a matter of pride from this side nor can it be criticised as a novelty by the other side. The second point is with reference to the constitutionality or intra vires or ultra vires of the various articles in the Constitution. 17(1) is not unconstitutional inasmuch as it is a reproduction word by word of an article of the Constitution. About the felicity or infelicity of such reproduction, what I would like to mention is this. These rules are supposed to be a compendium for ready reference of all the rules relating to the establishment and maintenance of Schools. For that matter I would say that rules from other enactments are also brought in here. Whether these things can or cannot be referred to in the Criminial Procedure Code or in the Constitution, or in the Police Code are all questions that may be asked. But what we have done here is for ready reference we have collated and crystallised them all in the shape of a set of rules. A hypersensitive lawyer may have seen all these in the other enactment and may be able to refer to them in the relevant places. There is nothing wrong about it. I may also add that this is not an isolated instance where rules from other enactments are called and reproduced. The Criminal Procedure Code, for instance, contains a provision. That is almost borrowed word to word from the Constitution; so that, if we hunt up and do research we can find any number of enactments where the provisions of the Constitution are reproduced. It may appear otiose or wasteful reproduction; but it is certainly not so extraordinary or outrageous, that members should look very grave and imagine something appallingly wrong has been sought to be perpetrated.

Next I turn to the question; regarding the constitutionality of these rules 17(1) and 17(2). The Constitution deals with two sets of rights, the rights in regard to religion or freedom

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

relating to religion and freedom in regard to education. What is sought to be restricted here is not freedom relating to religion. The article dealing with freedom of religion in the sense of exercising one's own religion, the propagation of one's own religion; that is not sought to be interfered with here. What is sought to be interfered with is freedom in regard to educational matters. "Schools shall not be established or maintained in a church". Now it is not a provision against the Constitution which says that the State Government or the State Legislature can prescribe where to institute or establish a school and where not. Within two miles of one school there need not be another, then it should not be near a slum, near a prison etc.

To establish and maintain a school is an educational right. Are these rules fettering educational freedom? No. Similarly what is sought to be done is not to limit religious freedom. Article 28 of the Constitution deals with religious instruction in schools. I would like to mention that there is absolutely no ground for the apprehension that religious instruction is tabood that lessons, say from the holy Quoran or the Bible or from the Hindu scriptures cannot be taught to children. What is restricted is religious instruction and this is the expression used in the Constitution. It says that religious instruction shall not be imparted in an institution financed out of the State Funds. Therefore what is religious instruction has been gone into. This rule does not ban moral instruction, which is an essential part of the training for citizenship and the growth of social cohesion. In regard to the primary education being the duty of the State it is all the more necessary for the State to impart moral education for the future citizen especially in a State like India, where the character of a man is inextricably blended with his religious instincts. Moral instruction will include teachings from religious books, certain tenets which a particular religion may propagate or the basic tenets of all religions. Shri Chazhikkat Joseph said that a person turning towards a temple beating his cheeks or beating his chest is not religious worship. A particular religion being propagated is different. It is something like politics in general and party politics in particular. To take out border line cases and to find out general argument is sheer intellectual gymnastics.

Shri Maloth Gopinatha Pillai: The difficulty is that the difference between religious instruction and moral instruction is a very delicate one.

Shri V. R. Krishna Iyer: The fathers of the Constitution in all their parliamentary wisdom only stated that religious instruction shall not be given in any educational institution. So we are bound to make something out of the subject of religious instruction and that alone should apply to the special circumstance.

LIBRARY ARCHIVES Kerala Legislative Assembly

Then the only question remaining is whether rule 17(2) contravenes any specific fundamental right, even assuming that it affects religious rights. In regard to religious rights all that is mentioned in Art. 26 is :

"Subject to public order, morality and health every religious denomination or any section thereof shall have the right—

(a) to establish and maintain institutions for religious and charitable purposes ;

(b) to manage its own affairs in matters of religion;

(c) to own and acquire movable and immovable property etc.

Freedom of concience is also guaranteed in the Constitution There also it is quite clear that there is nothing extreme. Subject to public order, morality and health, all persons are equally entitled to freedom of conscience and the right freely to profess, practise and propagate religion. In a multi-religious State like Kerala it may be a peril if we allow propagation of religious instruction in the strict sense in educational institutions. I have heard speeches where Muslim speakers have said that Christ being born of a virgin is an idea which they cannot reconcile with; how God's son was born in a woman's womb. Like that the Hindu 'Panchagavya' and the worship of cow is rediculed by others. In educational institutions we cannot have religious instruction of that sort. I would say that Art. 25 itself is not followed if we correctly understand the connotation of the expression 'religious instruction', as distinct from 'moral instruction'. Now my point is how far is this rule consistent with the Act. The Act itself says that, 'nothing in the Act will apply to schools which are not aided or recognised'. That is quite clear in the Act itself. Section 38 says: "Nothing in this Act shall apply to any school which is not a Government school or a private school". Private school means an aided or recognised school. Therefore, if it is a school not recognised, this won't apply at all. So much so there is no difficulty. One hon. member was heard saying that section 36 does not authorise to make rules of this nature. In this case there is nothing irregular. Section 36(2) (a) empowers Government to make rules for the establishment and maintenance of schools. The only point is that probably the heading has misled people. I would suggest to the hon. Minister for Education to change the heading if necessary. The heading given is 'Schools not to be used as prayer houses or as places of Public worship'. It ought to be 'Prayer houses or places of Public worship should not be used as schools'.

Then, we come to the last point, that is, is it obnoxious to reason; how can we approach it? The Leader of the Opposition said that schools mean the land, buildings, playgrounds etc. If the laconic interruption of the P. S. P. Deputy Leader has been listened to, the difficulty would not have arisen. He said that school includes only the building in which it is situate and the playgrounds actually earmarked for that purpose. There may be a chapel five feet away, but there is no difficulty. The only

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

thing is that the school building must be on that land, the playground must be there and the hostel must be there. So much so, I would suggest that the apprehension that a chapel would be claimed as part of the school is out of place.

Another point is whether using a small portion of the school for prayer purpose or a hostel for a prayer purpose on a particular day or even on every Sunday will be objected to. I would suggest that the argument put forward by Shri B argavan effectively meets it. How do you define a residential and a non-residential building under the Rent Control Act. It may be that a woman residing in a building makes appams and sells them. Can it be said to be a shop or commercial site? The primary use of the building is for residential purpose. Like that here what is the primary purpose? The primary purpose is education. Then it is a school. If the primary purpose is as a place of public worship or prayer house, then it is not a school. It is only in that sense it is restricted. That is not denied. Even the incidental use of a portion of a school is not being objected to. A Muslim League member said something, that certain things should be allowed about the District Board Schools. I can only say that as far as the law permits, we will make an endeavour still to satisfy their difficulties. I am afraid that the Constitution does not allow going back to the extent to which it was prevailing in the past. They are compeletely maintained by State funds.

The amendment of Shri C. A. Mathew was put and lost.

Mr. Speaker : Rule 17 has been opposed by certain members So the question before the House is that Rule 17 be deleted.

The amendment was put and lost.

Shri P. T. Chacko: Sir, I demand a poll.

A poll was taken when the House divided as follows :—

Ayes—43.

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, K. S. Achuthan
4 ,, M. P. M. Ahamad Kurikkal
5 ,, Alexander Parambithara
6 ,, M. A. Antony
7 ,, K. Ayukkadarkutty Naha
8 ,, A. Bala Gopalan
9 ,, T. O. Bava
10 ,, P. T. Chacko
11 ,, K. Chandrasekharan
12 ,, K. Eacharan
13 ,, N. Ganapathy
14 Shri K. M. George
15 ,, Gopalankutty Nair
16 ,, K. Gopinathan Pillai
17 ,, K. Hassan Gani
18 ,, Idiculla
19 ,, A. L. Jacob
20 ,, P. M. Joseph
21 ,, Joseph Chazhikatt
22 ,, Joseph (George)
23 ,, P. S. Karthikeyan
24 ,, K. Kochukuttan
25 ,, P. Kumaran
26 ,, Kunhambu Kallayan
27 ,, Chirappady Kunnikrishnan Nair

LIBRARY ARCHIVES Kerala Legislative Assembly

28 Shri P. M. Kunhiraman Nambiar
29 ,, Kunhikrishnan Nair
30 ,, M. Kunjukrishnan Nadar
31 Smt. Kusumom Joseph
32 ,, Leela Damodara Menon
33 Shri Madura
34 ,, M. M. Mathai
35 Shri C. A. Mathew
36 ,, K. Moideenkutty Haji
37 ,, K. R. Narayanan
38 ,, R. Raghava Menon
39 ,, P. Ramunny Kurup
40 ,, Ponnara G. Sreedhar
41 ,, K. T. Thomas
42 ,, T. A. Thomman
43 ,, K. K. Viswanathan

Noes—61.

1 Shri Abdul Majeed
2 ,, C. Achutha Menon
3 ,, C. C. Ayyappan
4 Smt. K. O Aysha Bai
5 Shri P. Balachandra Menon
6 ,, R. Balakrishna Pillai
7 ,, K. A. Balan
8 ,, N. E. Balaram
9 ,, K. Bhargavan
10 ,, P. Bhaskaran Nair
11 ,, Thoppil Bhaskaran Pillai
12 ,, E. Chandrasekharan Nair
13 ,, P. K. Chathan
14 ,, K. C. George
15 ,, E P. Gopalan
16 ,, P. Gopalan
17 ,, K. P. Gopalan
18 ,, E. Gopalakrishna Menon
19 ,, K. P. R. Gopalan Nambiar
20 Smt. K. R. Gouri
21 Shri Govindan
22 ,, K. Govindankutty Menon
23 ,, P. Govindan Nambiar
24 ,, P. Govinda Pillai
25 ,, R. Janardhanan Nair
26 ,, Joseph Mundassery
27 ,, A. M. Kaliyanakrishnan Nair
28 ,, Kallalan
29 ,, C. H. Kanaran
30 Shri C. Kannan
31 ,, G. Karthikeyan
32 ,, K. Karunakaran
33 ,, M. K. Kelu
34 ,, P. K. Koru
35 ,, R. Krishnan
36 ,, K. Krishna Menon
37 ,, V. R. Krishna Iyer
38 ,, M. Kumaran
39 ,, E. T. Kunhan
40 ,, P. V. Kunhunni Nair
41 ,, P. K. Kunjachan
42 ,, P. R. Madhavan Pillai
43 ,, C.K. Narayanan Kutty
44 ,, T. C. Narayanan Nambiar
45 ,, N. Neelakantaru Pandarathil
46 ,, G. Padmanabhan Tampi
47 ,, R. Prakasam
48 ,, N. Rajagopalan Nayar
49 ,, T. K. Ramakrishnan
50 ,, V. Ramakrishna Pillai
51 ,, A. K. Ramankutty
52 ,, P. Ravindran
53 Smt. Rosamma Punnoose
54 Shri M. Sadasivan
55 ,, C. G. Sadasivan
56 ,, E. M. S. Namboodiripad
57 ,, K. Sivadasan
58 ,, N. Sivan Pillai
59 ,, V. Sreedharan
60 ,, R. Sugathan
61 ,, T. V. Thomas

Neutrals—Nil.

The amendment was declared lost.

LIBRARY ARCHIVES Kerala Legislative Assembly

Shri C. A Mathew: Sir, I move to delete sub-rule (1) of Chapter IV D Rule 18.

സർ, 18–ാംറൂളിലെ 1–ാം സബ്റൂൾ ഡിലീറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 17–ാംവകുപ്പ് പ്രധാനമായിട്ട് ആരാധനാസ്വാതന്ത്ര്യത്തെ നിഹനിക്കുന്നതാണെങ്കിൽ, 18–ാംവകുപ്പ് മതപഠനത്തെ സംബന്ധിച്ചുള്ളതാണ്. ഈ വകുപ്പിലെ വ്യവസ്ഥകൾ എല്ലാം നിലവിലുണ്ടായിരുന്ന ചട്ടങ്ങളിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ടായിരുന്നു എന്നൊരു വാദഗതി ഇവിടെ ഉന്നയിച്ചതു് ശരിയല്ലെന്നു് ഇതിനകം ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. ആക്ടിൽ നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട്, ഗവണ്മെൻറ് ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ അതിനു മുൻപു്, എക്സിക്യൂട്ടീവു് ഓർഡർ പ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങളേക്കാൾ പ്രാബല്യം അഥവാ നിയമശക്തി ഉണ്ടെന്നുള്ളതു് വളരെ വ്യക്തമാണു്. ഏതായാലും മതപഠനം സ്കൂളുകളിൽ തടയുന്നതിനുള്ള അധികാരം ഗവണ്മെൻറിനു് ഭരണഘടനമൂലം ഇല്ലാത്തതുകൊണ്ടു്, അനാവശ്യമായ വ്യവസ്ഥകൾ ഇതിൽ ഉൾക്കൊള്ളിച്ചു്, ആ അവകാശത്തെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഒരു പരിശ്രമമാണു് 18–ാംറൂൾ 1–ാം ഉപചട്ടം കൊണ്ടു് ഗവണ്മെൻറ് ചെയ്തിരിക്കുന്നതു്. ഇതിനകത്തു് അതിനു നാലഞ്ചു നിബന്ധനകൾ എഴുതിച്ചേർത്തിരിക്കുകയാണു്. ഒന്നാമത്തെ നിബന്ധനയായി കാണിച്ചിരിക്കുന്നതു് 17–ാംറൂൾ 1–ാം ഉപറൂളിലെ വ്യവസ്ഥകളാണു്. ആ ഒന്നാം ഉപറൂൾതന്നെ ഭരണഘടനയിലെ വാചകങ്ങൾ അതേപടി പകർത്തിയിട്ടുള്ളതാണെന്ന നിലയിൽ ഇവിടെ അതു ചേർക്കേണ്ട ആവശ്യമില്ല. പബ്ലിക്ക് ഫണ്ടു് റിലിജിയസ് ഇൻസ്ട്രക്ഷൻ ഉപയോഗപ്പെടുത്തിക്കൂടാ എന്നാണു് എഴുതിച്ചേർത്തിരിക്കുന്നതു്. ഭരണഘടനയിലെ ഭാഗങ്ങൾ ഇവിടെ വായിച്ചതിനുശേഷം സ്റ്റേറ്റ് ഫണ്ടു് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തിക്കൂടാ എന്നു് വ്യക്തമായിട്ടുണ്ടു്. പബ്ലിക്ക് ഫണ്ടു് സ്റ്റേറ്റ് ഫണ്ടിനെപ്പറ്റിയായി വേറെ പൊതുമതലും ഉൾപ്പെടുന്നതാണു്. സ്റ്റേറ്റ് ഫണ്ടു് അങ്ങനെ ഉപയോഗപ്പെടുത്തിക്കൂടാ എന്നു പറഞ്ഞാൽ മനസ്സിലാക്കാൻ കഴിയും. അതുപോലെയല്ല പബ്ലിക്ക് ഫണ്ടു്. അതുസംബന്ധിച്ചു് വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ ഉണ്ടാകാൻ ഇടയുണ്ടു്. ആ നിലയിൽ ബി–യിൽ പറഞ്ഞിരിക്കുന്നതു് ദുരുപദിഷ്ടം ആണെന്നാണു് എൻറെ അഭിപ്രായം.

Shri Joseph Mundassery: Necessary modifications may be made regarding that.

ശ്രീ സി. എ. മാത്യു: അതു് ആവശ്യമില്ലാത്തതാണെന്നാണു് ഞാൻ പറയുന്നതു്. മൂന്നാമതായി എഴുതിയിട്ടുള്ള നിബന്ധന ഏതു രീതിയിലും വ്യാഖ്യാനിക്കാവുന്ന തരത്തിലാണു്. ഇവിടെ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഏതെങ്കിലും മതത്തെപ്പറ്റി പറയുമ്പോൾ മറ്റു മതത്തെപ്പറ്റി അല്പം താരതമ്യപ്പെടുത്തിയെന്നു വരും. അങ്ങനെ താരതമ്യപ്പെടുത്തിയാൽ ഈ ഉപവകുപ്പിനു വിപരീതമാണെന്നു ആരെങ്കിലും പറഞ്ഞാൽ അതിനെ ചോദ്യം ചെയ്യാൻ നിവൃത്തിയില്ലാതെവരും. അതുകൊണ്ടു് ഈ ഉപറൂൾ ആവശ്യമില്ല. ബി–യെപ്പറ്റി ശ്രീ. ടി. എ. തൊമ്മൻ വളരെ വ്യക്തമായി ഇവിടെ പറഞ്ഞിട്ടുണ്ടു്. അതും ആവശ്യമില്ലാത്തതാണു്. അടുത്തതായി ഈ–യിൽ പറഞ്ഞിട്ടുള്ളതു് ക്ലാസ്സു് സമയത്തു് മതപഠനം നടത്തുകയാണെങ്കിൽ സിലബസ്സു് അനുസരിച്ചുള്ള പീരീഡിനെ ബാധിക്കാത്ത തരത്തിലായിരിക്കണമെന്നാണു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതുകൊണ്ടുള്ള പീരീഡിൻറെ സമയത്തിനെ ബാധിക്കരുതെന്നാണു്.

ശ്രീ. സി. എ. മാത്യു: അങ്ങനെയുള്ള അർത്ഥം ഇതിനകത്തു വരുന്നില്ല. അതൊക്കെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുന്നതിനു് പഴുതുകൾ നൽകുന്നതാണു്. അതും ഇതിൽ പ്പെടേണ്ട ആവശ്യമില്ല. മതപഠനത്തെ സംബന്ധിച്ചിടത്തോളം ഭരണഘടനയിൽ പറഞ്ഞിട്ടുള്ള അവകാശങ്ങളിൽ ഏതെങ്കിലും ചെറിയ കയ്യേറ്റം ഉണ്ടായാൽ അതിനെ തടയാതിരിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യംചെയ്യാതിരിക്കാനും സാധ്യമല്ല. അടുത്ത രണ്ടാം ഉപവർഗ്ഗം അധ്യാപകരെ ബന്ധിക്കുന്നതാണു്. അതിൽ പ്രേരണ ചെലുത്താൻ സാധ്യമല്ല. മൂന്നാം സംഘവും ഏറ്റവും തെറ്റായിട്ടുള്ളതാണു്. അതു് ഡിലീറ്റ ചെയ്യണമെന്നുള്ള ഭേദഗതി ബഹുമാനപ്പെട്ട മുണ്ടശ്ശേരി മാസ്റ്റർ അംഗീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: വകുപ്പു് 18-നു് രണ്ടു ഭേദഗതികളും ഞാൻ കൊടുത്തതു് പ്രത്യേക ഉദ്ദേശത്തോടുകൂടിയായിരുന്നു. വിദ്യാലയങ്ങളിൽ മതപ്രബോധനം അനുവദിച്ചുകൊണ്ടുള്ള ഒരു വകുപ്പാണിതു്. മലബാർ ഭാഗങ്ങളിൽ പ്രത്യേകിച്ചും മുസ്ലീം വിദ്യാലയങ്ങളിൽ സ്കൂൾസമയത്തിനു കോട്ടം തട്ടാത്ത വിധത്തിൽ അതിനു മുൻപും പിൻപും സ്കൂളുകളും ഇക്കാര്യത്തിനു് ഉപയോഗിച്ചിരുന്നു. ഏറനാടു്, വള്ളുവനാടു് എന്നീ സ്ഥലങ്ങളിൽ 100 ശതമാനവും മുസ്ലീം കുട്ടികളും പഠിക്കുന്ന വിദ്യാലയങ്ങളും ഉണ്ടു്. കേരളസ്ഥാനരൂപീകരണത്തിനു ശേഷം മുമ്പു് അവിടെ ഇല്ലാതിരുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടു്. 10 മണിമുതൽ 4 മണിവരെയാണു് സ്കൂൾ സമയം. ഇങ്ങനെ വരുമ്പോൾ ചില സമയത്തു് 10 മണി എന്നുള്ളതു് 10½ മണി എന്നാക്കേണ്ടിവരും. കരിക്കുലം ഒരു വർഷത്തിൽ ഇത്ര മണിക്കൂർ വേണമെന്നും അതു് ഇത്ര പീരിയഡാക്കി പഠിപ്പിക്കണമെന്നും നിശ്ചയിച്ചിട്ടുണ്ടു്. അങ്ങനെ അതായതു് സിലബസ് പൂർത്തിയാകുകയുള്ളു. സ്കൂൾ 10½ മണിമുതലാകുമ്പോൾ മറ്റു സമയങ്ങളിൽ പഠിപ്പിച്ചു് സിലബസ് പൂർത്തിയാക്കണമെന്നുള്ള ബാധ്യത ഉദ്യോഗസ്ഥന്മാരാണു് (ഇ) ഉപവർഗ്ഗം. സ്കൂളുകളുടെ സമയം രണ്ടായിരിക്കണമെന്നുള്ള കല്പനയുടെ വെളിച്ചത്തിലും മലബാറിൽനിന്നും ഉണ്ടായിട്ടുള്ള നിവേദനങ്ങൾക്കു് അത്തരം സൗകര്യം നൽകിയിട്ടുണ്ടെന്നുള്ള ബോധ്യത്തിലും എന്റെ ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നില്ല.

പബ്ലിക്ക ഫണ്ടു് എന്നുള്ളതിനെ തെറ്റിദ്ധരിച്ചുകൊണ്ടാണു് ശ്രീ. മാത്യു ഇവിടെ സംസാരിച്ചതു്. പൊതുജനങ്ങളിൽനിന്നും പിരിക്കുന്ന ഫണ്ടു് തടഞ്ഞുവയ്ക്കണമെന്നുള്ളതല്ല ഉദ്ദേശം. ഇവിടെ പബ്ലിക്ക ഫണ്ടു് ഗവണ്മെന്റിന്റെ ഗ്രാന്റാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഭരണഘടനയനുസരിച്ചു് സർക്കാരിന്റെ പണം ഏതുരീതിയിൽ ഉപയോഗിക്കാൻ പാടില്ലെന്നേ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

Shri P. T. Chacko: Are you prepared to change the expression 'public funds' to 'State funds'?

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: അത്തരത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളും മനസ്സിൽ വച്ചുകൊണ്ടാണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെതന്നെ വേണം.

Shri P. T. Chacko: Sir, I move:

"In Chapter IV D clause 18 (1) delete (b), (c) and (d).

ഇതിനെപ്പറ്റി ദീർഘമായി പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. എന്തു പറഞ്ഞാലും ഭരണഘടനാവിരുദ്ധമായ കാര്യങ്ങളായാലും അതു് വച്ചേ മതിയാകൂ എന്നുള്ള നിർബ്ബന്ധബുദ്ധി കാണിക്കുകയാണു്. ശ്രീ. കൃഷ്ണയ്യരുടെ വ്യാഖ്യാനം കേട്ടപ്പോൾ ഭരണഘടനയിലെ വകുപ്പുകൾക്കു് അദ്ദേഹം ഒരു വ്യാഖ്യാനം എഴുതി പ്രസിദ്ധപ്പെടുത്തിയില്ലല്ലോ എന്നു് ഞാൻ സമാധാനപ്പെട്ടു. കാരണം എഡ്യൂക്കേഷൻ റൈറ്റും റിലിജിയസ് റൈറ്റും വേർപെടുത്തിക്കാണിച്ചു് എഡ്യൂക്കേഷൻ റൈറ്റിനെപ്പറ്റി എന്തും എഴുതാമെന്നു് അദ്ദേഹം പറഞ്ഞു. ഈ റൂൾസ് ഭരണഘടനാവിരുദ്ധമായി കാണുന്നുണ്ടു്. ബി. സ. ഡി. ഉപേക്ഷിക്കണമെന്നാണു് ഭേദഗതി. ബി. ഉപേക്ഷിക്കാമെന്നു് ബഹുമാനപ്പെട്ട മന്ത്രിയും ശ്രീ. നമ്പ്യാരും സമ്മതിച്ചതിൽ എനിക്കു് സന്തോഷമുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: സ്റ്റേറ്റ ഫണ്ടു് എന്നാക്കണമെന്നാണു് ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പബ്ലിക്ക ഫണ്ട് എന്നു വച്ചാൽ സ്റ്റേറ്റ് ഫണ്ട് എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ പി. ടി. ചാക്കോ : അങ്ങനെ മാറ്റാമെന്നാണോ പറയുന്നത് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതേ.

ശ്രീ പി. ടി. ചാക്കോ : അപ്പോൾ ബി-യെ സംബന്ധിച്ച് എനിക്ക് അബ്ജക്ഷനില്ല.

സി. ഉപവകുപ്പ് വളരെ ദുർഘടംപിടിച്ച ഒന്നാണ്. ഭരണഘടനയിൽ ഒരു കാര്യത്തെപ്പറ്റിയുള്ള അവകാശങ്ങൾ എന്താണെന്ന്.....

Shri Joseph Mundassery: I agree to modify sub-clause (c).

ശ്രീ. പി. ടി. ചാക്കോ : കാര്യം വെളിച്ചം വന്നതിൽ എനിക്ക് സന്തോഷമുണ്ട്. അപ്പോൾ അതേപ്പറ്റി കൂടുതലൊന്നും പറയാനില്ല. ഡി-യും വളരെ അപകടംപിടിച്ച ഒന്നാണ്. സ്കൂളിൽ മതപരിവർത്തനം പാടില്ല എന്നുള്ളതു് ഉപേക്ഷിക്കണമെന്നു പറഞ്ഞാൽ എല്ലാ സ്കൂളുകളിലും മതപരിവർത്തനം നടത്തിക്കൊള്ളാമെന്നു് ഞാൻ ഉദ്ദേശിക്കുന്നതായി ദുർവ്യാഖ്യാനം ചെയ്യുകയില്ലെന്നു വിശ്വസിക്കുന്നു. നിർബ്ബന്ധപൂർവ്വം മതപരിവർത്തനം നടത്തുന്നതു് വിദ്യാലയങ്ങളിലായാലും പുറത്തായാലും കുറ്റകരമാണു്. അതു് നിരോധിച്ചിട്ടുള്ളതാണു്. ആ സ്ഥിതിക്കു് അതിനു പ്രത്യേക വ്യവസ്ഥയാവശ്യമില്ല. അതിനപ്പുറത്തു് എന്തെങ്കിലുമാണു് ഉദ്ദേശമെങ്കിൽ അതു് അനുവദിക്കാൻ പാടില്ലാത്തതാണു്. ഏതെങ്കിലും കുട്ടിയുടെ രക്ഷകർത്താവിനു് ആ കുട്ടി മതപഠനം നടത്തുന്നതു് നല്ലതാണെന്നുള്ള അഭിപ്രായമുണ്ടായാൽ ആ കുട്ടിക്കു് മതപഠനത്തിൽ പങ്കെടുക്കാം. അങ്ങനെ പങ്കെടുത്തിട്ടു് ആ വിദ്യാർത്ഥിക്കു രക്ഷകർത്താവിനും മതം മാറണമെന്നു തോന്നിയാൽ അങ്ങനെ ചെയ്യുന്നതിനുള്ള പരിപൂർണ്ണമായ അവകാശം ഇന്നു ഇവിടുത്തെ രാജ്യത്തുണ്ടു്. അതിൽ നിർബ്ബന്ധത്തിന്റെ യാതൊന്നും വരുത്തുന്നില്ല എന്നുള്ള മാത്രമേ ഉള്ളൂ. ആയുഷ്കാലത്തെന്നു ഞാൻ വിശ്വസിക്കുന്ന മതമാണു് നല്ലതെന്നു പറയുന്നതിനുള്ള അവകാശവും ഇവിടുത്തുണ്ടു്. അതു് മറ്റു പ്രവർത്തനങ്ങൾക്കു് ബാധകമല്ലാത്തവിധത്തിൽ ചെയ്യുന്നതും തെറ്റല്ല. മതപഠനം നടത്തുന്ന വിദ്യാലയങ്ങളിൽ പഠിക്കുന്ന മറ്റു മതത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു് മതപഠനക്ലാസ്സിൽ അറൻഡു ചെയ്യണമെങ്കിൽ അതിനും സ്വാതന്ത്ര്യമുണ്ടു്. അങ്ങനെ അറൻഡു ചെയ്തു് തനിക്കു മതപരിവർത്തനം നടത്തണമെന്നു് സ്വയം ബോദ്ധ്യമായാൽ അതിനെ യാതൊരു വിധത്തിലും കുറ്റം പറയാൻ സാധിക്കയില്ല. (ഡി) ഉപവകുപ്പും അതിനെ തടയുന്നില്ല എന്ന സംശയമുണ്ടു്. അങ്ങനെ തടയുന്നെങ്കിൽ അതു് ഭരണഘടനാവിരുദ്ധമാണു്. അതുകൊണ്ടു് ഈ ഉപവകുപ്പും ആവശ്യമില്ലാത്തതാണു്. ഗവണ്മെന്റുദ്ദേശിക്കുന്ന സ്കൂളുകളിൽ പോകുന്ന വിദ്യാർത്ഥികളെ നിർബ്ബന്ധിച്ചോ അല്ലെങ്കിൽ എന്തെങ്കിലും പ്രലോഭനം നടത്തിയോ മതപരിവർത്തനം നടത്തുന്നതെങ്കിൽ അതിനു് ഈ ഉപവകുപ്പിന്റെ ആവശ്യമില്ല. നിർബ്ബന്ധപൂർവ്വമായി മതപരിവർത്തനം നടത്തുന്നതിനെ കുറ്റകരമാക്കിയിട്ടുണ്ടു്. ആ നിലയിൽ ന്യായമായിട്ടുള്ള കാര്യങ്ങൾ സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയിൽ ഇതുകൂടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : അപ്പോൾ സ്കൂളുകളിൽ മതപരിവർത്തനം നടത്താമെന്നാണോ അഭിപ്രായം ?

ശ്രീ പി ടി ചാക്കോ : ഞാൻ ഇതുവരെ പറഞ്ഞതിൽനിന്നും മനസ്സിലായില്ലെങ്കിൽ ഇനി ഞാൻ പറഞ്ഞാലും മനസ്സിലാകുകയില്ല.

Mr. Speaker: It has been already accepted.

Shri Alexander Parambithara: I move :

"In Chapter IV D clause 18 (1) delete (d) and re-number (e) as (d),

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയായാൽ വ്യവസ്ഥയുടെ യാതൊരാവശ്യവുമില്ല. വിദ്യാലയങ്ങൾ മാനസ്സാന്തരം വരുത്തുന്ന സ്ഥാപനങ്ങളാണെന്നു് സംശയിച്ചുപോകുന്നതരത്തിലാണു് റൂൾ എഴുതിച്ചേർത്തിട്ടുള്ളതു്. മതപരിവർത്തനത്തിനുള്ള മാർഗ്ഗമായി വിദ്യാലയങ്ങളെ ആരും സ്വീകരിച്ചിട്ടില്ല. ഇങ്ങനെ എഴുതിച്ചേർക്കുന്നതു് അപ്രിയം രാഷ്ട്രീയമാണെന്നാണു് ഞാൻ കരുതുന്നതു്. അതുകൊണ്ടു് (ഡി) ഡിലീറ്റ് ചെയ്യണം.

Mr. Speaker : The next is the amendment of Shri [11 a.m.] A. M. Kalyanakrishnan Nair.

Shri A. M. Kalyanakrishnan Nair : I do not move my amendment.

Shri M. C. Abraham : I do not move my amendment.

Mr. Speaker : Now, Mr. Mathew, are you pressing your amendment?

Shri C. A. Mathew : I press my amendment.

Shri M. Narayana Kurup : If the amendment in regard to (c) is accepted as it is, then this amendment cannot be put.

Shri P. T. Chacko : Only (d) need be deleted.

Mr. Speaker : The question is that sub-clause (d) of Rule 18 be deleted.

Shri Joseph Mundasseri : Sir, before that, I wanted a correction to be made in (b).

Mr. Speaker : You may send me that correction.

Shri P. T. Chacko: Has the Minister anything to say regarding sub-rule (d)?

Shri Joseph Mundasseri : No.

The amendment that sub-clause (d) of Rule 18 be deleted was put and lost.

Shri Joseph Mundasseri : Sir, sub rule (2) may be modified like this :

> "No teacher shall be required to impart religious education to the pupils against his will."

Mr. Speaker : Has anybody suggested any amendment to that rule?

Shri T. C. Narayanan Nambiar : No amendment has been moved in view of the fact that the Minister invited certain concrete suggestions for modification; I made a request to the hon. Minister to consider the whole clause, giving certain suggestions. The amendment now suggested by him is a result of that.

Shri P. T. Chacko: I understand that. But what about sub rule (b)?

Shri Joseph Mundasseri : Amounts received from the Government by way of aid shall not be utilised for religious instruction.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko : The suggestion made was and what was stated to be acceptable was, State funds should not be utilised for religious instruction. Now, it seems that the Minister is not accepting that.

Mr. Speaker : Once it is handed over to the management, it ceases to be State fund.

Shri P. T. Chacko : Yes. So, I want to oppose sub rule (b).

മാനേജർക്ക് മെയിൻറനൻസ് ഗ്രാൻറ് കിട്ടി. ആ പള്ളിക്കൂടത്തിൻറെ മെയിൻറനൻസ് മാനേജർ നടത്തിക്കൊള്ളണമെന്നല്ലാതെ, ആ പണം എപ്പോ ചെയ്യുവെന്ന് ചോദിക്കുവാൻ ഗവണ്മെൻറിന് അവകാശമില്ല.

Shri Joseph Mundasseri : Maintenance grant is never intended to pay the teacher for any other function than for teaching in the school.

ശ്രീ. പി. ടി. ചാക്കോ : മെയിൻറനൻസ് ഗ്രാൻറ് കൊടുക്കുന്നത് മെയിൻറനൻസിനുവേണ്ടിയാണ്. അതിനുവേണ്ടി പണം കൊടുത്താൽ ആ പണം പിന്നെ എപ്പോചെയ്യുന്നു നോക്കേണ്ട ആവശ്യം ഗവണ്മെൻറിനില്ല. മാനേജർ കുറെ പണം മുടക്കി, കുറെ പുസ്തകങ്ങൾ വാങ്ങിവച്ചു. അതു ചെയ്യുന്നതെന്തു പറയുവാൻ ഗവണ്മെൻറിന് എന്തവകാശമാണുള്ളത്.

If the Minister is not accepting what he said was acceptable I oppose this new amendment. He cannot move that amendment as there is no notice. When I stood up to oppose it, he said my suggestion was acceptable. He has now taken a different position. I oppose the Minister's amendment, because there is not sufficient notice.

Shri Joseph Mundasseri : If you do not want that, I shall stand by the original clause.

Mr. Speaker : Order, order.

The amendment that in Chapter IV Rule 18(1)(b) "State funds shall" be substituted for "Public funds should" was put and carried.

Shri Joseph Mundasseri : In sub-rule (b) for the word 'should', 'shall' has been substituted.

Mr. Speaker : That is only a verbal alteration.

ശ്രീ. സി. എ. മാത്യു : നോട്ടീസില്ല.

The amendment that in rule 18(1), sub-clause (c) shall be deleted was put and carried.

The amendment that sub-rule (2) of Rule 18 be substituted by the following, was put and carried :—

"(2) No teacher shall be required to impart religious instruction to the pupils against his will."

Mr. Speaker : Mr. Mathew, you were speaking something regarding notice and all that. Whenever you bring in any suggestion to make some alteration or other, I usually accept that without insisting on usual notice. I am giving the maximum latitude in the matter of moving amendments to both sides. Here

LIBRARY ARCHIVES Kerala Legislative Assembly

we are transacting serious business where mutual acceptance of amendments at short notice becomes necessary. Therefore, the question of notice and such things need not be so much insisted upon.

Now, Shri Viswanathan, are you moving your amendment to Rule 19 ?

Shri K. K. Visuanathan : Sir, I move :

In Chapter IVE, Rule 19, in the first sentence, substitute the word 'may' for the word 'will'.

Shri P. T. Chacko : Sir, I move :

In Chapter IVE, Rule 19, the last sentence be deleted. That last sentence is :

"Primary schools will be admitted as members of such Co-operative Societies."

But Rule 19 itself reads :

"19. *Opening of Co-operative Societies in Schools*.—Co-operative Societiess will be established in all Secondary Schools where books, stationery and other materials required by students are made available to them at cost price. Primary Schools will be admitted as members of such Co-operative Societies."

സെക്കണ്ടറി സ്കൂളുകളിലുള്ള കോവാപ്പറേറീവ് സൊസൈറ്റിയിലെ അംഗങ്ങൾ വിദ്യാർത്ഥികളായിരിക്കും; അല്ലാതെ ഇൻസ്റ്റിറ്റ്യൂഷൻസായിരിക്കുകയില്ലാ എന്നാണ് ധാരണ. സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾ അംഗങ്ങളായിട്ടുള്ള കോവാപ്പറേറീവ് സൊസൈറ്റികൾ പ്രൈവറ്റ് സ്കൂളുകളിലെപോലെയുള്ള ഇൻസ്റ്റിറ്റ്യൂഷൻ അംഗമായിരിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾ അതിലംഗമായിരിക്കുന്നതും വിരോധമില്ല.

Shri Joseph Mundassery : Rule 19 may be recast as foblows:

"Co-operative Societies may be established in all Schools where books, stationery and other materials required by students are made available to them at cost price. Where a school does not have a Co-operative society of its own, it may join as a member of a Co-operative Society in another institution."

Shri P. T. Chacko: Ordinarily, students are members of such co-operative societies. Even in this amendment, in an institution where there is no co-operative society, Government may allow the students of that institution to become members of the society in another institution, but allowing an institution itself to become a member is not proper. If that is allowed, there will be members who are institutions and members who are individuals. According to me, that is not necessary. Let all the members be students. Why should you want institutions also to become members? I think, in the amended form that improvement can be made.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഗോവിന്ദപ്പിള്ള : എല്ലാ സ്കൂളുകൾക്കും കോവാപ്പറേറീവ് സൊസൈറ്റികൾ ഉണ്ടാകുമെന്ന പറയുന്നുണ്ട്. ഏതെങ്കിലും കാരണത്താൽ ഒരു സ്കൂളിൽ സൊസൈറ്റി ഇല്ലാതെ വന്നാൽ, ആ സ്കൂളിനടുത്ത അടുത്ത സ്കൂളിലെ സൊസൈറ്റിയിൽ ചേരുന്നതിൽ എന്താണ് ബുദ്ധിമുട്ട്?

ശ്രീ. പി. ടി. ചാക്കോ : അതിലൊരു ബുദ്ധിമുട്ടുണ്ട്. You are denying the right of the students in that school അതു മനസ്സിലാക്കാതെ പറയുകയാണ്. ഒരു സ്കൂളിൽ രണ്ടു വിദ്യാർത്ഥികൾ മാത്രം വിചാരിച്ചാൽ ഒരു കോവാപ്പറേറീവ് സൊസൈറ്റി ഉണ്ടായി എന്നു വരികയില്ല. ആരുടേയെങ്കിലും കുറ്റംകൊണ്ടാകട്ടെ, പത്തു കുട്ടികൾക്ക് ഒരു കോവാപ്പറേറീവ് സൊസൈറ്റി വേണമെന്നു വിചാരമുണ്ട്, അങ്ങനെ സ്കൂളിൽ ഒരു സൊസൈറ്റി ഇല്ലാതാണം, അങ്ങനെയുള്ള സന്ദർഭത്തിൽ അവർക്ക് അടുത്ത സ്കൂളിലെ സൊസൈറ്റിയിൽ അംഗമാകുവാനുള്ള അവകാശത്തെ എന്തിനു നിഷേധിക്കണം? ഇന്ന് ആ സ്കൂളിൽ മാത്രമേ അവിടെ അംഗമായി ചേരുവാൻ അവകാശമുള്ളു, വിദ്യാർത്ഥികൾക്കില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള : അവർക്ക് അവരുടേതായിത്തന്നെ ഒരു സൊസൈറ്റി ഉണ്ടാക്കാമല്ലോ?

ശ്രീ. പി ടി. ചാക്കോ : അതിനു തരപ്പെടാതെവന്നാൽ എന്തിനു് ഈ വിദ്യാർത്ഥികളുടെ അവകാശത്തെ നിഷേധിക്കപ്പെടണം.

Shri K. Chandrasekharan : Sir, the word 'students' may be added in the rule i.e., instead of saying 'primary schools will be admitted as members' we say "Primary school students will be admitted as members".

Shri Joseph Mundasseri : There is no need for making such a change, because in the primary schools, the children are not in a position to become members of a Society in another school. They are minors and under the Co-operative Law, there is no chance for them to become members of a Society. Even in the High Schools, not all the children are entitled to become members, but only children of the higher standards who are majors and the teachers of the schools — they alone are eligible to become members of Co-operative Societies.

I do not think that there will be any need for conferring upon the children o primary schools a right to become members in a Society organised in their school. If, however, the hon. Member insists on that, we will consider that; but to say that membership should not be conferred upon primary schools because it is an institution, is not acceptable to Government. There is no harm if we confer that right upon primary schools.

Shri P. T. Chacko : In the amended form, there is no distinction between a primary school and a secondary school.

Shri Joseph Mundasseri : I undertake to redraft it. Shri Viswanathan's amendment is not therefore, necessary.

ശ്രീ. എം. നാരായണക്കുറുപ്പ് : പ്രൈമറി സ്കൂളുകൾക്ക് കോവാപ്പറേറീവ് സൊസൈറ്റിയിൽ മെമ്പറന്മാരാകാം എന്നു പറഞ്ഞാൽ അതിനൊരപ്രസൻഷൻ എന്താണ് എന്നു നോം പറയാതെ ഇങ്ങനെ മെമ്പറാകാം എന്നു പറഞ്ഞാൽ അതിനു എന്തർത്ഥമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

Shri Joseph Mundassery : I said I undertake to redraft it.

ശ്രീ പി. എ. കുഞ്ഞുരാമൻ നമ്പ്യാർ : 'May' എന്നു പറഞ്ഞാൽ 'Shall' എന്നതിനും വരുമെന്നു കോടതി വിധിയുണ്ടായിട്ടുണ്ടു എന്നു ഒരിക്കൽ ഇവിടെ പറയുകയുണ്ടായിട്ടുണ്ടു.

ശ്രീ. എം. നാരായണക്കുറുപ്പ് ; എല്ലാ ദിക്കിലും ഇപ്പോൾ സൊസൈറ്റികൾ ഉണ്ടാക്കുവാൻ പോകുന്നുണ്ടു. അതുകൊണ്ടു ഇങ്ങനെയുള്ള ഒരു വ്യവസ്ഥയുടെ ആവശ്യമില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇങ്ങനെയുള്ള സൊസൈറ്റികൾ ഉണ്ടാകണം എന്നു ആഗ്രഹിക്കുന്ന ഒരാളാണു ഞാൻ. എട്ടോ പത്തോ ഒപ്പുമരിസ്ത്രീകളുടെ ഇടയിൽ ഒരു കോവാപ്പറേറ്റീവു സൊസൈറ്റി ഉണ്ടാക്കിത്തന്നു കൂടികൾക്കു പുസ്തകം ശരിയായി കിട്ടുവാൻ സാദ്ധ്യതയുണ്ടു എന്നു വിശ്വസിക്കുന്ന ഒരാളാണു ഞാൻ. അതുകൊണ്ടു ഇങ്ങനെ ഒരു റൂൾ ആവശ്യമാണു.

Mr. Speaker : The Minister has offered to redraft the Rule.

Shri T. A. Thomman : I move :

In Chapter IV add as Rule 20 the following :

"20. Nothing in Rules 15, 17 and 18 of this Chapter shall apply to minority schools".

Sir, I have got my own doubts as to what is a minority school. I find similar provisions under Chapter 20, Rule 24. There it is stated that nothing in that chapter would apply to minority schools. Here we must make a distinction between minority schools and majority schools. Schools conducted by the Christians, Muslims, Jews etc. are minority schools. There is the Supreme Court ruling on Article 30 (1) of the Constitution. A fundamental right has been guaranteed to the minority Communities by the Constitution by which the minorities can establish and administer educational institutions of their choice. That right cannot be restricted by rules. The amendment is moved to make that position clear.

Shri Joseph Mundassery : I don't accept the amendment.

The amendment moved by Shri T. A. Thomman was put and lost.

Shri M. Narayana Kurup : Sir, I move :

"In Chapter V Rule 2(1) substitute "in the month of October" for "before 31st October."

ഈ ഭേദഗതിയുടെ മുമ്പും 'before 31st October' എന്നുള്ളതിനുപകരം 'in the month of October' എന്നു ചേർക്കണം എന്നുള്ളതുമായുള്ളതാണു".

ശ്രീ. മോസസ് പുണ്ടേരി : അതു സ്വീകരിക്കുന്നു.

The amendment was put and carried.

Shri M. Narayana Kurup : I move :

In Chapter V Rule 2 (1) add the following at the end :

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Narayana Kurup]

"The substance of the notification shall be given due publicity".

ഇതിനെ സംബന്ധിച്ചുള്ള പരസ്യങ്ങൾ ഗസറ്റിൽ ഇത്രാം തീയതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നു പറഞ്ഞാൽ ശരിയായ് രിക്കുകയില്ല. വല്ല ദിനപ്പത്രങ്ങളിലും കൂടി അതു് പ്രസിദ്ധപ്പെടുത്തണം എന്നുമാത്രമേ ഞാൻ ഇതുകൊണ്ടു ഉദ്ദേശിക്കുന്നുള്ളൂ. പത്രത്തിൽവന്നാൽ ഇത്രാം തീയതിയിലെ ഗസറ്റിൽ നോട്ടിഫിക്കേഷൻ വന്നിട്ടുണ്ടെന്നു അറിയുന്നതും അതനുസരിച്ചു ആ ഗസറ്റ് നോക്കി പോകുവാൻ ആളുകൾക്കു് എളുപ്പം കിട്ടുന്നതുമാണു്.

Shri Joseph Mundassery: I assure the House that proper notification will be made in the Press. There is no need for this amendment. I give the assurance.

Shri M. Narayana Kurup: In the light of the assurance given by the Minister, I don't press.

The amendment was, by leave, withdrawn.

Shri K. Chandrasekharan: I move:

In Chapter V, Rule 2, add in the note at the end of sub rule (5) as follows:

"and shall duly publish the fact in the Gazette."

Shri Joseph Mundaseery: I accept the amendment.

The amendment was put and carriad.

Shri T. C. Narayanan Nambiar: I move:

In Chapter V Rule 4 substitute 'consulted' instead of 'informed' in line 1.

Shri Joseph Mundassery: The amendment can be accepted with the following modification.

> "The Local Education Authority, if any, shall be *consulted* when sanction is given or refused to open higher standards and when sanction given for a standard is withdrawn and also when recognition is granted to schools or is withdrawn.

ശ്രീ. ടി. എ. തൊമ്മൻ: സർ, ഒരു സംശയം അങ്ങനെ കൺസൽട്ടഡ് എന്നു പറഞ്ഞാൽ അവരുടെ അഭിപ്രായം അറിയണമെന്നുണ്ടോ? അവരുടെ അഭിപ്രായം അക്സെപ്റ്റ് ചെയ്യാണോ മാൻഡേറ്ററി ആണോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: അക്സെപ്റ്റ് ചെയ്യണം.

The modified amendment was put and carried.

Shri T. C. Narayanan Nambiar: Consequential changes have to be made in the title also.

Shri Joseph Mundassery: Yes.

Shri M. Narayana Kurup: I move:

In Chapter V Rule 6 (v) substitute the words "exclusive right" for "absolute ownership".

LIBRARY ARCHIVES Kerala Legislative Assembly

ഇതു ചെറിയ ഒരു കാര്യമാണെങ്കിലും വളരെ വിഷമമുണ്ടാക്കുന്ന ഒരു കാര്യമാണ്. ഇന്നലെത്തന്നെ ബഹുമാനപ്പെട്ട നിയമമന്ത്രി പറയുകയുണ്ടായി സ്കൂൾ തുടങ്ങുന്നതിനു തൊഴിലാളികളും മറ്റു കക്ഷികളും മുന്നോട്ടു വരണമെന്നു്. തൊഴിലാളികൾ എപ്പോഴും മുന്നോട്ടുവന്നാലും സ്കൂൾ തുടങ്ങുവാൻ സാദ്ധ്യമല്ല. സ്കൂളിനു് അപേക്ഷിക്കുന്ന ആൾക്കു് ആ ഭൂമിയിൽ ഒരു അവകാശം വേണമെന്നു നിർബ്ബന്ധിക്കാനേ പാടുള്ളൂ. അധികാരവകാശം വേണമെന്നു് നിർബ്ബന്ധിക്കരുതു്. അസാധാരണമായി എങ്കിലും ഒഴിപ്പിക്കൽ വന്നാൽ ഗവണ്മെന്റിനു് അതു് അപ്പീയർ ചെയ്യാവുന്നതാണു്. അതല്ലെങ്കിൽ ഈ ഭൂമി കിട്ടാത്ത ആൾക്കു് അപേക്ഷിക്കുവാൻ സാദ്ധ്യമല്ലാതെ വരും. ഇന്നിമാക്കുമാത്രമേ സ്കൂൾ ഉടമകളാവാൻ സാധിക്കുകയുള്ളൂ.

Shri Joseph Mundassery: The following may be added.

"or his right to exclusive possession right for not less than 12 years,"

Shri M. Narayana Kurup: Suppose it is an irredeemable verumpattom. Under rare circumstances these can be evicted.

Shri V. R. Krishna Iyer: Right by an exclusive possession. There is an yearly lease. Suppose there is a chalgenidar under the Malabar system. He is a tenant and he may be evicted. If 12 years is provided, every lease will be exceeding 12 years. Generally the period may vary.

Shri M. Narayana Kurup: In the case of an irredeemable verumpattom no period may be fixed. Exclusive possession for 6 years may be provided.

Shri T. C. Narayanan Nambiar: I move:

In Chapter V Rule 9 sub-rule (1) add at the end "or a valid lease with right of possession for not less than 5 years".

In Chapter V Rule 11 Note item (iii) add after 'absolute ownership' 'or a valid lease with right of possession for not less than 5 years".

I do not want to eliminate ownership. Here I have stated "or a valid lease with right of possession. I am not insisting on the point.

Mr. Speaker: That is, something in the nature of exclusive possession for not less than six years.

Shri T. A. Thomman: The Minister's amendment will serve the purpose.

The following modified form of the amendment of Shri T. Narayana Kurup was put and carried.

In Chapter V Rule 6 (v) line 2, between the words "ownership" and 'of' the words "or his right to be in exclusive possession for a period of not less than six years" shall be inserted.

Shri P. T. Chacko: I move:

In Chapter V Rule 6, sub-rule (vi) the words "a specified date" may be substituted for the words "the opening of the schools".

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതിനുള്ള പ്രധാന കാരണം 11–ാം റൂളിൽ 3–ാം നോട്ടിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കാൻ വിഷമമില്ലാതാക്കാൻ വേണ്ടിയാണു്. ചിലപ്പോൾ ഒരു സ്കൂൾ തുറക്കുന്നതിനു് സാൻക്ഷൻ കൊടുക്കുന്നതു്, വളരെ താമസിച്ചായിരിക്കാം. അതുകൊണ്ടു്, "ഓപ്പണിംഗ് ആഫ് ദി സ്കൂൾ" എന്നുപറഞ്ഞാൽ ബുദ്ധിമുട്ടുണ്ടാകാം. അതിനു പകരമായി ജൂൺ തീയതിക്കകം എന്നുവച്ചാൽ അന്നു് അതു് തീരുമാനിക്കാവുന്നതാണു്. ചിലപ്പോൾ സ്കൂൾ തുറക്കുന്നതിനു് വളരെ അടുത്ത ദിവസമായിരിക്കും സാൻക്ഷൻ കൊടുക്കുന്നതെന്നു വിചാരിക്കുക, അപ്പോൾ സ്കൂൾ തുറക്കുന്നതിനുമുമ്പു് തീർന്നിരിക്കണമെന്നുപറഞ്ഞാൽ വലിയ ബുദ്ധിമുട്ടു നേരിടുന്നതാണു്.

Mr. Speaker : You want to make the rule more rigorous.

Shri Joseph Mundassery : That is accepted.

The amendment was put and carried.

Shri P. M. Joseph : I move :

"In Chapter V Rule 7(2) delete "rupees five thousand of which rupees three thousand shall be deposited immediately and the balance in two annual instalments of rupees one thousand each in the course of the next two years" and substitute "rupees two thousand of which one thousand shall be deposited immediately and the balance in two annual instalments of rupees five hundred each in the course of the next two years".

Shri P. T. Chacko I move :

In Chapter V clause 7(2) be deleted.

വളരെ സ്കൂളുകളുള്ള കാർപ്പറേഷൻ മാനേജുമെൻറുകളുണ്ടു്. ആ മാനേജുമെൻറുകൾക്കു് ഒരു സ്കൂൾകൂടി അനുവദിച്ചാൽ ഇപ്പോഴുള്ള കെട്ടിടവസ്തുക്കൾമതിയോ വേണ്ടയോ എന്ന സംശയം തോന്നിയതുകൊണ്ടാണു് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

Shri P. M. Joseph : I move :

Delete sub rule (3) in Rule 7 Chapter V.

I move also to delete sub-rule (4).

Shri P. T. Chacko : Sir, I move :

(1) In Chapter V clause 7(3) for the first para the following be substituted :—

"The financial guarantee for the opening of a school shall be".

(2) In Chapter V clause 7(3) (a) substitute the words "nine hundred" and "three hundred" for the words "three thousand" and "one thousand" respectively.

(3) In Chapter V clause 7(3) (b) substitute the words "four hundred and fifty" for the words "one thousand and five hundred" and "one hundred and fifty" for the words "five hundred.".

LIBRARY ARCHIVES Kerala Legislative Assembly

(4) In Chapter V clause 7(3)(c) substitute the words "four hundred and fifty" for "thousand and five hundred" and "rupees one hundred and fifty" for the the words "five hundred".

(5) In Chapter V clause 7(3)(d) substitute the words "two hundred and twenty five" for the words "seven hundred and fifty" and the words "seventy five" for the words "two hundred and fifty".

(6) In Chapter V, clause 7(5) be deleted and the following be added as sub clause (5):—

"(5) The aggregate financial guarantee for the schools under the same Educational Agency shall not exceed rupees two thousand."

കാർപ്പറേറ്റ് മാനേജ്മെൻറുകൾക്ക് കൂടുതൽ വിദ്യാലയങ്ങൾ ഉണ്ടെങ്കിൽ ഒരുമിച്ച് ഒരു തുക അടച്ചാൽ മതി എന്നാണ് എന്റെ ഒരു ഭേദഗതി. മറ്റു ഭേദഗതികളും തുകകളും കുറയ്ക്കണമെന്നുള്ളതാണ്. അതു് ഇപ്രകാരമുള്ള ഇതു രൂപത്തിൽ പറഞ്ഞിരിക്കുന്ന തുക വളരെ കൂടുതലായിപ്പോയി എന്നുള്ള ഉദ്ദേശത്തിലാണ് ഇവ അവതരിപ്പിച്ചിട്ടുള്ളതു്. വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കേണ്ടതു് ഗവണ്മെൻറിൻറെ കടമയാണ്. ഹൈസ്കൂൾ ക്ലാസ്സുകൾവരെ വിദ്യാഭ്യാസം സൗജന്യവും, നിർബ്ബന്ധിതവും ആക്കേണ്ടതു് ഗവണ്മെൻറിൻറെ നയമാണ്. അതു നിലയിൽ ഇന്നു് അവശ്യമായ വിദ്യാലയങ്ങൾ ഇല്ലാത്ത പ്രദേശങ്ങളുണ്ടു്. ഇപ്പോൾ മലംപ്രദേശങ്ങളിൽ ആളുകൾ ധാരാളമായി കുടിയേറിപ്പാർത്തുവരുന്ന സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ആളുകൾ തയാറായി മുന്നോട്ടു വരുമ്പോൾ അവർക്കു് വലിയ സാമ്പത്തികമായ പ്രതിബന്ധങ്ങൾ ഉണ്ടാക്കിവയ്ക്കുന്നതു് എന്നാണു് എന്റെ ഉദ്ദേശം. ഗവണ്മെൻറു് അതേസംബന്ധിച്ചു് വ്യക്തമായ ഒരു നയം ഇതേവരെ സ്വീകരിച്ചിട്ടില്ലാത്തതാണ്. പീരുമേട്ടു്, ഉടുമ്പൻചോല മുതലായ മലംപ്രദേശങ്ങളിൽ ഭൂമി കൃഷിക്കു കൊടുക്കുന്നതിൻറെ ഫലമായി അനേകായിരം കുടുംബങ്ങൾ ഇന്നിവിടെ കുടിയേറിപ്പാർത്തുവരുന്നുണ്ടു്. അവിടെയൊക്കെ ആളുകൾ വിദ്യാലയങ്ങൾ സ്ഥാപിക്കാൻ തയാറായി മുന്നോട്ടുവരുന്നുണ്ടു്. എന്നിരുന്നാൽത്തന്നെയും അവരെല്ലാം അല്പമെങ്കിലും പണംകെട്ടിവയ്ക്കാൻ കഴിവുള്ള ആളുകളല്ല. സാമ്പത്തികമായി വളരെ കഴിവു കുറഞ്ഞ ആളുകളാണ്. അപ്പോൾ അങ്ങനെയുള്ള സ്ഥലങ്ങളിലാണ് സ്കൂളുകൾ ഉണ്ടാകേണ്ടതു്. പണമുള്ളവർ അങ്ങനെ പുതിയ സ്കൂളുകൾ തുറക്കാൻ ആവശ്യപ്പെടുകയില്ല. കാരണം, അവർ താമസിക്കുന്ന സ്ഥലങ്ങളിൽ ധാരാളം സ്കൂളുകൾ ഇപ്പോൾത്തന്നെയുണ്ടു്. മാത്രമല്ല, പുതിയ സ്കൂളുകൾ അനുവദിക്കുന്നതല്ലെന്നു് ഈ ഗവണ്മെൻറു് പ്രഖ്യാപിച്ചിട്ടുമുണ്ടു്. അപ്പോൾ അവികസിത പ്രദേശങ്ങളിൽ ആളുകൾ സ്കൂൾ തുറക്കുന്നതിനായി മുന്നോട്ടുവന്നാൽ വലിയ സാമ്പത്തിക പ്രതിബന്ധങ്ങൾ ഉണ്ടാക്കിവയ്ക്കുന്നതു് നല്ലതല്ലെന്നുള്ള ഉദ്ദേശമനുസരിച്ചാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ഗവണ്മെൻറു് അതേപ്പറ്റി പരിശോധിക്കണം.

പിന്നെ ഗവണ്മെൻറു് ഇപ്പോൾ തുടരുന്ന നയത്തെപ്പറ്റിയും ഒന്നു പറയാനുണ്ടു്. ഇപ്പോൾ 700-ം, 800-ം വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങൾ ചില സ്ഥലങ്ങളിലുണ്ടു്. അവിടെ സൗകര്യം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ 1000 വിദ്യാർത്ഥികൾവരെ പഠിക്കുന്ന വിദ്യാലയങ്ങളുണ്ടു്. അവയുടെ കെട്ടിടത്തിൽ തീരെ സൗകര്യം മതിയാകാതെയാണിരിക്കുന്നതു്. അവർ മിഡിൽസ്കൂളിനു ആവശ്യപ്പെട്ടിട്ടുപോലും കൊടുത്തിട്ടില്ല. എന്നാൽ അതിനടുത്തു് 1000 വിദ്യാർത്ഥികൾപോലുമില്ലാത്ത ഒരു സ്കൂളിനു അതു അനുവദിക്കുകയും ചെയ്തു. കാരണം, അതു നടത്തുന്നതു് കമ്മ്യൂണിസ്റ്റുകാരാണ്. എന്നാൽ ഈ 1000 കുട്ടികൾ പഠിക്കുന്ന മതിയായ സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളിനു സൗകര്യം കൊടുത്തിട്ടുമില്ല. അങ്ങനെ ഗവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ണ്മെൻറ് പക്ഷപാതപരമായി ഇന്നതന്നെ നടത്തിക്കൊണ്ടിരിക്കുന്നു. ഇന്ന് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുപോലെ ഇത്ര താറുമാറായിക്കിടക്കുന്ന മറെറാരു ഡിപ്പാർട്ടുമെൻറും വേറെയില്ല. അതേസംബന്ധിച്ച് സംസാരവിഷയമല്ലാത്തതിനാൽ ഞാൻ അതിലേക്ക് കടക്കുന്നില്ല. ഏതായാലും യഥാർത്ഥമായി വിദ്യാലയങ്ങളും അനുവദിക്കേണ്ട സ്ഥലങ്ങളിലെങ്കിലും ഇങ്ങനെ സ്കൂളുകളുണ്ടാക്കുന്നതിനും ആളുകളും തയാറായി മുമ്പോട്ടു വരുമ്പോൾ പ്രത്യേകിച്ച് അവികസിത പ്രദേശങ്ങളിൽ വലിയ സാമ്പത്തികമായ പ്രതിബന്ധങ്ങളും വയ്യുന്നതെന്നാണ് എനിയ്ക്ക് പറയുവാനുള്ളത്.

Shri E. P. Poulose: I move: In Chapter V, delete Rule 7.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സ്കൂളിൻറെ അധികൃതരാണ് ഫീസു പിരിക്കുന്നത്; അവരാണ് അദ്ധ്യാപക്ക് ശമ്പളം കൊടുക്കുന്നത്. ആ കാര്യങ്ങളെല്ലാം ശരിയായിട്ട് നിവ്വഹിക്കുന്നതിനും ഒരു ഗാരൻറി ആവശ്യമാണ്. മുൻപു് എയിഡഡു സ്കൂളുകളിലും ഇങ്ങനെ ഗാരൻറി ആവശ്യപ്പെട്ടിരുന്നു; കാരണം മാനേജ്മെൻറുകളും ഫീസുപിരിക്കുകയും, അദ്ധ്യാപകരുടെ ശമ്പളം കൊടുക്കുകയും ചെയ്തിരുന്നു. ഇന്നാണെങ്കിൽ ആ ജോലി ഗവണ്മെൻറു നടത്തുകയാണ്. അതുകൊണ്ട് ആ ഗാരൻറി ആവശ്യമില്ല. ഡിപ്പാർട്ടുമെൻറിൻെറ സമ്മതത്തോടുകൂടി പിരിക്കുന്ന ഫീസു വരവു് യഥായോഗ്യം വിനിയോഗിക്കുന്നാണ് അഡ്വാൻസായിട്ട് ഗ്രാൻറു കൊടുക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ: ഫീസു പിരിക്കുന്നതിനും ഡിപ്പാർട്ടുമെൻറിൻെറ സമ്മതം വേണമെന്നുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഡിപ്പാർട്ടുമെൻറു റഗ്ലേറു ചെയ്യണം. അങ്ങനെ ആക്ടിലുണ്ട്.

ശ്രീ. കെ. സി. ഏബ്രഹാം: പ്രൈമറിസ്കൂളുകളിൽ ഫീസു പിരിക്കാൻ പാടില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണം; മറെറ ചെലവുകളും നടത്തണം.

ശ്രീ. എം. സി. ഏബ്രഹാം: സർ, അംഗീകൃതസ്കൂളുകളും തുടങ്ങുന്നതിനു് ഗാരൻറി കൊടുക്കണമെന്നുള്ള വ്യവസ്ഥ വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ഈ ചട്ടം സ്കൂളുകളുടെ അഭിവൃദ്ധിയെ തടയുന്നതാണ്.

Shri Joseph Mundassery: That is necessary. To make it more clear we will add 'Recognised schools other than aided Schools'.

ശ്രീ. എം. സി. ഏബ്രഹാം: സർ, ഞാൻ അതുതന്നെയാണ് പറയുന്നതു്. എയിഡഡ് സ്കൂളുകളെപ്പറ്റിയല്ല. റക്കഗ്നൈസു ചെയ്യണമെങ്കിൽ അതിനും റൈനാൻസ് ഗാരൻറി കൊടുക്കണമെന്നുള്ള ചട്ടം പുതിയ സ്കൂൾ നടത്തിപ്പിനും പ്രയാസം ഉണ്ടാക്കുമെന്നാണ് ഞാൻ പറയുന്നതു്. ഇതു വളരെ വിവാദപരമായ ഒരു നിയമമാണ്. സ്റ്റോറു എയിഡു വേണ്ട, സ്കൂൾ നടത്താനുള്ള അംഗീകാരം മാത്രം കിട്ടിയാൽ മതി, എന്നുവയ്ക്കുന്നവർ കണ്ടേയ്ക്കും. ഫീസു പിരിക്കുന്നതിനെ നിയന്ത്രിക്കുന്നതും ഗാരൻറി കൊടുക്കണമെന്നു വ്യവസ്ഥ ചെയ്യുന്നതും ശരിയല്ല. അങ്ങനെവേണമെങ്കിൽത്തന്നെയും ഇത്ര ഭീമമായ തുക ഗാരൻറിയായി കൊടുക്കണമെന്നു പറയുന്നതു ശരിയല്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: അംഗീകൃതസ്കൂളുകളിൽ അദ്ധ്യാപകർക്കു തക്കസമയത്തു ശമ്പളം കൊടുക്കുണമല്ലോ. അവരുടെ ശമ്പളം ശരിയായി കൊടുക്കുന്നതിനും മറെറാരു ഇങ്ങനെയൊരു ഗാരൻറിയുടെ ആവശ്യമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. സി. ഏബ്രഹാം : അതിന്റെ ഉത്തരവാദിത്വം മാനേജ്മെന്റിനുള്ളതാണ്.

Shri Joseph Mundassery : According to this rule we ask for guarantee from recognised but unaided schools.

Shri K. Hassan Gani : Before a school becomes an aided School it must become a recognised school.

Shri P.M. Kunhiraman Nambiar : All recognised schools do not become aided schools. The Rules are not clear on that point.

Shri M. Narayana Kurup : The intention is that there must be a Financial guarantee to ensure that the school is properly conducted. In that case we do not take into consideration aided schools because recognition is already there.

Shri Joseph Mundassery : If he opts to go out of the purview of the rules governing the recognised schools in such cases Government would like to have a guarantee from the manager of the recognised school.

Mr. Speaker : The position has been made sufficiently clear now, i. e. recognised schools other than aided schools only have to fiurnish guarantee.

ശ്രീ. പി. ടി. ചാക്കോ : സർ, ഞാൻ ഇതു വായിച്ചുനോക്കിയതിൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതുപോലെയല്ല മനസ്സിലാകുന്നതു്. റൂൾ ഏഴിലാണു് റക്കഗ്നൈസ്ഡ് സ്കൂളിനെപ്പറ്റി പറയുന്നതു്. അതിൽത്തന്നെ കുറെ എയിഡഡ് സ്കൂളിനെപ്പറ്റിയും, കുറെ റെക്കഗ്നൈസ്ഡ് സ്കൂളിനെപ്പറ്റിയും പറയുന്നതായി വിചാരിക്കാൻ ന്യായം കാണുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : റൂൾ ഏഴിൽമാത്രമാണു് ഇതിനെപ്പറ്റി പറയുന്നതു്.

The intention was to cover the whole. You cannot make changes in accordance with rule 7, then there will be no rule regarding recognised and aided schools.

Shri Joseph Mundassery : That is a common provision.

Mr. Speaker : Rule 7 is applicable to aided schools.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : മറ്റു സ്കൂളുകളിലെ അദ്ധ്യാപകർക്കു് ശമ്പളം കൊടുക്കേണ്ട ബാദ്ധ്യത ഗവണ്മെന്റിനില്ലേ ?

മി. സ്പീക്കർ : റൂൾ വ്യാഖ്യാനിക്കാനുള്ള സമയമല്ല ഇതു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : റക്കഗ്നൈസ്ഡ് സ്കൂളിനെ സംബന്ധിച്ചിടത്തോളം ബാദ്ധ്യത ഗവണ്മെന്റിനില്ല. അദ്ധ്യാപകർക്കു് ശമ്പളം കൊടുക്കുന്നില്ലെങ്കിൽ അതിനു ലീഗലായിട്ടു് വേറെ മാർഗ്ഗം ഉണ്ടു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ബഹുമാനപ്പെട്ട മെമ്പർ ഇതു പറയുന്നതു് അത്ഭുതമായിരിക്കുന്നു. പ്രൈവറ്റ കാളേജുകളെ സംബന്ധിച്ചിടത്തോളം യൂണിവേഴ്സിറ്റി ഒരു ഗാരൻറിയായിട്ടു്, അഫ്യുക്ഷം ഗ്രാന്റ് ഗവണ്മെന്റിലേക്കു് നിക്ഷേപിക്കണമെന്നു് എത്രയോ കാലമായി വ്യവസ്ഥചെയ്തിട്ടുണ്ടു്. അതുമായിട്ടു താരതമ്യപ്പെടുത്തുമ്പോൾ ഈ വ്യവസ്ഥ ഒട്ടും അത്ഭുതമല്ല. അദ്ധ്യാപകർക്കു് ശമ്പളം കൊടുക്കുന്നതിനും മറ്റും വേണ്ടിയാണു് ഇതു ചെയ്യുന്നതു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : അതുകൊണ്ടു കാര്യമായില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: That is a debatable point. Let us now consider the rules and the amendments before us.

12 Noon]

I think I will first of all deal with Mr. Chacko's amendments then I will deal with the amendments of Shri P.M. Joseph and after that I shall put the amendment of Shri Poulose to vote.

Now, before the questions are put, the Minister may tell us which amendments he proposes to accept.

Shri Joseph Mundassery: I do not accept the amendments. I move:

In Chapter V, Rule 7 (i) in the first line between the words "school" and "shall" the words "other than aided school" shall be inserted.

The amendments moved by Shri P. T. Chacko were put and lost.

The amendments moved by Shri P. M. Joseph were put and lost.

The amendment moved by Shri E. P. Poulose was put and lost.

The amendment of the Minister for Education was put and carried.

Shri P. T. Chacko: Sir, I move that in Chapter V, Rule 8, Note, (ii) be deleted.

രണ്ടാമത്തെ നോട്ടിൽ എഡ്യൂക്കേഷണൽ പർപ്പസസ് എന്താണെന്ന് പറഞ്ഞിരിക്കുകയാണ്. എഡ്യൂക്കേഷണൽ പർപ്പസ്സ് എന്നു പറഞ്ഞാൽ ഫൈനാൻഷ്യൽ ഗാരൻറിക്കു വേണ്ടി പണം കെട്ടിവയ്ക്കുന്നതു് ഉൾപ്പെടുകയില്ലെന്നു പറഞ്ഞിരിക്കുകയാണ്.

Deposit of financial guarantee: Educational purposes do not include the "In case any doubt arises as to whether any particular item of expenditure comes under the term "educational purposes." it shall be referred to the Director for final decision.

ഇതു് ആവശ്യമില്ലാത്തതാണെന്നാണ് എന്റെ അഭിപ്രായം. ഈ രംഗത്തിൽ റക്കഗ്നൈസ്ഡ് സ്കൂളുകളും എയിഡഡ് സ്കൂളുകളും ഉൾപ്പെടും. എയിഡഡ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രശ്നമല്ല. റക്കഗ്നൈസ്ഡ് സ്കൂളുകളും നടത്തുന്നവരെ എത്രമാത്രം ബന്ധപ്പെട്ടതാണോ അത്രമാത്രം ബന്ധപ്പെട്ടതാണെന്ന വിചാരമില്ലെന്നു് ഞാൻ വിശ്വസിക്കുന്നു. അദ്ധ്യാപകന്മാരുടെ ശമ്പളം കൊടുക്കുന്നതിനും മറ്റുമായി അവർക്കു് ഇഷ്ടമുള്ള ഫീസ് ഈടാക്കാം. അതു കൊടുക്കാൻ സമ്മതമുള്ളവർ പഠിച്ചാൽ മതി. ആ നിലയ്ക്കു് ആ പണം ഫൈനാൻഷ്യൽ ഗാരൻറിയായി ഉപയോഗിക്കാൻ പാടില്ലെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. ആ പണം ഉപയോഗിച്ചാൽ യാതൊരു തരക്കേടുമില്ല. അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുക്കുന്നുണ്ടോ എന്നു നോക്കാനേയുള്ളൂ. അതുപോലും ഗവണ്മെൻറു് ഏറ്റെടുക്കാതിരിക്കുന്നതാണു് നല്ലതു് എന്നാണു് എന്റെ അഭിപ്രായം. ഇന്നത്തെ 15 കോടി രൂപ വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറിൽ ചെലവു വരുന്നു. അതുകൂടാതെ 38 കോടി രൂപ വരുമാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

15 കോടി വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനു മാത്രം മാറിവയ്ക്കുകയാണു്. ഇന്നത്തെപോലെ മുന്നോട്ടുപോയാൽ അല്പകാലം കഴിയുമ്പോൾ ഒരു 25 കോടിയെങ്കിലും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലേക്കു മാറിവയ്ക്കേണ്ടിവരും. വരുമാനം നമുക്കു വർദ്ധിപ്പിക്കുവാൻ സാധിക്കുകയുമില്ല. അപ്പോൾ റക്കഗ്നൈസ്ഡ് സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ബാദ്ധ്യത ഏറ്റെടുക്കുന്നില്ലെങ്കിലും ഗാരൻറി വയ്ക്കുന്നതു് അദ്ധ്യാപകന്മാരുടെ ശമ്പളം കൊടുക്കുന്നതിനാണെന്നു പറഞ്ഞാൽ ഗവണ്മെൻറു് ആ ബാദ്ധ്യത സ്വീകരിക്കുന്നു എന്നാണു് വരുന്നതു്. അവിടെയുള്ള ശമ്പളം കൊടുക്കുന്ന ബാദ്ധ്യത ഏറ്റെടുക്കാൻ വിദ്യാഭ്യാസമന്ത്രി തയ്യാറാകുമോയെന്നു എനിക്കറിഞ്ഞുകൂടാ. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ പണം ഇങ്ങനെ ചെലവാക്കുന്നതിനെപ്പറ്റിത്തന്നെ പുനരാലോചിക്കണം. അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുക്കേണ്ടന്നല്ലാ പറയുന്നതു്. കുറച്ചു് മുന്നോട്ടു നോക്കുന്ന ആളുകൾക്കു് ഇത്രയും പണം ചെലവാക്കാനുള്ള വക നമുക്കില്ലെന്നുകാണാം. അപ്പോൾ റക്കഗ്നൈസ്ഡ് സ്കൂളുകളിലെ ബാദ്ധ്യതയുംകൂടി ഏറ്റെടുക്കാമെന്നു കരുതുന്നതു് തെറ്റാണു്. അതുകൊണ്ടു് ആ സ്കൂളുകളെ വളരെയധികം നിയന്ത്രിക്കണമെന്നുള്ളതും തെറ്റാകും. വളരെ നിയന്ത്രണം ചെലുത്തുമ്പോൾ ബാദ്ധ്യതകളും ഏറ്റെടുക്കേണ്ടിവരും. അവയ്ക്കു ഇഷ്ടംപോലെ ഫീസു് പിരിച്ചു് അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുക്കാൻ അതിൽനിന്നും കെട്ടിവയ്ക്കാൻ പണം ഉപയോഗിക്കരുതെന്നു പറഞ്ഞാൽ ബാക്കിയുള്ളതു് ബാങ്കിലിടണമെന്നാണോ ഉദ്ദേശിക്കുന്നതു്. പിന്നെ ഏതെങ്കിലും ചെലവു് എഡ്യൂക്കേഷണൽ പർപ്പസ്സിൽ ഉൾപ്പെട്ടതാണോ എന്നു് തീരുമാനിക്കുന്നതു് ഡിയറക്ടറായിരിക്കുമെന്നു് പറഞ്ഞിട്ടുള്ളതു് വളരെ അസംബന്ധമാണു്. 4 പെൻസിൽ വാങ്ങിക്കണം. അതു് എഡ്യൂക്കേഷണൽ പർപ്പസ്സിനു് ആണോ എന്നുള്ള സംശയം ഡയറക്ടർ തീരുമാനിക്കണമോ. അതു് ചെയ്യുന്ന ആളുകൾ തീരുമാനിച്ചാൽ മതി. അങ്ങനെയല്ലെന്നുകണ്ടാൽ എന്തെങ്കിലും ചെയ്യാമെന്നല്ലാതെ നേരത്തെ ഇങ്ങനെ എഴുതി വയ്ക്കേണ്ട ആവശ്യമില്ല. ആ നിലയിൽ ഈ നോട്ടു് ആകപ്പാടെ ആവശ്യമില്ലാത്തതാണെന്നാണു് എൻറെ അഭിപ്രായം. അദ്ദേഹം അതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

Mr. Speaker : Mr. Narayana Kurup, are you moving your amendment,

Shri M. Narayana Kurup : I do not move that, Sir.

Mr. Speaker : What has the Minister to say in regard to the amendment moved by Shri Chacko ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : എനിക്കു് ഇതിനെപ്പറ്റി ഒന്നും പറയാനില്ല. ശ്രീ. ചാക്കോയ്ക്കു് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനത്തെപ്പറ്റിയുള്ള അഭിപ്രായം ഈ പുരോഗമിച്ച കാണുന്നതിൽ വളരെ സന്തോഷമുണ്ടു്. ഇതിൽ കൂടുതൽ ഒന്നും പറയാനില്ല.

ശ്രീ. പി. ടി. ചാക്കോ : റക്കഗ്നൈസ്ഡ് സ്കൂളുകൾക്കു് ബാക്കി പണമുണ്ടെങ്കിൽ ആ പണത്തിൽ നിന്നും ഗാരൻറി കെട്ടിവയ്ക്കുന്നതിനെ എന്തിനാണു് എതിർക്കുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തോന്നിയമാതിരി ഫീസു് പിരിയ്ക്കാമെന്ന വ്യവസ്ഥയില്ല. അതിനു് ഒരു സീലിംഗ് വയ്ക്കാൻ ആക്ടിൽ തന്നെ വ്യവസ്ഥയുണ്ടു്. ഇഷ്ടംപോലെ ഒരു കച്ചവടമായിനടത്താനുള്ളതല്ല സ്കൂളുകൾ. ന്യായമായ ഫീസു് പിരിച്ചു് ന്യായമായ ശമ്പളം കൊടുക്കണം. അതു കഴിഞ്ഞു ബാക്കിയുള്ളതുകൊണ്ടു് അനവധി കാര്യങ്ങൾ സ്കൂളിൽ ചെയ്യാനുണ്ടാകും. സ്കൂൾനടത്താൻ ആരെങ്കിലും മുന്നോട്ടുവരുന്നെങ്കിൽ ഗാരൻറി സ്വന്തമായികെട്ടിവയ്ക്കണം.

ശ്രീ. പി. ടി. ചാക്കോ : ആർട്ടിക്കിൾ 30 (1) അനുസരിച്ചു് നടത്തുന്ന സ്കൂളുകളിലെ ഫീസു് നിയന്ത്രിക്കാൻ അധികാരമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ആർട്ടിക്കിൾ 30 (1) ന്റെ ഉള്ളിൽ കിട ന്നുകൂടിക്കുന്ന സ്കൂളുകളുണ്ട്. അതു് എന്താണെന്നു എനിക്കു മനസ്സിലായി ട്ടില്ല.

ശ്രീ. ടി. എ. തോമ്മൻ : അങ്ങനെയുള്ള മൈനോറിട്ടി സ്കൂളുകൾ എന്താ ണെന്നു അറിയേണ്ടയോ ?

ശ്രീ പി. ടി ചാക്കോ : അതൊന്നു് ക്ലാറിഫൈ ചെയ്യേണ്ടയോ ?

Mr Speaker : You can clarify it. I will allow you to clarify it.

Shri P. T. Chacko : It is the Minister who should do that.

Mr. Speaker : I will allow him to do that.

ശ്രീ. പി. ടി. ചാക്കോ : ആർട്ടിക്കിൾ 30 (1) അനുസരിച്ചുള്ള റിക്കഗ്നൈസ്ഡ് സ്കൂളുകൾ ഫീസ് പിരിച്ചു് മിച്ചം വന്നാൽ അതിൽ നിന്നും ഗ്രാൻറ് കെട്ടിവയ്ക്കുന്നതിനെ എന്തിനു് തടയണം. അങ്ങനെ ഇഷ്ടം പോലെ ഫീസ് പിരിക്കാൻ അവകാശമുള്ള സ്കൂളില്ലെ ? അതു എനിക്കു അറി ഞ്ഞുകൂടെന്നു മന്ത്രി പറഞ്ഞാൽ പിന്നെ ഞങ്ങൾ ആരോടാണു ചോദിക്കേണ്ടതു്, അറിവുള്ളവർ അവിടെ ഇരിക്കണം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അറിവുള്ളവർ മുമ്പു് ഇവിടെ ഇരുന്നതു് എനിക്കറിയാം. അറിവിന്റെ കാര്യത്തിലാണു് മത്സരം എങ്കിൽ അതു് ഇവി ടെയല്ലാം നോക്കേണ്ടതു്.

ശ്രീ. പി. ടി. ചാക്കോ : ഫീസു പിരിക്കുന്നതിൽ നിന്നും ഗ്രാൻറിക്കു് പണം ഉപയോഗിക്കുന്നതു തെറ്റാണെന്നു് ചൂണ്ടിക്കാണിച്ചു കൊണ്ടു് പറയാതെ അതിന്റെ ന്യായമെന്താണെന്നു് പറയുന്നതിനു പകരം അതു എനിക്കു അറി ഞ്ഞുകൂടെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട ഹൗസിന്റെ ലീഡറോടു് എനിക്കു പറയാനുള്ളതു് അറിവും വിവരവുമുള്ളവരെ അവിടെ ഇരുത്തണമെന്നാണു്.

Mr. Speaker : Order, Order. I allowed him to clarify that. He says he does not know.

ശ്രീ. പി. ടി. ചാക്കോ : വിദ്യാഭ്യാസമന്ത്രിക്കു് അറിഞ്ഞുകൂടാ. ലീഡർ ആഫ് ദി ഹൗസ് പറഞ്ഞതാരോടു്.

Mr. Speaker : You can ask for that information,

ശ്രീ. പി. ടി. ചാക്കോ : വിദ്യാഭ്യാസമന്ത്രിയോടു ചോദിച്ചു. അറി ഞ്ഞുകൂടാ. പിന്നെ ഞാൻ ആരോടു ചോദിക്കണം. എന്നാൽ അങ്ങു് പറഞ്ഞു തരണം.

ശ്രീ. ടി. എ. തോമ്മൻ : വിദ്യാഭ്യാസമന്ത്രിക്കു് അറിയാൻ പാടില്ലെ ങ്കിൽ ലാ മിനിസ്റ്ററോടു ചോദിച്ചുകൂടെ. മൈനോറിട്ടി സ്കൂൾ എന്താണെന്നു ള്ളതിനെപ്പറ്റി കോച്ചു് വെച്ചിട്ടും കിട്ടിയാൽ കൊള്ളാമായിരുന്നു.

Mr. Speaker : Order, order. This is not the occasion for the House to be enlightened what 'minority schools' are. This occasion is not meant to be used for getting enlightenment upon legal matters. The hon. Leader of the Opposition asked a question. I allowed that. But the hon. Minister is not prepared to enlighten the House as to what is 'minority school' according to him. Of course, he is not bound to enlighten if he does not choose to enlighten the House as to the legal implication of the

LIBRARY ARCHIVES Kerala Legislative Assembly

rule etc., and I cannot compel him to do it, nor can I compel the Leader of the House also to say anything in the matter. Of-course, if the Leader of the House wishes to do that, I would not object.

ശ്രീ. പി. ടി. ചാക്കോ: ഞാൻ ലീഗലായല്ല ചോദിക്കുന്നത്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഫിനാൻഷ്യൽ ഗ്യാരൻറി ഫീസ് പിരിക്കുന്നതിനു മുമ്പു കൊടുക്കേണ്ടതാണ്.

ശ്രീ. പി. ടി. ചാക്കോ: എന്നാൽപിന്നെ ഇതു പറയേണ്ട കാര്യമില്ലല്ലോ. ഇവിടെ പറയുന്നത്,

"Fee and other income of schools shall not be utilised for any purpose other than educational purposes"

എന്നാണ്. എഡ്യൂക്കേഷനൽ പർപ്പസ്സിനു ഫിനാൻഷ്യൽ ഗ്യാരൻറി ഉപയോഗിക്കുകയില്ലെന്നാണ് പറയുന്നത്. ഇതിൻെറ ആവശ്യമുണ്ടോ സർ.

Mr. Speaker: I am not to comment upon the validity of the decision.

Shri A. Thanu Pillai: Sir, may I say a word about the merits of the rule? Is the discussion on the rule over?

Mr. Speaker: I thought the discussion was over and I was going to put the amendments to vote.

Shri A. Thanu Pillai: Then I don't want to say anything.

The amendment moved by Shri P. T. Chacko was put and lost.

Shri M. Narayana Kurup: I move: In Chapter V Rule 9 delete sub-rule (vi).

I had also tabled an amendment to substitute "exclusive right" for "absolute ownership" in Rule 9 and in Rule 11. In view of the amendment accepted for Rule 6, I feel that amendment may be made in Rules 9 and 11 also.

Shri Joseph Mundasseri: Such an amendment may be made in Rules 9 and 11 also. I accept the amendment to delete sub-rule (vi).

The following amendments were put and carried.

(i) In Chapter V Rule 9(i) between the words "ownership" and 'over' the words "or right to be in exclusive possession for a period of not less than six years", shall be inserted.

(ii) In Chapter V Rule 9, sub-rule (vi) shall be deleted.

(iii) In Chapter V Rule 11 (vi) note (iii) between the words 'ownership' and 'of' occurring in line 6, the words 'or right to be in exclusive possession for a period of not less than six years' shall be inserted.

Shri K. K. Viswanathan: I move:

In Chapter V clause 17 (ii) delete the words "and no instalment of the financial guarantee specified in Rule 7 must be in default".

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

സർ, ഈ വകുപ്പു് ഇപ്പോൾ എയിഡഡു് സ്കൂളിനേയും ബാധിക്കുന്നതാണു്. നേരത്തേ ഉണ്ടായ ഭേദഗതിയനുസരിച്ചു് റെക്ഗ്നൈസ്ഡു് സ്കൂൾ എന്നു പറഞ്ഞാൽ എയിഡഡു് സ്കൂൾ എന്നു കൂടി അർത്ഥം വരും.

'Its financial conditions must be satisfactory and no instalment of the financial guarantee specified in rule 7 must be in default'.

അതിനകത്തു ഒരു ഗ്യാരൻറിയുടെ കാര്യം പറഞ്ഞു.

"The competent authority may either grant recognition forthwith .....recognition shall be granted only after the further conditions are fulfilled''.

എന്നതിൽ എയിഡഡു് സ്കൂളിനു ഇപ്പോൾ ഗ്യാരൻറി വേണ്ടാ എന്നു പറഞ്ഞിരിക്കുകയാണു്. ഇവിടെ റെക്ഗ്നൈസ്ഡു് സ്കൂൾ എന്നു പറഞ്ഞാൽ എയിഡഡ് സ്കൂൾ എന്നും അർത്ഥമാകും.

മി. സ്പീക്കർ: ഈ ഉപവകുപ്പു എയിഡഡു് സ്കൂളിനേയും ബാധിക്കും എന്നുള്ള പ്രതീക്ഷയിലാണു് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതു, അല്ലേ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതേ.

The amendment was put and lost.

Shri K. M. George: Sir, I move:

In Chapter V delete Rule 18.

ഈ വകുപ്പു് അനാവശ്യമായ കുഴപ്പങ്ങൾക്കു് വഴിതെളിക്കുന്നതാണു്. വിദ്യാലയങ്ങളുമായിട്ടു വിദ്യാഭ്യാസസംബന്ധമായ ഏതെങ്കിലും കാര്യത്തിൽ, അനാവശ്യമായ മാൽസര്യം ഉണ്ടായിട്ടുണ്ടെങ്കിലോ, അല്ലാത്തപക്ഷം കേരള എഡ്യൂക്കേഷൻ ആക്ടിലെ ഏതെങ്കിലും പ്രൊവിഷനോ, അല്ലെങ്കിൽ, ആ ആക്ടുപ്രകാരം ഉണ്ടായിട്ടുള്ള റൂളുകളിലെ ഏതെങ്കിലും വ്യവസ്ഥകളോ, അതുമല്ലെങ്കിൽ ആ റൂളുകളനുസരിച്ചു് ഗവണ്മെൻറോ ഡിപ്പാർട്ടുമെൻറോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ ഡെലിബറേറായി വയലേറ്റു ചെയ്തിട്ടുണ്ടെങ്കിലോ റെക്ഗ്നിഷൻ കൊടുക്കുന്നതല്ലെന്നാണു് ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നതു്. ഒന്നാമതു്, ഇപ്പറഞ്ഞ കാര്യങ്ങളും റെക്ഗ്നിഷൻ കൊടുക്കുന്ന കാര്യവുമായി ബന്ധപ്പെടുന്നതെങ്ങനെയെന്നു വ്യക്തമാകുന്നില്ല. ഒരു റെക്ഗ്നൈസ്ഡു് സ്കൂൾ പിന്നീടു് എയിഡഡു് സ്കൂളായി മാറാവുന്ന നിലയ്ക്കും ഭരണഘടനയനുസരിച്ചു് മൈനാറിറ്റി സ്കൂളുകൾ നടത്തുവാനവകാശമുള്ള നിലയ്ക്കും ഈ ആക്ടിനു വിധേയമായിട്ടോ അല്ലാതേയോ ഒരു എഡ്യൂക്കേഷൻ ഏജൻസിക്കോ, അല്ലെങ്കിൽ ഒരു വ്യക്തിക്കോ, അല്ലെങ്കിൽ ഏതാനും വ്യക്തികൾക്കോ, മൈനാറിറ്റി സ്കൂളുകൾ നടത്താനവകാശമുണ്ടു്. അങ്ങനെ വരുമ്പോൾ, മുമ്പു റെക്ഗ്നൈസ്ഡു് സ്കൂളുകളായിരുന്നവ പിന്നീടു് എയിഡഡു് സ്കൂളുകളായി മാറുമ്പോൾ, മുമ്പു നിങ്ങൾ എഡ്യൂക്കേഷൻ ആക്ടിനെ എതിർത്തിട്ടുണ്ടു്, അല്ലെങ്കിൽ ചട്ടത്തെ എതിർത്തിട്ടുണ്ടു്, അതുകൊണ്ടിപ്പോൾ റെക്ഗ്നിഷൻ തരികയില്ല എന്നു പകരം വീട്ടുവാനായി കരുതിക്കൂട്ടി എഴുതിച്ചേർത്ത ഒരു വകുപ്പാണിതെന്നു തോന്നാവുന്നതാണു്. അങ്ങനെ ഏതെങ്കിലും വിദ്യാഭ്യാസ ഏജൻസി വിദ്യാഭ്യാസ ആക്ടിനോ, ചട്ടങ്ങൾക്കോ വിധേയമായിട്ടോ അല്ലാതേയോ എന്തെങ്കിലും നടപടികളെടുത്തു, അല്ലെങ്കിൽ കോടതിയിൽപോയി എങ്കിൽ പിന്നീടു് ഈ ആക്ടിനു വിധേയമായി ആ വിദ്യാലയം വീണ്ടും ഇടരാൻ ആഗ്രഹിക്കുമ്പോൾ, അതിനു വിപരീതമായി പ്രയോഗിക്കുന്നതിനുവേണ്ടിയല്ലേ ഈ വകുപ്പെന്നു ഞാൻ ശങ്കിച്ചുപോകുന്നു. യുക്തിയിൽ നമ്മുടെ വിദ്യാഭ്യാസത്തിൻറെ വെയ്റ്റിലുപോർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

മായ വികാസത്തെ സഹായിക്കുന്ന ഒന്നല്ല ഈ റൂൾ. വിദ്യാഭ്യാസത്തിന്റെയോ, വിദ്യാഭ്യാസ ആക്ടിന്റെയോ പ്രവർത്തനത്തെയോ, വിദ്യാഭ്യാസ വികാസത്തെയോ, ഈ വകുപ്പ് ഒരുതരത്തിലും അഭിവൃദ്ധിപ്പെടുത്തുന്നതുമില്ല. അതുകൊണ്ട് ഈ റൂൾ ഡിലീറ്റ് ചെയ്യണമെന്നാണെനിക്ക് പറയാനുള്ളത്.

Shri Joseph Mundassery: Rule 18 may be changed like this:

"Recognition may be refused to a school if at any time prior to the application for recognition, it had been found guilty of improper competition with other institutions or deliberate violation of the provisions of the Kerala Education Act, the Rules made thereunder or any direction duly issued by the Government or the Department".

The amendment will be as follows:—

"In Chapter V, Rule 18, in the first line, for the words "No recognition shall be granted", the words "Recognition may be refused" shall be substituted.

The amendment was put and carried.

Shri K. C. Abraham: I move:

(1) "In Chapter V Rule 22 (a) delete (iii)

(2) In Chapter V Rule 22 (a) (iv) substitute "six months" in place of "three months".

(3) In Chapter V Rule 22 (a) delete (vii),

(4) In Chapter V Rule 22 (a) delete (viii),

(5) In Chapter V Rule 22 (a) delete (xi).

സർ, ഇവിടെ അംഗീകാരം പിൻവലിക്കുന്നതിനു പറഞ്ഞിട്ടുള്ള കാരണങ്ങളും മതിയായവയല്ല എന്നാണു എനിക്കു പറയുവാനുള്ളത്. സ്കൂളുകൾ ശരിയായ 'സ്റ്റാൻഡേർഡ്' അഥവാ എഫിഷ്യൻസി' നോക്കുന്നില്ലെങ്കിലോ, അല്ലെങ്കിൽ 'ഡിസിപ്ലിൻ മെയിന്റയിൻ ചെയ്യുന്നില്ലെങ്കിലോ അംഗീകാരം പിൻവലിക്കാമെന്നു പറയുന്നു, അതു ശരിയല്ല. അതുകൊണ്ട് ആ വകുപ്പ് എടുത്തുകളയേണ്ടതാണ്.

22 (iv)-ൽ സ്കൂളിന്റെ അക്കൗണ്ട്സ് 3 മാസത്തിനകം സമർപ്പിക്കണമെന്നു പറയുന്നുണ്ട്. അതു ആറു മാസമെന്നാക്കിയാൽ കുറേക്കൂടി സൗകര്യമായിരിക്കും.

അടുത്തതു്, സ്മാൾപാക്സിൽനിന്നു അൺപ്രൊട്ടക്റ്റഡ് അയിട്ടുള്ള കുട്ടികൾ ഉള്ളപക്ഷം സ്കൂളിന്റെ അംഗീകാരം പിൻവലിക്കും എന്നുള്ളതാണ്. അതും ശരിയല്ല. അതിനെപ്പറ്റി കൂടുതലായി ഒന്നും ഞാൻ പറയുന്നില്ല.

മറ്റൊരു ഭേദഗതി 11-ാം ഉപവകുപ്പ് പിൻവലിക്കണമെന്നുള്ളതാണ്. 'if it appears to the Director for any other reason to be injurious to the interest of education'. എന്ന ഉപവകുപ്പ് വളരെ അവ്യക്തമാണ്. 'വളരെവളരെ' അവ്യക്തമായ എന്തെങ്കിലും കാരണം പറഞ്ഞു് ഡയറക്ടർക്കു് സ്കൂളിന്റെ അംഗീകാരം പിൻവലിക്കാം. അതും അപകടകരമാണ്. അതുകൊണ്ട് ആ വകുപ്പും പിൻവലിക്കണം.

Shri P. T. Chacko: I move:

(1) In Chapter V Rule 22 (a) (ii) the words "and departmental rules and directions" be deleted.

(2) In Chapter V Rule 22 (a) (iii), be deleted.

(3) In Chapter V Rule 22 (a) (vii), (viii), (ix), (x) and (xi) be deleted,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ഡിപ്പാർട്ടുമെൻറൽ റൂൾസും ഡയറക്ഷൻസും എന്നു പറഞ്ഞിട്ടുള്ളതു് എടുത്തുകളയണം. റൂൾസു് ഏതെങ്കിലും ലംഘിക്കുകയാണെങ്കിൽ അംഗീകാരം പിൻവലിക്കാമെന്നുള്ളതു സമ്മതിച്ചിട്ടുണ്ടു്. ഇങ്ങനെ അല്ലാതെ ആക്ടിൽ നിന്നു് ഉപരിയായി ഡിപ്പാർട്ടുമെൻറിൽനിന്നു റൂൾ ഉണ്ടാക്കിയെന്നും റൂൾ എഴുതിവച്ചു എന്നും വരാം. അതുകൊണ്ടാണു് ഡിപ്പാർട്ടുമെൻറൽ റൂൾസു് ആൻറു് ഡയറക്ഷൻസും എന്നുള്ള ഭാഗം എടുത്തുകളയണം എന്നു പറയുന്നതു്.

ഒരു സ്കൂളിനു് പ്രോപ്പർ സ്റ്റാൻഡേർഡു് ഉണ്ടോ എഫിഷ്യൻസി ഉണ്ടോ എന്നു നിശ്ചയിക്കുവാൻ വിഷമമാണു്. റൂൾ അനുസരിച്ചുള്ള സ്റ്റാൻഡേർഡോ എഫിഷ്യൻസിയോ ഇല്ലെങ്കിൽ അതു് ആക്ടിനു വിരുദ്ധമായിവരും.

പിന്നെ സബ് റൂൾ 7-ൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണു്. "if there be pupils in the school unprotected from small-pox"

ഒരു സ്കൂളിൻറെ അംഗീകാരം പിൻവലിക്കുവാൻ വിദ്യാഭ്യാസമന്ത്രി കണ്ടുപിടിച്ച ഒരു കാര്യമായിരിക്കാം ഇതു്. ഒരു കുട്ടിയ്ക്കു കുത്തിവയ്പു നടത്തുവാൻ സാധിച്ചില്ലാ എന്നുണ്ടെങ്കിൽ ആ സ്കൂളിൻറെ റിക്കഗ്നിഷൻ പിൻവലിക്കുമെന്നാണു പറയുന്നതു്.

എട്ടാമത്തെ സബ് റൂളിൽ പറഞ്ഞിരിക്കുന്നതു "if the salary of any teacher in the school is not being paid to him in accordance with the terms" എന്നാണു്. റിക്കഗ്നൈസ്ഡ് സ്കൂളുകളെ സംബന്ധിച്ചു് ഇങ്ങനെ ഒരു വ്യവസ്ഥ വയ്ക്കേണ്ട ആവശ്യമില്ല. ഗവണ്മെൻറു് ഒരു മാസം താമസിച്ചു ശമ്പളം കൊടുത്തു, അല്ലെങ്കിൽ ഒരുമാസം ശമ്പളം കൊടുത്തില്ലാ എന്നുവരാം. നാലഞ്ചുമാസമായിട്ടും ശമ്പളം കിട്ടാത്ത വളരെയാളുകളുണ്ടു്. മൺമറഞ്ഞുപോയ അദ്ധ്യാപകന്മാരുടെ നേരെ ഭക്തിയും ആദരവും വിദ്യാഭ്യാസമന്ത്രി പലപ്പോഴും പ്രകടിപ്പിച്ചിട്ടുണ്ടു്. എന്നാൽ മൺമറഞ്ഞുപോകാത്ത അദ്ധ്യാപകന്മാർ ധാരാളമുണ്ടു്. അവരുടെ നേരെയുള്ള ഭക്തിക്കും ആദരവിനും വേണ്ടി ഈ സബ് റൂൾ എടുത്തുകളയേണ്ടതാണു്.

ഒൻപതാമത്തെ സബ് റൂളിൽ "if the school is in a locality where the system of basic education is introduced and the management refused to convert it into a Basic School" ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്. ഇതും ആവശ്യമില്ലാത്തതാണു്. റിക്കഗ്നൈസ്ഡ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഉപയോഗിച്ചിട്ടുള്ള വാക്കുകളനുസരിച്ചു മൈനോറിറ്റി സ്കൂളുകളും ബേസിക് സ്കൂളുകളായിട്ടു നടത്തുവാൻ സാധ്യമല്ലെന്നു പറഞ്ഞാൽ റിക്കഗ്നിഷൻ കൊടുക്കാതിരിക്കാൻ നിവൃത്തിയില്ല. Schools of thier own choice എന്നാണു് മൈനോറിറ്റീസ് സ്കൂളിനെ സംബന്ധിച്ചു ഭരണഘടനയിൽ പറഞ്ഞിരിക്കുന്നതു്.

"if the management fails without adequate cause to depute the teachers for training as may be required by the department"

ഇന്നത്തെ അക്കറും റൂൾസും അനുസരിച്ചു് മാനേജുമെൻറിനു മുമതലയാതൊന്നുമില്ല. ലിസ്റ്റിൽനിന്നു അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനുള്ള മുമതല മാത്രമേ മാനേജുമെൻറിനുള്ളൂ. ബാക്കിയുള്ള മുമതലകളെല്ലാം ഹെഡ്മാസ്റ്റർക്കാണു് വച്ചിട്ടുള്ളതു്. അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങളിൽ മാനേജുമെൻറിനു യാതൊരു അധികാരവും ഇല്ല. അദ്ധ്യാപകന്മാരെ നിയമിച്ചുകഴിഞ്ഞാൽ അവരുടെ സർവ്വീസുമുക്കു് ഒന്നു കാണാമെന്നല്ലാതെ മറ്റൊരു അധികാരവും മാനേജർക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ 11-ാം സബ് റൂളിൽ പറഞ്ഞിരിക്കുന്നതു്, " if it appears to the Director for any other reason to be injurious to the interest of education" എന്നാണു്. വിദ്യാഭ്യാസ വിചക്ഷണന്മാരാണല്ലോ ഡയറക്ടറായിരിക്കുന്നതു്. ആ ഡയറക്ടർ " injurious to the interest of education' എന്നു തോന്നുകയാണെങ്കിൽ ഒരു സ്കൂളിന്റെ റിക്കഗ്നിഷൻ പിൻവലിക്കാമെന്നാണു പറയുന്നതു്. ഇതുപോലെയുള്ള പല വേലകളും യൂണിവേഴ്സിറ്റിയിൽപോലും ഉണ്ടായിട്ടുണ്ടു്. യൂണിവേഴ്സിറ്റിയിൽ ഇതുപോലെ ചെയ്യുന്ന കാര്യങ്ങളും ഭരണഘടനാവിരുദ്ധമല്ലെന്നു പറയുവാനുള്ള പ്രലോഭനം ഉദ്യോഗസ്ഥന്മാരിൽ ചെലുത്തുന്നുണ്ടു്. മന്ത്രി ഫോൺവഴി പറഞ്ഞിട്ടല്ലാ ആ പ്രലോഭനം കൊടുക്കുന്നതു്. വായുവിൽക്കൂടി ഉദ്യോഗസ്ഥന്മാർക്കു് അങ്ങു ചെല്ലുകയാണു്. അങ്ങനെ ഉദ്യോഗസ്ഥന്മാരുടെ അടുത്തു പോയാൽ injurious to the interest of education എന്നു എഡ്യൂക്കേഷൻ ഡയറക്ടർക്കു തോന്നും. അതുകൊണ്ടു് ഈ വകുപ്പും എടുത്തുകളയേണ്ടതാവശ്യമാണു്.

Shri T. C. Narayanan Nambiar: I move:

In Chapter V Rule 22(a)(v) substitute "cancelled permanently" by the following in last line "has been suspended or cancelled".

Shri Joseph Mundasseri: I accept the amendment to substitute 'six months' for 'three months' in Rule 2(a)(iv). Shri T. C. Narayanan Nambiar's amendment is also acceptable. As regards deletion of (vii) I would say that these rules have been in force even now. All the same, I am prepared to delete them. I cannot agree to delete (viii).

The Leader of the Opposition is found to be suspicious about the operation of the sub-rule (ii). If he is satisfied with the addition 'in conformity with the Act and Rules made thereunder', I am prepared to accept that. Sub-rule (xi) may be deleted.

The amendment of Shri P. T. Chacko to sub-rule (iii) was put and lost.

The amendment of Shri K. C. Abraham to sub-rule (viii) was put and lost.

The following modification of the amendment by Shri P. T. Chacko was put and carried :—

In Chapter V, rule 22(a)(ii) the words "issued in conformity with the provisions of the Act and the rules issued thereunder" shall be added at the end.

The amendment moved by Shri K. C. Abraham, viz.—

In Chapter V, rule 22(a)(iv) in line 2, for the words "three months" the words "six months" shall be substituted.

was put and carried.

The amendment moved by Shri T. C. Narayanan Nambiar, viz:—

LIBRARY ARCHIVES Kerala Legislative Assembly

In Chapter V, rule 22(a) (v) in line 3, for the words "cancelled permanently" the words "suspended or cancelled" shall be substituted.

was put and carried.

The following modification of amendment of Shri P. T. Chacko was put and carried :—

In Chapter V, rule 22(a) clauses (vii), (ix) and (xi) shall be deleted.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഒരു അമെൻറുമെൻറ് റൂൾ 22-നു് ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : എത്രയോ ദിവസം ഇവിടെ ഭേദഗതി അയയ്ക്കുന്നതിനു് ഉണ്ടായിരുന്നതാണു്. ധാരാളം ഭേദഗതികളും ഇതിനകം വന്നിട്ടുണ്ടു്. ഇനി ഈ സഭയിലുള്ള അംഗങ്ങൾക്കു് ഭേദഗതി കൊണ്ടുവരുന്നതു് സമ്മതമാണെങ്കിൽ അവതരിപ്പിക്കാം.

Shri M. Narayana Kurup : Before knowing the contents of the amendment how can the House give its consent?

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : വളരെക്കാര്യമായിട്ടുള്ള ഒരു ഭേദഗതിയാണു്. അതു് അങ്ങു് അനുവദിക്കാമെങ്കിൽ അവതരിപ്പിക്കാം.

മി. സ്പീക്കർ : അത്ര വലിയ പ്രാധാന്യമുള്ളതാണോ ?

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : കേൾക്കുമ്പോൾ അങ്ങേയ്ക്കറിയാം, അത്ര പ്രധാനമാണോ എന്നു്.

Mr. Speaker : I do not consent.

Shri Alexander Parambithara : I move :

"In Chapter V, Clause 23 delete 'private' between 'a' and 'school'."

കാര്യക്ഷമതയില്ലാതെയോ മിസ്മാനേജു് ചെയ്യപ്പെടുന്ന ഉള്ള പ്രൈവറ്റ് സ്കൂളുകളുടെ അംഗീകാരം പിൻവലിക്കുമെന്നും മറ്റുമാണു് ഈ റൂളിൽ പറയുന്നതു്. ഇതു് പ്രൈവറ്റ് സ്കൂളുകൾക്കുമാത്രമേ ബാധകമായിരിക്കയുള്ളു എന്നു പറയുന്നതു് വളരെ സങ്കടകരമാണു്. പ്രൈവറ്റ് സ്കൂളുകൾപോലെതന്നെ ഗവണ്മെൻറ് സ്കൂളുകളും ശരിയായും, കാര്യക്ഷമമായും നടക്കാതെയും, മിസ്മാനേജ്മെൻറായിട്ടും ഉണ്ടായി എന്നുവരാം. അങ്ങനെയുള്ള സർക്കാർസ്കൂളുകളുണ്ടു്. ഉദാഹരണമായി രണ്ടു മൂന്നു കൊല്ലം തുടർച്ചയായി പബ്ലിക്കു് എക്സാമിനേഷനു് പാസ്സായവരുടെ എണ്ണം പൂജ്യമായിട്ടുള്ള വിദ്യാലയങ്ങളുണ്ടു്. കൂടാതെ, ഇവിടത്തെ വിദ്യാലയങ്ങൾ അദ്ധ്യാപകന്മാർക്കു പിഴപ്പിനുവേണ്ടിമാത്രമാണു് നടത്തുന്നതെന്നു് എഡ്യൂക്കേഷനൽ ആഫീസർമാർ അവരുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ തുടർച്ചയായി എഴുതിവച്ചിട്ടുള്ള സ്കൂളുകളുണ്ടു്. അങ്ങനെയുള്ള സ്കൂളുകൾ, സർക്കാർ സ്കൂളുകളാണെങ്കിൽത്തന്നെയും അവയുടെ സാംഗ്ഷൻക്രെടി പിൻവലിക്കേണ്ടതാണു്. അതുകൊണ്ടു് ഇവിടത്തെ സ്കൂളുകൾ സർക്കാരാണോ, പ്രൈവറ്റാണോ, എന്നു നോക്കാതെ കാര്യക്ഷമമായി പ്രവർത്തിക്കാത്ത എല്ലാ സ്കൂളുകളിലും, ഏതു സ്കൂൾ ആണെങ്കിലും അവയുടെ റെക്കഗ്നിഷനും, സാംഗ്ഷനും എടുത്തു കളയേണ്ടതാണു്. സർക്കാർ സ്കൂളുകൾ ശരിക്കു് ഫംഗ്ഷൻ ചെയ്യാത്ത സ്ഥലത്തു് ചിലപ്പോൾ പ്രൈവറ്റ് സ്കൂളുകൾ ഫംഗ്ഷൻ ചെയ്യുവെന്നും വരാം. അതുകൊണ്ടു് അങ്ങനെ വേണ്ടതരത്തിൽ ആലോചിച്ചു് വേണ്ട ബുദ്ധിപൂർവ്വമായ തീരുമാനമെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Sir, I move also :

"In Chapter V, Clause 23 delete 'the recognition and the sanction accorded for the opening of the school may be withdrawn' and add 'shall be' between 'the school' and 'closed down'."

Shri K. T. Thomas : I move :

"In Chapter V, Rule 23 delete the words 'is not functioning as an efficient unit in the educational system of the State, or'."

22-ാം റൂളിൽ പല കാര്യങ്ങളും പറഞ്ഞിരിക്കുന്നു; ഉദാഹരണമായി 22 (iii)-ൽ

"If it fails to maintain a proper standard of efficiency and discipline." എന്നു പറഞ്ഞിരിക്കുന്നു. അവയെല്ലാം പുറമെ ഈ റൂളിൽ ഇങ്ങനെ ഒരു വകുപ്പു വേണ്ട.

Shri P. T. Chacko: Sir, I may be allowed to oppose these Rules and afterwards I will move for the deletion of other rules. Really, I want to move that Rule 23 be deleted. I want only to say one sentence.

ഞാൻ അതു് വിത്ഡ്രാ ചെയ്യുന്നതിനെ ഒപ്പോസ് ചെയ്യുകയാണു്. റൂൾ 23 ഡിലീറ്റ് ചെയ്യണം.

Mr. Speaker : Amendment for deletion may be moved last.

Shri M. Narayana Kurup : Sir, I move :

"In Chapter V, Rule 23, add the following at the end "after reasonable notice".

ശിക്ഷകൊടുക്കുന്നതിനു മുമ്പെ ഒരവസരം കൊടുക്കണം. ഇതു് മറ്റു വകുപ്പുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു തത്വമാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഞാൻ അതു് അംഗീകരിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ : സർ, 23-ാം റൂൾ ഇവിടെ ആവശ്യമില്ല എന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണു്. ഇതിൽ പറയുന്ന എല്ലാ കാര്യങ്ങളും ചാപ്ടർ മൂന്നിൽ ഏഴാം റൂളിൽ പറയുന്നുണ്ടു്. റെക്കഗ്നിഷൻ പിൻവലിക്കുന്ന കാര്യം അതിൽ പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ ചാപ്ടർ 5 റൂൾ 23-ൽ വീണ്ടും അതു് എടുത്തുപറയുകയാണു്. അതു രണ്ടും കൂടി ഒരുമിച്ചു വായിച്ചു നോക്കിയാൽ അറിയാം. അതുപോലെ ഗ്രാന്റിന്റെ കാര്യവും. അതെല്ലാം റിഡ്രാഫ്റ്റ് ചെയ്തതു് ഏഴാം ക്ലാസിലുണ്ടു്. വീണ്ടും ഇവിടെ എടുത്തു പറയുന്നതിന്റെ ആവശ്യമില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, ഏഴാമത്തെ റൂളും 23-ാം മത്തെ റൂളും രണ്ടും രണ്ടാണു്. ഇതു് ഡിലീറ്റ് ചെയ്യണമെന്നുള്ളതിനെ എതിർത്തുകൊണ്ടാണു് ഞാൻ സംസാരിക്കുന്നതു്. ഏഴാമത്തെ റൂളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾതന്നെയാണു് 23-ാമത്തെ റൂളിൽ പറഞ്ഞിരിക്കുന്നതു് എന്നും, അതു് ഏഴാമത്തെ റൂളുകൊണ്ടുതന്നെ പ്രവർത്തിക്കുവാൻ സാധിക്കുമെന്നും, ഇതു രണ്ടിന്റെയും ആവശ്യമെന്താണെന്നും ചോദിച്ചതു്, അതു് രണ്ടും ശരിയായി വായിച്ചു് മനസ്സിലാക്കാതെയാണു് പറഞ്ഞിട്ടുള്ളതു് എന്നുള്ളതു് വളരെ ഖേദകരമാണു്. ഇന്നു പറയുന്നതു്,

"In the event of mismanagement, gross negligence, etc."

അതൊരു പ്രത്യേക വ്യക്തിദോഷം ചെയ്യുകയാണെങ്കിൽ, നിയമപ്രകാരം കാര്യങ്ങൾ ചെയ്യുന്നില്ലെങ്കിൽ ഇതിൽ നിർദ്ദേശിച്ചമാതിരി അയാളെ അനർഹമായി പ്രഖ്യാപിക്കാമെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വിദ്യാലയങ്ങളെ സംബന്ധിച്ചാണു്. അവ ഇതിൽ നിർദ്ദേശിക്കുന്ന മാതിരിയിൽ പ്രവത്തിച്ചില്ലെങ്കിൽ ആ വിദ്യാലയങ്ങൾ അനർഹമായി തീരുകയാണു്. ഗവണ്മെൻറിന്റെ പണം അതിനുവേണ്ടി ചെലവഴിക്കുന്നതു് ഒരു പാഴ്ചെലവായി തീരാതെയിരിക്കുന്നതിനുവേണ്ടിയാണു്. അപ്പോൾ ഏഴാമത്തെ റൂളുകൊണ്ടു് 23-ന്റെ ഫലം ചെയ്യുമെന്നു പറയുന്നതു് തീരെ ബന്ധമില്ലാത്തതാണു്. അതുകൊണ്ടു് അസംബന്ധവുമാണു്.

ശ്രീ. പി. ടി. ചാക്കോ : റൂൾ ഏഴു് ഒന്നു വായിച്ചുനോക്കണം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : വായിച്ചുനോക്കിയിരിക്കുന്നു.

Shri Joseph Mundassery : I have nothing more to add to what Mr. Nambiar said. I accept Mr. Kurup's amendment.

The amendment moved by Shri M. Narayana Kurup, viz.—

In Chapter V, rule 23, add at the end the words "after reasonable notice" was put and carried.

The amendments moved by Shri Alexander Parambithara were put and lost.

The amendment moved by Shri K. T. Thomas was put and lost.

Mr. Speaker : The Minister had offered to redraft rule (19) of Chapter IV. Here is rule 19 as redrafted :—

Opening of Co-operative Societies in Schools :—

"Co-operative Societies may be established in all Schools where books, stationery and other materials required by students are made available to them at cost price and where a school does not have a co-operative society of its own, such school or any student thereof may join as member of a co-operative society of any other School".

The amendment was put and carried.

Mr. Speaker : Tomorrow also we will deal with Education Rules and finish them.

The house will now adjourn to meet again at 8 a. m. tomorrow.

The Assembly adjourned at 1 p. m. to meet again at 8 a. m. on Wednesday the 13th May 1959.

LIBRARY ARCHIVES Kerala Legislative Assembly